"പൊതുവായിട്ടുള്ളതല്ലാത്ത കാര്യങ്ങൾ പരസ്യമായി ചെയ്യപ്പെടേണ്ടതല്ല; എന്തുകൊണ്ടെന്നാൽ ഒരു വ്യക്തിക്കു പ്രത്യേകമായ കാര്യങ്ങൾ രഹസ്യമായി ചെയ്യപ്പെടുന്നതു കൂടുതൽ ഉചിതമാണ്. പക്ഷെ പൊതുവായ അനുഷ്ഠാനങ്ങളിൽ ഉദാസീനമായിരിക്കുകയും നിനക്കു പ്രത്യേകമായിട്ടുള്ളവയിൽ കൂടുതൽ ഉത്സാഹം പ്രദർശിപ്പിക്കുകയും ചെയ്യാതിരിക്കുന്നതിനു നീ സൂക്ഷിക്കുക."
—ക്രിസ്ത്വനുകരണം

# സത്യദീപം

"ആകയാൽ നിങ്ങൾ ശ്രദ്ധയോടുകൂടി എങ്ങിനെ നടക്കണമെന്നു നോക്കുവിൻ; ഭോഷന്മാരെപ്പോലെയല്ല, തങ്ങളുടെ ദുഷ്കാലം വീണ്ടെടുക്കുന്ന ജ്ഞാനികളെപ്പോലെയത്രെ. എന്തെന്നാൽ ദിവസങ്ങൾ ചീത്തയാകുന്നു. ഇതിനാൽ നിങ്ങൾ ബുദ്ധിഹീനരാകാതെ ദൈവത്തിന്റെ ഇഷ്ടം എന്താകുന്നു എന്നു ഗ്രഹിക്കുവിൻ. ദുരാഗ്രഹം കലർന്നിരിക്കുന്ന ദ്രാക്ഷാരസംകൊണ്ടു നിങ്ങൾ ഉന്മത്തരാകരുത്. മറിച്ച് ആത്മാവുകൊണ്ടു നിങ്ങൾ നിറയുവിൻ" —അപ്പ: V: 15-18

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No M 2293 | 1957 ഒക്ടോബർ 23—ബുധനാഴ്ച | Vol. 31, No. 11

# കേരള കേന്ദ്ര കത്തോലിക്കാ ലൈബ്രറി

(ആന്റണി പരിമണത്ത്, വാഷിംഗ്ടൺ)

പലപ്പോഴും നാം നമ്മുടെ കഴിവുകളെ വേണ്ടത്ര ഉപയോഗപ്പെടുത്താറില്ല. കേരളകത്തോലിക്കർ, കത്തോലിക്കാ തിരുസഭയുടെ ചരിത്രത്തിലുള്ള സ്ഥാനം എന്തെന്നു നാം പലപ്പോഴും മനസ്സിലാക്കുന്നുമില്ല. പണ്ഡിതരേയും, ഗവേഷകരേയും പുറപ്പെടുവിക്കുന്നതിൽ ഒരു നല്ല ലൈബ്രറിക്കുള്ള സീമാതീതമായ കഴിവുകളെപ്പററി നാം ചിന്തിക്കുന്നോ എന്നുപോലും സംശയമായിത്തീർന്നിരിക്കുന്നു.

ആരോ ഒരു വിശുദ്ധൻ അദ്ദേഹത്തിന്റെ ഒരു മുറിയിൽ കുറെ അധികം ഗ്രന്ഥങ്ങൾ ശേഖരിച്ചുവച്ചിട്ട് അതിന്റെമേൽ "ആത്മാവിനുള്ള വിഷം" എന്നെഴുതിവച്ചിരുന്നതായി എവിടെയോ വായിച്ചിട്ടുണ്ട്. ഇത്തരം വിഷജീവികൾ ഇന്നു ധാരാളമായി പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. അവയെ തടയേണ്ട ആവശ്യം മററാരേയുംകാൾ കൂടുതലായി കത്തോലിക്കർക്കാണുള്ളത്. മനസ്സിന്റെ വിശപ്പു തടയാൻ ആവശ്യമായ നല്ല ഗ്രന്ഥങ്ങൾ ഇല്ലെന്നുവന്നാൽ, അവ ലഭിക്കുവാൻ പററിയ കേന്ദ്രങ്ങൾ ഇല്ലെന്നുവന്നാൽ, ആ വിശപ്പടക്കുവാൻ കൈയിൽ കിട്ടുന്ന നല്ലതും ചീത്തയുമായ ഗ്രന്ഥങ്ങളെ കാര്യമായ വിവേചനാശക്തിയില്ലാതെ വളരുന്ന തലമുറ വായിച്ചെന്നു വന്നേക്കാം. ആത്മാവിനെ വിഷംതീണ്ടുന്ന ഈ ദാരുണസംഭവത്തെ സർവ്വാത്മനാ നാം തടയേണ്ടതുണ്ട്.

കേരളകത്തോലിക്കരുടെ എല്ലാ കഴിവുകളും പ്രയോഗിച്ച്, കേരളത്തിലെ കത്തോലിക്കർക്കാകമാനം ഉപകാരപ്രദമായതും, ഇൻഡ്യയിലെ ഏററം അധികം മതചരിത്രരേഖകളും ഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നതുമായ, ഒരു ലൈബ്രറിക്കു രൂപം നൽകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കേരളത്തിലെ മെത്രാപ്പോലീത്താമാരുടേയും, മെത്രാന്മാരുടേയും നേതൃത്വത്തിൽ, അൽമായരെ പ്രോത്സാഹിപ്പിച്ച് വൈദികരുടെ സഹായത്തോടെ, അടുത്ത തലമുറയ്ക്കെങ്കിലും ഉപകാരപ്രദമാകത്തക്ക ഒരു നല്ല ലൈബ്രറി, ഏററവും അധുനാതന ഉപകരണങ്ങളോടെ, ഒരു നല്ല കത്തോലിക്കാ കേന്ദ്രത്തിൽ സ്ഥാപിക്കുവാൻ നാം പരിശ്രമിക്കുന്ന കാര്യത്തിൽ ഇനിയും വൈകുന്നതു ശരിയായിരിക്കയില്ല.

ഏതുവിധത്തിൽ ഈ ലൈബ്രറിക്കു രൂപം കൊടുക്കണം, അതിൽ എന്തെല്ലാം ഉണ്ടായിരിക്കണം, അതിൽനിന്നെന്തെല്ലാം പ്രയോജനങ്ങൾ അനുഭവപ്പെടും, ഈ വക കാര്യങ്ങളെ സംബന്ധിച്ചു ഒരു വിശദീകരണം ഈ ലേഖനം വഴി നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശ്രമിച്ചാൽ അതിൽ വിജയിക്കുകയുമില്ല. ഒരു പ്രസ്ഥാനത്തിന്റെ വളർച്ചയിൽമാത്രമേ, ആവക കാര്യങ്ങൾക്കു ആവശ്യമായ രൂപം നൽകുന്നതിനും പ്രായോഗികവശങ്ങളെ സംബന്ധിച്ചു വസ്തുനിഷ്ഠമായ ചർച്ചകൾ ചെയ്യുന്നതിനും കഴിയൂ. എന്നാൽ അവ ഉൾക്കൊള്ളുന്ന ആശയങ്ങളുടെ വളരെ സംക്ഷിപ്തമായ ഒരു രൂപം പ്രാരംഭത്തിലേ മനസ്സിൽ ഉണ്ടായിരിക്കുക ഉപകാരപ്രദമായിരിക്കും.

കേരളത്തിലെ ചെറുതും വലുതുമായ എല്ലാ രൂപതകളുടേയും മേൽനോട്ടത്തിൽ, എല്ലാ രൂപതകളുടേയും സഹായസഹകരണത്തിൽ, സംയുക്തമായി പ്രവർത്തനം നടത്തുന്ന ഒരു പ്രസ്ഥാനമായിരിക്കണം ഈ ലൈബ്രറി. കേരളത്തിൽ അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുന്ന വിജ്ഞാനഭണ്ഡാഗാരങ്ങൾ ഒന്നിച്ചു ശേഖരിച്ച്, ആയതു ആവശ്യമുള്ളവർക്ക് ഉപയോഗത്തിനെത്തിച്ചുകൊടുക്കുന്നതു നിമിത്തം നമ്മുടെ സംസ്കാരസമ്പത്തും അവയുടെ വിലയും ഏററം അധികം വർദ്ധിക്കുമെന്നതിൽ, ആർക്കെങ്കിലും സംശയം പ്രകടിപ്പിക്കുവാൻ കഴിയുമോ?

നാം ഇന്നു നോക്കുന്നതായാൽ കേരളത്തിന്റെ എല്ലാ രൂപതകളിലും, അനേകം ചെറിയ വായനശാലകൾ നിലനില്ക്കുന്നതായി നമുക്കു കാണുവാൻ കഴിയും. ഓരോ മെത്രാസനാരമനകളിലും കേരളസഭാചരിത്രത്തിന്റെ അമൂല്യരേഖകളും സൂക്ഷിക്കപ്പെട്ടിട്ടുണ്ടാവാം. ഇവയെല്ലാം ചിന്നിച്ചിതറിക്കിടക്കുന്നതുമൂലം, അവയുടെ നിലനില്പിനെപ്പററിയോ, ഉള്ളടക്കത്തെപ്പററിയോ അവയുടെ പ്രാധാന്യത്തെപ്പററിയോ അറിയുന്നതിനുപോലും പലർക്കും കഴിയുന്നില്ല. സാഹചര്യങ്ങളുടെ ആനുകൂല്യം പലരേയും മഹാന്മാരാക്കിത്തീർത്തിട്ടുണ്ട്. ഒരു ലൈബ്രറി ഈ ലക്ഷ്യത്തിൽ ചെയ്യുന്ന സേവനം ചില്ലറയായിരിക്കയില്ല.

കേരളകത്തോലിക്കരുടെ ഒരു കേന്ദ്രലൈബ്രറി ഈ ന്യൂനതകൾ പരിഹരിക്കുന്നതിനു പര്യാപ്തമായേക്കാം.

കഴിയുന്നത്രയും വിലപ്പിടിപ്പുള്ളതും ചരിത്രപ്രാധാന്യം അർഹിക്കുന്നതുമായ ഗ്രന്ഥങ്ങളും രേഖകളും കേന്ദ്രലൈബ്രറിയിൽ സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക. കൈവിടാൻ കഴിയാത്ത ഗ്രന്ഥങ്ങൾ ഒരു ലോൺ (Loan) ആയി കേന്ദ്രലൈബ്രറിക്കു നൽകുക. ഇതിനും പുറമേ എല്ലാ രൂപതകളുടേയും, ഇടവക ലൈബ്രറികളുടേയുംസഹായത്തോടെ ഓരോ സ്ഥലത്തും സൂക്ഷിക്കപ്പെട്ടിരിക്കുന്ന പുസ്തകങ്ങളുടെ ഒരുപട്ടിക, അവ സൂക്ഷിക്കപ്പെട്ടിരിക്കുന്ന സ്ഥലവിവരണത്തോടെ കാർഡുരൂപത്തിൽ, കേന്ദ്രലൈബ്രറിക്കു അയച്ചുകൊടുത്തു അവിടെ സൂക്ഷിക്കുക. ഇതുവഴി കേരളകത്തോലിക്കാ ലൈബ്രറികളിൽ ആകമാനമുള്ള ഗ്രന്ഥങ്ങളുടെ ഒരു പട്ടിക ശേഖരിക്കുന്നതിനു കഴിയുന്നു ആവശ്യമുള്ളവർക്കു ഈ പുസ്തകങ്ങൾ എവിടെയാണെന്നു അറിയുന്നതിനു ഏറെ സഹായകമായിരിക്കും. ഇതിനും പുറമെ കേന്ദ്രലൈബ്രറിക്കു അതിനോടു ബന്ധപ്പെട്ട ഇതരലൈബ്രറികൾക്കു ആവശ്യമായ പുസ്തകം മുടങ്ങിയതോതിൽ എങ്കിലും കടമായി കൊടുക്കുന്നതിനു കഴിയും. ഇതുവഴി ഒരു ചെറിയ ഇടവകയിലെ വാസനാസമ്പന്നനായ ഒരു യുവാവിനു ആവശ്യമായ പുസ്തകം അവിടത്തെ ചെറിയ ലൈബ്രറിവഴിയോ, ഇടവകവികാരിവഴിയോ, കേന്ദ്രലൈബ്രറിയിൽനിന്നും കടംവാങ്ങാനും കഴിയും.

ഈ പ്രസ്ഥാനം കേരളത്തിനു തന്നെ അനേകം നല്ല കാര്യങ്ങൾ സംഭാവനചെയ്യും. കേരളകത്തോലിക്കരുടെ സേവനചരിത്രങ്ങൾ, സാഹിത്യസൃഷ്ടികൾ, അവർ കേരളത്തിനു നൽകിയിട്ടുള്ള അനേകം സംഭാവനകൾ ഇവ അവയുടെ പൂർണ്ണരൂപത്തിൽ, ഗവേഷണാദിസ്ഥാനത്തിൽ കേരളത്തിനു സംഭാവനചെയ്യുവാൻ കഴിയും. പ്രസിദ്ധീകൃതമാവുന്ന അനവധി ഗ്രന്ഥങ്ങളെ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഈ പ്രസ്ഥാനത്തിനു കഴിവുണ്ടാകും. ഇത്തരം അത്യന്താപേക്ഷിതമായ അനവധികാര്യങ്ങൾ ഏററം നന്നായി ചെയ്യുവാൻ ഉപകരിക്കുന്ന ഒരു നല്ല സ്ഥാപനമായിരിക്കും കേരളകേന്ദ്രകത്തോലിക്കാ ലൈബ്രറി.

ഈ ലേഖനംവഴി, അനേകം നാളുകളായി ഞാൻ ചിന്തിക്കാറുള്ള ഒരാശയത്തിനു പ്രകാശം നൽകുക എന്നതിൽക്കവിഞ്ഞ്, പ്രശസ്തവും, പണ്ഡിതോചിതവുമായ ഒരു ലേഖനത്തിന്റെ സഹായത്തോടെ ആരേയും ആകർഷിക്കുവാനും പ്രേരിപ്പിക്കുവാനും ഉപകരിക്കയില്ല എന്ന ഒരു പോരായ്മ ഈ ലേഖനത്തിനു കണ്ടേക്കാം. ആ ഉദ്ദേശം ഈ ലേഖനത്തിന്റെ പിന്നിൽ ഇല്ലതാനും. പക്ഷേ ഈ സ്ഥാപനാദർശത്തിൽ ഉള്ളടങ്ങിയിരിക്കുന്ന ആശയങ്ങൾതന്നെ അതിനുവേണ്ടി ശക്തിയായി വാദിക്കും എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അധികാരവും കഴിവുമുള്ള വ്യക്തികൾ ഈ പ്രസ്ഥാനത്തെ സംബന്ധിച്ചു കൂടുതലായി ചിന്തിക്കുന്നതിനും, പ്ലാനും പദ്ധതികളും രൂപീകരിക്കുന്നതിനുമായി ശ്രമിക്കുമെന്ന പ്രത്യാശയോടെ ഈ ലേഖനം ചുരുക്കുകയാണ്. കേരളത്തിലെ കത്തോലിക്കാ കലാലയങ്ങളും, അദ്ധ്യാപകരും ഈ ആശയത്തെ സഹർഷം സ്വാഗതംചെയ്തേക്കാം. ഒരു കത്തോലിക്കാ സർവ്വകലാശാല സാദ്ധ്യമല്ലെങ്കിൽപ്പോലും, ആ ആശയം ഉൾക്കൊള്ളുന്ന പലതും ഒരു കേന്ദ്രകത്തോലിക്കാ ലൈബ്രറിവഴി ഭാവിയിൽ സാധിതപ്രായമാക്കാൻ കഴിയും.

(ശേഷം 5-ാംപേജിൽ)



## ക്രിസ്തുരാജൻ, വിജയിപ്പൂതാക!

(രാജത്വതിരുനാൾ—ഒക്ടോബർ 27)

# സമരത്തിന് സന്നദ്ധരാകുക

(ജോസഫ് വല്ലാറാൻ, കട്ടാക്ക്)

"ഇരുപതാംനൂററാണ്ടു കണ്ടുപിടിത്തങ്ങളുടെ ഒരു കാലമാണെന്ന്" ഒരു മഹാൻ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഈ ലേഖനം എഴുതുവാൻ ആരംഭിക്കുമ്പോൾ എന്റെ ഓർമ്മയിൽ വരുന്നതു്. ലോകോത്തരന്മാരായ അനേകം മഹാന്മാരെ ഇരുത്തിച്ചിന്തിപ്പിച്ചിട്ടുള്ള പല പ്രശ്നങ്ങൾക്കും ഇന്നു പ്രതിവിധികൾ കണ്ടുകിട്ടിക്കഴിഞ്ഞു. ഫലമോ? നമ്മൾ എല്ലാവിധ സുഖസൗകര്യങ്ങളും അനുഭവിച്ചു ആനന്ദലഹരിയിൽ ആറാടുന്നു.

ഇന്നു നമുക്കു കമ്പിവാർത്തയുണ്ട്, കമ്പിയില്ലാക്കമ്പിസന്ദേശമുണ്ട്. അങ്ങനെ വാർത്താവിനിമയം മാത്രനിമിഷത്തിൽ സാധിക്കുന്നു. സിനിമയുണ്ട്, ടെലിവിഷനുണ്ട് കണ്ടാനന്ദിക്കുവാൻ. വിദൂരത്തിൽ നടക്കുന്ന സംഭവങ്ങൾ നമ്മുടെ ദൃഷ്ടിയിൽ ആ നിമിഷത്തിൽത്തന്നെ നടമാടുന്നു. വിമാനത്തിന്റെ ആഗമനത്തോടെ യാത്രാസൗകര്യം അത്യധികമായിത്തീർന്നിരിക്കുന്നു. അണുബോംബു കണ്ടുപിടിച്ചപ്പോൾ നാം ഒരുപക്ഷേ വിചാരിച്ചിരിക്കാം അതായിരുന്നു ഏററവും അവസാനത്തെ കണ്ടുപിടിത്തമെന്ന്. പക്ഷേ നാം അതിനേയും അതിലംഘിച്ചു് ഹൈഡ്രജൻബോമ്പുവരെ എത്തിയിരിക്കുന്നു. അങ്ങനെ മനുഷ്യൻ സാമൂഹികമായും സാംസ്കാരികമായും വളരെ അധികം പുരോഗമിച്ചിരിക്കുന്നു. ഈ അഭിവൃദ്ധി മനുഷ്യന്റെ വാസനയിലും രുചിയിലും പല മാററങ്ങൾ വരുത്തിയിട്ടുണ്ട്. അവൻ ഏതൊരു വസ്തുവിലും പുതുമയെ ആരായുന്നു; പഴയതിനോടു വെറുപ്പും പുതിയതിനോടു ആകർഷണവും അവനിൽ ഉളവാകുന്നു. ഇന്നത്തെ വ്യാപാരികളും സിനിമാക്കമ്പനികളും ഈ മനശ്ശാസ്ത്രം നന്നായി പഠിച്ചു്, പുതിയതും കാഴ്ചയ്ക്കു കൗതുകമുള്ളതും കേൾവിക്കു ഇമ്പമുള്ളതുമായ വസ്തുക്കളേയും ഫിലിമുകളേയും ഉല്പാദിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു.

ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ അന്ധകാരത്തിന്റെ രാജാവായ ദുഷ്ടാരൂപിപോലും ഒരു നവീനരൂപം സ്വീകരിക്കുന്നതിനു നിർബന്ധിതനായിത്തീർന്നിരിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. പണ്ടെല്ലാം പിശാചിന്റെ നൃത്തസമയം രാത്രിയും, രൂപം വികൃതവുമായിരുന്നു—കാക്കപോലെ കറുത്തും, രണ്ടു കൊമ്പുകളോടും ഒരു വാലോടുംകൂടി അവനെ ചിത്രീകരിച്ചിരുന്നു; അഥവാ അവൻ പ്രത്യക്ഷപ്പെട്ടിരുന്നു—ഇന്നാകട്ടെ ഏതു പട്ടാപ്പകലും എവിടേയും അവനു സ്ഥാനമുണ്ട്. അവൻ അവന്റെ രൂപവും വേഷവും മാററിക്കഴിഞ്ഞിരിക്കുന്നു. ഇന്നു അവന്റെ വിഹാരരംഗം സിനിമാശാലകളും പബ്ലിക്ക്റോഡുകളും സ്ഥാപനങ്ങളും കോളേജുകളുമായി മാറിയിരിക്കുന്നു. എന്തിനധികം, ഭരണയന്ത്രത്തിലും തന്ത്രത്തിലും അവന്റെ വിദഗ്ദ്ധമായ കൈയാണു പ്രവർത്തിക്കുന്നതു്. അവനും പരിഷ്കാരിയായി മാറി. പഴയ താടിമീശയെല്ലാം ഉപേക്ഷിച്ചു് പുതിയ മുറിമീശയും പീസവും സ്വീകരിച്ചു് പൗഡറും വാസനദ്രവ്യങ്ങളും പൂശി സൗന്ദര്യത്തിന്റെ അവതാരമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. ശത്രുവോ മിത്രമോ എന്ന വ്യത്യാസം കൂടാതെ അവൻ ആരുടെ ഇടയിലും എവിടേയും വിഹരിക്കുന്നു!

സഭാശത്രുക്കൾ സഭയെ പീഡിപ്പിക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന ഉപാധികളും ഇതിൽനിന്നും വ്യത്യസ്തമല്ല. നീറോ ക്രിസ്ത്യാനിയെന്ന പേരു നാമാവശേഷമാക്കുവാൻ ക്രിസ്ത്യാനിയെ കൊന്നൊടുക്കിയെങ്കിൽ, ഹിററ്ലർ ആര്യരക്തസംരക്ഷണമെന്ന പേരിലും ഏററവും ഉൽകൃഷ്ടമായ ഒരു വംശത്തിന്റെ നിഥനത്തിനുമായി ക്രിസ്ത്യാനിയെ കശാപ്പുചെയ്തു. മുസ്സോലിനി രാഷ്ട്രത്തിനുവേണ്ടി ക്രിസ്ത്യാനിയെ പീഢിപ്പിച്ചു ലെനിനും സ്റ്റാലിനും അദ്ധ്വാനിക്കുന്ന ജനസംരക്ഷകർ എന്ന പേരിൽ ക്രിസ്ത്യാനിയെ യമപുരിക്കയച്ചു. ഇന്ന് ആ പുഷ്പകേസരികളെല്ലാം മരിച്ചു മണ്ണടിഞ്ഞു അവർ അവശേഷിപ്പിച്ച ശവകുടീരത്തിൽ കിടന്നു നിലവിളിക്കുന്നുണ്ടാകാം, "ഓ, ഗലീലേയാ, നീ തന്നെ വിജയിച്ചു"വെന്നു. നീറോയെ റോമൻജനതയും ഹിററ്ലറെ ജർമൻ ജനതയും മറന്നുകഴിഞ്ഞു. ഇററലിയൻജനത ഏററവും ദുഷ്ടമായ ഒരു മരണം മുസ്സോലിനിക്കു സമ്മാനിച്ചു! സ്റ്റാലിനെ റഷ്യൻ ജനപ്രതിനിധികൾ നഖശിഖാന്തം വിമർശിക്കുന്നു. സ്റ്റാലിൻ ചെയ്തതു് എല്ലാം തെററായിപ്പോയെന്നു സോവ്യററു് നേതാക്കൾ ലോകമാസകലം ഉൽഘോഷിച്ചുകഴിഞ്ഞിരിക്കുന്നു.

കമ്മ്യൂണിസ്റ്റുചരിത്രത്തിൽ ഒരു വിരോധാഭാസമല്ലേ വിപ്ലവരഹിതമായും ജനകീയമായ മാർഗ്ഗങ്ങളിൽക്കൂടിയും അധികാരം പിടിച്ചെടുക്കുക എന്നതു്? എന്നാൽ ഇന്നു കേരളത്തിൽ അവർ അതു സാധിച്ചിരിക്കുകയല്ലേ? ഒന്നു ആലോചിച്ചുനോക്കൂ! പരമാർത്ഥം മറിച്ചാണു്. അവർ ഒന്നു "അഡാപ്റ്റ്" ചെയ്തെന്നുമാത്രം. വിപ്ലവം, അതുവഴി അധികാരം പിടിച്ചെടുക്കൽ അവർ അതൊന്നു മറിച്ചെഴുതി; അധികാരം ആദ്യം. പിന്നീടു് വിപ്ലവം എന്നാക്കി നയം. ഇതാണു് 20-ാം നൂററാണ്ടിലെ സൂത്രം! ഇന്നു കേരളത്തിലെ കത്തോലിക്കാതിരുസഭയ്ക്കു ഒരു പരീക്ഷണഘട്ടമാണു്. അവൾ അരയും തലയും മുറുക്കി രംഗത്തേക്കു വരേണ്ടിയിരിക്കുന്നു, അഥവാ വന്നിരിക്കുന്നു. ഈ അവസരത്തിൽ പൂർവ്വകാലചരിത്രത്തിന്റെ ഏടുകളിലേക്കു ഒന്നു കണ്ണോടിക്കുന്നതു ഉപയോഗപ്രദമായിരിക്കും. തിരുസഭ പാറമേൽ പണിയപ്പെട്ടിട്ടുള്ളതും ക്രിസ്തുവിന്റെ രക്തത്താൽ തന്നെ മൂലക്കല്ലുറപ്പിച്ചിട്ടുള്ളതുമാണു്. നീറോ, ഡയോക്ലീഷ്യൻ, നെപ്പോളിയൻ, ഹിററ്ലർ, മുസ്സോലിനി എന്നുവേണ്ടാ ലെനിൻതൊട്ടു സ്റ്റാലിൻവരെ ഈ പാറയോടു മുട്ടിനോക്കി; അവസാനം പൊട്ടിത്തകർന്നു. എന്തിനധികം, ഇന്നു കേരളത്തിലെ മന്ത്രിസഭായോഗങ്ങൾ സെൻറ് അഗസ്റ്റിന്റെയും അക്വിനാസിന്റെയും ഗ്രന്ഥസമുച്ചയങ്ങൾക്കു വ്യാഖ്യാനം എഴുതുവാൻ ശ്രമിച്ചുതുടങ്ങിയിരിക്കുന്നു! മുണ്ടശേരിക്കു ഒരു മോഹമുണ്ടായിരിക്കും, അദ്ദേഹത്തിനു സംസ്കൃതത്തിലും മലയാളത്തിലും ഏതോ ബിരുദങ്ങളുള്ളതുകൊണ്ടു് ഇന്നുവരെ ലോകത്തിൽ ഉണ്ടായിട്ടുള്ള ഏററവും വലിയ തത്വശാസ്ത്രജ്ഞരും ദൈവശാസ്ത്രജ്ഞരുമായ മഹാന്മാരുടെ അനേകശതം പുസ്തകങ്ങൾക്കു വ്യാഖ്യാനമെഴുതി കമ്മ്യൂണിസ്റ്റുചന്തയിൽ വിററു പണം ലോകബാങ്കിൽ നിക്ഷേപിക്കാമെന്നു്! പക്ഷെ ഒന്നു മനസ്സിലാക്കണം. ലത്തീനിലും ഗ്രീക്കിലും എന്നുവേണ്ടാ മററനേകം ഭാഷകളിൽ അഗാധപാണ്ഡിത്യമുള്ളവരെന്നു സമ്മതിക്കുന്നവരും സുപ്രസിദ്ധ പണ്ഡിതന്മാരെന്നു ഭുവനപ്രസിദ്ധി നേടിയവരുമായ അനേകം മഹാന്മാരെ ഇരുത്തിച്ചിന്തിപ്പിക്കുന്നതും അവരുടെ ഗ്രഹണപാടവത്തെ മന്ദീഭവിപ്പിക്കുന്നതുമായ അനേകം തത്വങ്ങൾ മുണ്ടശേരി ഉപരിപ്ലവമായി ഉദ്ധരിക്കുന്ന അഗസ്റ്റിനിലും തോമസിലുമുണ്ടെന്നു്. മലയാളവും സംസ്കൃതവും അവയുടെ മുമ്പിൽ നിഷ്പ്രഭമാണു്.

നൂററാണ്ടുകളായി രക്തസാക്ഷികളുടെ പാവനരുധിരം തിരുസഭയെ പരിപോഷിപ്പിച്ചു; ഇന്നും പരിപോഷിപ്പിക്കയും ചെയ്യുന്നു. ഒരു കാര്യം വിസ്മരിക്കരുതു്. എവിടെയാണോ തിരുസഭ ശക്തിയായി വേരുറച്ചിരിക്കുന്നതു് അവിടെയാണു് പിശാചൻ അവന്റെ മന്ത്രമോതുന്നതു്. ഒരു കത്തോലിക്കാരാജ്യമെന്നറിയപ്പെട്ടിരുന്ന പോളണ്ടിന്റെ സ്ഥിതി ഇന്നു എത്ര വിലപനീയം! കത്തോലിക്കാചൈതന്യം അങ്ങോളമിങ്ങോളം ഓളംവെട്ടിയിരുന്ന ഹങ്കറിയിലെ കഥ എത്ര ശോചനീയം! എന്തിനധികം, കത്തോലിക്കാവിശ്വാസത്തിൽ ഏതൊരു രാജ്യത്തോടും കിടനിന്നുപോന്ന ചൈനയിലെ മിഷൻരംഗങ്ങൾ എത്ര ദയനീയം! എന്നിട്ടും "അന്യഥാചിന്തിതം കാര്യം" എന്ന ചൊല്ലുപോലെ മീൻപിടുത്തക്കാരനും അവന്റെ വഞ്ചിയും ഒരു ഉരസൽ പോലും പററിയ ഭാവമില്ലാതെ മുന്നേറുകയല്ലേ? എന്തുകൊണ്ടെന്നാൽ "നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല." (മത്തായി 16: 18)

ഇത്രയും പറഞ്ഞതിൽനിന്നും നമ്മൾ പ്രവൃത്തിപഥത്തിൽനിന്നും വ്യതിചലിച്ചു്, വിശ്വാസവും പ്രാർത്ഥനയുമായിമാത്രം കഴിഞ്ഞുകൂടണമെന്നു വ്യാഖ്യാനിക്കരുതു്. ചുറുചുറുക്കോടും വീരപരാക്രമത്തോടുംകൂടി അടരാടേണ്ട ഒരു സന്ദർഭമാണിതു്. എന്തിനു്? നമ്മുടെ സ്വാതന്ത്ര്യത്തേയും മൗലികാവകാശങ്ങളേയും നിരീശ്വരരാക്ഷസന്റെ കെണിയിൽനിന്നും വീണ്ടെടുക്കുന്നതിനും അതോടെ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെ ശോഭനമാക്കുന്നതിനും. ഇപ്പോഴാണു് ആലങ്കാരികഭാഷയിൽ "വാളില്ലാത്തവൻ അവനുള്ളതു വിററും ഒരു വാൾ വാങ്ങേണ്ട" സമയം! കൂട്ടക്കൊലയ്ക്കും കൊലപാതകത്തിനും പകരംവീട്ടലിനും തോന്ന്യാസത്തിനും അധികാരം പിടിച്ചെടുക്കുന്നതിനുമല്ല; ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി നമ്മുടെ മൗലികാവകാശങ്ങളെ കൈപ്പററുവാൻ.

അവസാനമായി നമുക്കു പോർക്കളത്തിൽ ഇറങ്ങേണ്ട കാലം ആസന്നമായിരിക്കുന്നു. യുദ്ധത്തിൽ ചപലന്മാരാകാതെ വീറോടും ധീരതയോടുംകൂടി പൊരുതണം. അവസാനത്തോളം നിലനില്ക്കുന്നവർക്കാണു സമ്മാനം വാഗ്ദാനം ചെയ്തിരിക്കുന്നതു്. സർവ്വലോകനിയന്താവും ലോകപരിത്രാതാവുമായ ക്രിസ്തുവാണു് നമ്മുടെ പ്രവൃത്തികളുടെ സൂത്രധാരത്വം വഹിക്കുന്നതു്. അതിനാൽ തോൽവിക്കു അവിടെ അശേഷം സ്ഥാനമില്ല. "നിങ്ങൾ കരഞ്ഞു വിലപിക്കും, ലോകം സന്തോഷിക്കും, നിങ്ങൾക്കു ദുഃഖം നേരിടും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി ഭവിക്കും" (യോഹ: 16: 20)

# കഴുവിൽ മരിച്ചവനോ കനകച്ചെങ്കോൽ?

(ഫാദർ തോമസ് മണക്കാട്ടു്)

സുമാർ പത്തൊൻപതു നൂററാണ്ടുകൾക്കു മുൻപു് യഹൂദജനതയുടെ പരിഹാസപാത്രമായി രാജ്യദ്രോഹിയും ജനദ്രോഹിയും ആക്കി വിധിയെഴുതി കൊടിയ കൊലപാതകിയെപ്പോലെ കഴുവിൽ തൂക്കിയ ആ നസ്രായനായ യേശുവിനെ ഇന്നു ലോകം രാജാധിരാജനാക്കി കൂപ്പുകൈ ഉയർത്തി ആരാധിക്കുകയോ? ഹാ! ഇതെന്തൊരു മൂഢത്വം. എന്തൊരു അജ്ഞത എന്തൊരു ഭ്രാന്തു്. വാസ്തവത്തിൽ ലോകം തലകൊടുത്തു ചിന്തിക്കേണ്ട അത്ഭുതാവഹമായ ഒരു സംഭവമാണിതു്. ലോകചരിത്രത്തിൽ തല ഉയർത്തി ഒററപ്പെട്ടു നില്ക്കുന്ന സംഭ്രമജനകമായ ഒരു വസ്തുതയാണിതു്. ആധുനികരും പുരാതനരുമായ പണ്ഡിതപടുക്കൾ ഇതേപ്പററി അവഗാഢം ചിന്തിച്ചിട്ടുണ്ടു. അവരുടെ ചിന്താഫലം അനിഷേധ്യമായ ഒരു സത്യത്തിന്റെ വിളംബരമായിരുന്നു. ലോകമാകെ ആ സത്യത്തിന്റെ മുമ്പിൽ നമ്രശിരസ്കരായി അടിയറവു പറഞ്ഞു. പരിഷ്കാരത്തിന്റെ പരമകോടിയിൽ എത്തിയെന്നഭിമാനിക്കുന്ന ആധുനികലോകവും ഇതിനു വഴിപ്പെടുമോ?

ആ അജ്ഞാതസത്യം എന്തായിരിക്കാം? ലോകമഹാധീമാനും ധീരവീരപരാക്രമിയും സർവ്വലോകപ്രസിദ്ധനുമായ നെപ്പോളിയൻ തന്നെ ആ സത്യം അനുവാചകരെ വിളിച്ചറിയിക്കുന്നതു് ശ്രദ്ധിച്ചാലും! "നിങ്ങളെന്നെ ചക്രവർത്തിയെന്നു വിളിക്കാറുണ്ടു. പക്ഷെ എന്റെ സാമ്രാജ്യം ആ നസ്രായക്കാരന്റെ സാമ്രാജ്യത്തോടു തുലനം ചെയ്യുമ്പോൾ കേവലം നിസ്സാരമാണു്." അതെ യഹൂദജനം കഴുവിലേററിക്കൊന്ന—അവർ കൊലപാതകിയായി താറടിച്ചു വധിച്ച, ഒരു നസ്രായക്കാരൻ—ക്രിസ്തു, ഒരു സാമ്രാജ്യാധിപനാണെന്നും, ലോകമഹാചക്രവർത്തിയെന്നു പേരുകേട്ട തന്നെക്കാൾ ഉന്നതനായ ഒരു മഹാചക്രവർത്തിയാണെന്നും നെപ്പോളിയൻ സമ്മതിച്ചു പറഞ്ഞു.

ക്രിസ്തീയ സഭയുടെ—അല്ല ക്രിസ്തുരാജ്യത്തിന്റെ ആരംഭകാലത്തു് അതിനെ കടയോടെ പിഴുതെറിയുന്നതിനും ആ നാമം മറവിയുടെ അഗാധമായ കുണ്ടിൽ കുഴിച്ചുമൂടുന്നതിനും കച്ചകെട്ടി പുറപ്പെട്ട റോമ്മായിലെ ആ കാട്ടാളചക്രവർത്തി ജൂലിയൻപോലും ആ നസ്രായന്റെ മുൻപിൽ തലകുനിച്ച കാഴ്ചയും ലോകം ദർശിച്ചിട്ടുണ്ടു്. "അല്ലയോ നസ്രായക്കാരാ! നീതന്നെ ജയിച്ചിരിക്കുന്നു. പരാജയമടഞ്ഞതു് ഞാനാണു്." അതേ അവിടുന്നു സാക്ഷാൽ രാജാധിരാജനും ചക്രവർത്തികളിൽ മഹാ ചക്രവർത്തിയുമാണു് എന്നു് ആ കരാളസമ്രാട്ടു ജൂലിയൻ ചക്രവർത്തി ഏററു പറഞ്ഞു.

ഈ സംഭവങ്ങളിൽ നിന്നെല്ലാം ഒരു കാര്യം പ്രസ്പഷ്ടമാകുന്നുണ്ടു്. ആ കഴുവിലെ കുററവാളി—നസ്രായക്കാരൻ ഈശോ—കേവലം ഒരു മനുഷ്യൻ മാത്രമല്ലെന്നു്; സാക്ഷാൽ അമാനുഷികവും ദൈവികവുമായ ഒരു ശക്തി തന്നിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു്. മുപ്പത്തിമൂന്നു കൊല്ലത്തോളം നീണ്ടുനിന്ന അവിടുത്തെ സംഭവബഹുലമായ ജീവചരിത്രംതന്നെ അതിനു സാക്ഷ്യം വഹിക്കുന്നതായി കാണാം.

മരപ്പണിക്കാരനായ യൗസേപ്പിന്റെയും ദരിദ്രയായ മറിയത്തിന്റെയും മകനായി ബത്ലഹമിലെ കാലിത്തൊഴുത്തിൽ ജനിച്ച അവിടുത്തേക്കു സ്വർഗ്ഗസ്ഥരായ വാനാരൂപികൾ അകമ്പടി സേവിച്ചില്ലേ? അന്നു് നൂതനമായ ഒരു സുന്ദരതാരം അവിടുത്തെ ആഗമനം ലോകത്തിൽ പ്രഖ്യാപനം ചെയ്തില്ലേ? കിഴക്കുനിന്നും മൂന്നു ഭൂപതികൾ അകമഴിഞ്ഞ ആദരവോടെ അങ്ങേ ആരാധിക്കുകയും രാജോചിതമായ കാഴ്ചകൾ അർപ്പിച്ചു് അവിടുത്തെ വന്ദിക്കുകയും ചെയ്തില്ലേ?

യാതൊരു വിദ്യാലയത്തിലും പഠിക്കാത്ത അവിടുന്നു കേവലം പന്ത്രണ്ടു വയസ്സിൽ യഹൂദമഹാശാസ്ത്രികളെ അമ്പരപ്പിച്ചു കൊമ്പുകുത്തിച്ചില്ലേ? മൂന്നു കൊല്ലത്തെ പരസ്യജീവിതത്തിൽ അസംഖ്യം അത്ഭുതങ്ങൾ പ്രവർത്തിച്ചു് തന്റെ ദൈവത്വത്തേയും ദൈവികാധികാരത്തേയും ലോകത്തിനു വെളിപ്പെടുത്തിയില്ലേ? കുരുടനു കാഴ്ച


## സിഷ്യ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്:—ആലപ്പുഴ

ബ്രാഞ്ചുകൾ:— പുളിംകുന്നു് & മണിമല

പിരിഞ്ഞുകിട്ടിയ മൂലധനവും
കരുതൽ ധനവും Rs. 170000
പ്രവർത്തനമൂലധനം (30-9-57) Rs. 1500000

**Chitty Department:-**

ബാങ്ക് തലയാൽനിന്നു് ആലപ്പുഴ ആഫീസിൽ നടത്തിയിരുന്നതായ 7000 രൂപാ മുതലുള്ള ഒന്നാമതു ചിട്ടി വട്ടമുരുതി ആയി അവസാനിച്ചിരിക്കുന്നതും 10000 രൂപാ മുതലുള്ള രണ്ടാമതു ചിട്ടിയുടെ 25 തവണകൾ കഴിഞ്ഞിരിക്കുന്നതുമാകുന്നു. മൂന്നാമതായി ഒരു പ്രതിമാസലേലചിട്ടി നവംബർ 9-ാംതീയതി ആരംഭിച്ചു് നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു.

ആകെ മുതൽ 10000 രൂപാ

| | | | |
|---|---|---|---|
| തവണ ഒന്നിനു് 200 രൂപാ വീതം | 50 തവണകൾ | | |
| 100 രൂപാ വീതം | 5000 രൂപ | മുതലുള്ള $\frac{1}{2}$ | നമ്പരുകളും |
| 50 രൂപാ | " 2500 രൂപ | " $\frac{1}{4}$ | " |
| 25 രൂപാ | " 1250 രൂപ | " $\frac{1}{8}$ | " |

ചേരുന്നതിനുള്ള വ്യവസ്ഥകൾ:—

* ചിട്ടിദിവസം പണം അടയ്ക്കുന്നവർക്കു ആകർഷണീയമായ ഡിസ്കൗണ്ടു്.
* ചിട്ടിപിടിയ്ക്കാത്തവർക്കുമാത്രം വീതപലിശാവകാശം.
* ബാങ്കിന്റെ എല്ലാ ആഫീസുകളിലും കമ്മീഷൻകൂടാതെ ചിട്ടിപണം സ്വീകരിക്കപ്പെടും.

ചിട്ടിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്കും തലവര്യോലയ്ക്കും ഞങ്ങളുടെ ഏതെങ്കിലും ആഫീസിൽ ഉടൻ ആവശ്യപ്പെടുക.

മാനേജിംഗ് ഡയറക്ടർ

# ചെറുകഥ

## "ഞാൻ ഒരു നിഗ്രോയാണോ?"

(എൻ. പി. സാമുവൽ, ആറാട്ടുപുഴ)

ഇരുളിന്റെ ചുരുളുകളെ നിഷ്കാസനം ചെയ്തുകൊണ്ടു് ദിനകരൻ കിഴക്കേ ചക്രവാളത്തിൽ തല ഉയർത്തി. രജനിയെ തോല്പിച്ചു് തന്റെ പൊയ്പോയ പ്രാഭവം വീണ്ടെടുത്ത സൂര്യൻ ഭൂമിയെ വീണ്ടും ആഞ്ഞു പുൽകി. തന്റെ കമിതാവിന്റെ വേർപാടിൽ വ്യഥയനുഭവിച്ചിരുന്ന നളിനിയുടെ മുഖം ഉന്നിദ്രമായി. പക്ഷികളുടെ "കളകള"നാദങ്ങൾ ഈ ആനന്ദതിമർപ്പിന്റെ ഓളങ്ങൾ നെയ്തുകൊണ്ടിരുന്നു.

ഇവയൊന്നും തന്നെ ബാധിക്കുന്ന കാര്യങ്ങളല്ലെന്നു് പ്രഖ്യാപിച്ചുകൊണ്ടു് സാമാന്യം വിസ്തൃതമായ ആ പറമ്പിന്റെ മൂലയിൽ ഒരമ്പത്തഞ്ചുകാരൻ മണ്ണിനോടു് മല്ലിടുന്നതായി കാണാം. നിങ്ങളുടെ ശ്രദ്ധ എളുപ്പത്തിൽ അദ്ദേഹത്തിൽ പതിഞ്ഞെന്നുവരാം. പക്ഷെ അദ്ദേഹത്തിന്റെ ശ്രദ്ധ ഒരിക്കലും നിങ്ങളിൽ പതിയുകയില്ല. ആ ഒരേക്കർ ഭൂമിയും ആ കൈക്കോട്ടും—തീർന്നു അദ്ദേഹത്തിന്റെ ശ്രദ്ധ പതിയേണ്ട മണ്ഡലങ്ങൾ. തന്റെ ചുററുപാടുമുള്ള ലോകം പിളർന്നുപോയാലും അവിടെ അറബിക്കടൽ ആധിപത്യംസ്ഥാപിച്ചാലും അന്തോണിജ്യേഷ്ഠനു് പരാതിയില്ല. പക്ഷെ തന്റെ ഭൂമിയിന്മേലും കൈക്കോട്ടിന്മേലും മററാരും ആധിപത്യം സ്ഥാപിക്കരുതെന്നു് അദ്ദേഹത്തിനു് നിർബന്ധമാണു്, തന്റെ പ്രതീക്ഷയുടെ വല്ലരി പുഷ്പിക്കുന്നതുവരെയെങ്കിലും. ഉച്ചഭാഷിണി ഘടിപ്പിച്ച കാറുകൾ തന്റെ പറമ്പിനു സമീപംകൂടി അലറിപ്പായുമ്പോഴോ, കരളിനു കുളിർമ്മ നൽകുന്ന ഗാനങ്ങൾ നിരങ്കുശമായി പ്രവഹിക്കുമ്പോഴോ അതിലൊന്നും അന്തോണിജ്യേഷ്ഠന്റെ ശ്രദ്ധ പതിയാറില്ല. അദ്ദേഹത്തിന്റെ പ്രതീക്ഷയുടെ ലോകത്തിൽ, ആനന്ദനിർലേപവും ചേതോഹരവുമായ ഗാനങ്ങൾക്കോ, ഹൃദയഹാരികളായ ദൃശ്യങ്ങൾക്കോ ഒന്നുംതന്നെ ചെയ്യുവാനില്ല. നട്ടുച്ചയ്ക്കും ചിലപ്പോഴെല്ലാം നട്ടപ്പാതിരായ്ക്കും അന്തോണിജ്യേഷ്ഠനെ ആ ഒരേക്കറിൽ എവിടെയെങ്കിലും കാണാം. "ഇങ്ങനെ പണിയെടുത്താൽ മടുക്കാത്ത മനുഷരുണ്ടോ ഈ ഭൂമിയിൽ?" എന്നു് അന്തോണിജ്യേഷ്ഠന്റെ അയൽക്കാരനായ ശങ്കു ആശാരി അഭിപ്രായപ്പെടാറുണ്ടു്, ശരിയാണു്. സൂര്യനു പോലും അന്തോണിജ്യേഷ്ഠനോടു് വിദ്വേഷമാണു്. സൂര്യൻ തന്റെ പ്രാഭവത്തിന്റെ രഥത്തിലേറുന്ന മദ്ധ്യാഹ്നസമയത്തു്, സൂര്യനോടുള്ള ആദരവു് പ്രകടിപ്പിക്കുവാനായി മാലോകരെല്ലാം ജോലിനിർത്തി വിശ്രമിക്കുക പതിവാണു്. എന്നാൽ അന്തോണി ജ്യേഷ്ഠൻ സൂര്യനെ ആദരിക്കുവാൻ ഒരുക്കമില്ല. അതുപോലെതന്നെ രജനി സൂര്യനെ ഗളഹസ്തം ചെയ്യുമ്പോൾ അതിൽ പ്രതിഷേധിച്ചു ലോകരെല്ലാം പണിമുടക്കു നടത്തുക പതിവാണു്. എന്നാൽ എത്ര ഇരുട്ടിയാലുംഅന്തോണി ജ്യേഷ്ഠൻ പണി നിർത്തുന്ന മട്ടില്ല. നോക്കണേ കരിങ്കാലിപ്പണി! പിന്നെ എങ്ങിനെ സൂര്യനു് ദ്വേഷ്യം വരാതിരിക്കും?

ഓരോ ദിവസത്തെ ജോലി കഴിയുമ്പോൾ, അന്തോണിജ്യേഷ്ഠന്റെ ആശാസൗധത്തിൽ ഓരോ നിലകൂടി ഉയരുകയാണു്. പക്ഷെ എന്നാണു് അതിന്റെ പണി പൂർത്തിയാവുക എന്നുമാത്രം ആ സാധുവിനു് അറിഞ്ഞുകൂടാ.

നീണ്ട ഇരുപത്തഞ്ചു കൊല്ലത്തെ വൈവാഹികജീവിതത്തിനുശേഷമാണു് ആ ദാമ്പത്യലത ഒന്നു പൂവിട്ടതു്. നീണ്ട പ്രാർത്ഥനയുടേയും വഴിപാടുകളുടേയും ഫലമായിട്ടാണു് സൂസി" ജനിച്ചതു്. ഒരാൺകുട്ടിയെയാണു് പ്രതീക്ഷിച്ചിരുന്നതെങ്കിലും, സൂസിയുടെ ജനനത്തിൽ അന്തോണിജ്യേഷ്ഠൻ കുണ്ഠിതനായില്ല. കാരണം തന്റെ സ്നേഹം നിക്ഷേപിക്കുവാൻ ഒരു കുഞ്ഞിനെയാണു് അദ്ദേഹത്തിനാവശ്യമുണ്ടായിരുന്നതു്. സൂസിയെ പത്തു ക്ലാസ് പഠിപ്പിക്കണമെന്നു് അന്തോണിജ്യേഷ്ഠനു് ഉൽക്കടമായ ആഗ്രഹമുണ്ടായിരുന്നു. അതിനുവേണ്ടി ഹിമാലയം പറിച്ചെറിയുവാൻപോലും ആ പിതാവു് ഒരുക്കമാണു്. തങ്കക്കിനാക്കളുടെ അകമ്പടിയോടെയാണു് ആ സ്നേഹസാന്ദ്രഹൃദയൻ ഉറങ്ങാറു്. തന്നിൽ ചൊരിഞ്ഞിരുന്ന ക്രമാതീതമായ വാത്സല്യം ദുരുപയോഗപ്പെടുത്താതെ സൂസി വളർന്നുവന്നു. "സഞ്ചരിക്കുന്ന വിശുദ്ധ" എന്നാണു് കളിയാക്കിയിട്ടാണെങ്കിലും ചെറുപ്പക്കാർ സൂസിയെ വിളിക്കാറു്.

× × ×

വർഷങ്ങൾ ധൃതഗതിയിൽ കടന്നുപോയി. സൂസി യുവത്വത്തിലേക്കു് കാലൂന്നി. ശരീരഘടനയിലും മാനസികഘടനയിലും പല പരിവർത്തനങ്ങളും വന്നുചേർന്നു. തന്റെ മകൾ ഒരു പത്താംക്ലാസുകാരിയാണെന്ന വസ്തുത ആ പിതാവിന്റെ ഹൃദയത്തിൽ ആനന്ദകല്ലോലങ്ങളെ സൃഷ്ടിച്ചുവെങ്കിലും, തന്റെ മകൾ വളർന്നുവരികയാണെന്ന പരമാർത്ഥം ആ ഹൃദയത്തിൽ ഇരുളിമ പരത്തി. അന്നമ്മജ്യേഷ്ഠത്തിയാരുടെ ഭാഷയിൽ "പെണ്ണു് പെര നിറഞ്ഞു നില്ക്കുകയാണു്."

മത്തായി ജേഷ്ഠനെക്കുറിച്ചു് അറിയാത്തവർ ആ നാട്ടിലുണ്ടായിരുന്നില്ല. മൂപ്പരു് ഒരു "മൂന്നാംകാരനാണു്". വിവാഹങ്ങൾ നിരോധിച്ചിട്ടുള്ള ഒരു രാഷ്ട്രത്തിൽ മാത്രമേ മത്തായിജ്യേഷ്ഠനു് വിഷമം നേരിടുകയുള്ളൂ. മത്തായി ജ്യേഷ്ഠന്റെ കൈയിൽ ഒരു ഇരുനൂറുപേജിന്റെ നോട്ടുപുസ്തകം കാണാം. വീട്ടുപേരു്, പെണ്ണിന്റെ പേരു്, തറവാടു് മുതലായവയാണു് ആ പുസ്തകത്തിലെ ഉള്ളടക്കം. പെൺകുട്ടിയുടെ സൗന്ദര്യത്തെക്കുറിച്ചു് യാതൊരു "റിമാർക്കും" അതിൽ കാണുകയില്ല. മത്തായിജ്യേഷ്ഠന്റെ കണ്ണാടപ്പെട്ടി എടുത്തു നോക്കിയാൽ അതിൽ ഒരു കടലാസ് വളരെ ശ്രദ്ധയോടെ മടക്കി വെച്ചിരിക്കുന്നതായി കാണാം. അതൊന്നെടുത്തു് നിവർത്തി നോക്കുക. "സൗന്ദര്യം" എന്ന തലക്കെട്ടിൽ തുടങ്ങുന്ന ആ വിവരണം മത്തായി ജ്യേഷ്ഠന്റെ സ്വന്തമല്ലെന്നു് മനസ്സിലാക്കുവാൻ അത്രയൊന്നും ബുദ്ധിയുടെ ആവശ്യമില്ല. "പൂവൻപഴം തൊണ്ടു പൊളിച്ചപോലെ—കുരുത്തോല നിറം—പുല്ലിൽ കിടന്ന വെള്ളരിക്കപോലെ—മുട്ടും കാലും ഉറച്ചതു്, മുഖം ചന്ദ്രനെപ്പോലെ, തണ്ടൊടിഞ്ഞ താമരപ്പൂപോലെ, ചുണ്ടു് തൊണ്ടിപ്പഴം പോലെ, താമരയുടെ ഇതളുകൾ പോലെയുള്ള കണ്ണുകൾ, രക്തം ഇററുവീഴുന്ന കവിൾത്തടങ്ങൾ, തലമുടി കണ്ടാൽ കുയിൽ ലജ്ജിച്ചു് കാടുകയറും..." ലോകത്തിലെ ഏതു സ്ത്രീയെക്കുറിച്ചും മത്തായി ജ്യേഷ്ഠനു് മേൽപ്പറഞ്ഞ വിവരണമേ നൽകാനുള്ളൂ. കാർമേഘത്തെപ്പോലെ കറുത്തിരുണ്ട ഒരു സ്ത്രീയുടെ മുഖവും മത്തായിജ്യേഷ്ഠന്റെ ദൃഷ്ടിയിൽ ചന്ദ്രനെപ്പോലെയാണു്.

മത്തായിജ്യേഷ്ഠനു് 350 റാത്തൽ തൂക്കമുണ്ടെന്ന നാട്ടുകാരുടെ അഭിപ്രായത്തിലെ അതിശയോക്തിയുടെ അംശങ്ങൾ എടുത്തുകളഞ്ഞാൽ അദ്ദേഹത്തിനു് 300 റാത്തൽ തൂക്കം കാണും. ഒരു "സെവൻറിഫീററു്" റോഡിന്റെ ഒരററത്തുകൂടി മത്തായിജ്യേഷ്ഠൻ നടന്നാൽ പിന്നെ ഒരു ട്രാൻസ്പോർട്ടു വണ്ടിക്കു് കഷ്ടി കടന്നുപോകുന്നതിനുള്ള സ്ഥലമേ ബാക്കി കാണുകയുള്ളൂ. മത്തായിജ്യേഷ്ഠന്റെ വയർ ആഗോളപ്രസിദ്ധമാണു്. വയറിന്റെ തടസ്സം ഹേതുവായി മത്തായിജ്യേഷ്ഠനോടു് രഹസ്യം മന്ത്രിക്കേണ്ട പ്രശ്നമേ ഉദിക്കുന്നില്ല. വഴിയിൽക്കൂടി നടന്നുപോകുമ്പോൾ ഒരാനതന്നെ വന്നാലും വഴിമാറിക്കൊടുക്കുന്ന പതിവു് മത്തായിജ്യേഷ്ഠനില്ലായിരുന്നു. ഒരിക്കൽ ഒരു ലോറി മത്തായി ജേഷ്ഠന്റെ തൊട്ടുപിന്നിൽ വന്നു് ഹോറൺ അടിച്ചു. മത്തായി ജ്യേഷ്ഠൻ മാറാതായപ്പോൾ തുരുതുരെ ഹോറണടിക്കുവാൻ തുടങ്ങി. പക്ഷേ മത്തായിജേഷ്ഠനുണ്ടോ അനങ്ങുന്നു? ആ വഴിയിലൂടെ അപ്പോൾ കടന്നുപോയ ഒരു ഇരുപത്തഞ്ചുകാരൻ ലോറിക്കാരനോടു പറഞ്ഞു: "താങ്കൾക്കു് കാററിനോടു് കല്പിക്കാം, പക്ഷെ മത്തായിജേഷ്ഠനോടു് ഒക്കത്തില്ല." അദ്ദേഹത്തിന്റെ കുടയ്ക്കു ചുരുങ്ങിയതു് നാലുനൂററാണ്ടുകാലത്തെ പഴക്കമെങ്കിലുമുണ്ടാകും. കുടനിവർത്തുന്ന പതിവു് അപൂർവ്വമായിട്ടേ ഉള്ളൂ. "ഒരു മഴയ്ക്കൊന്നും കുടപിടിക്കുന്ന ആളല്ല മത്തായിജ്യേഷ്ഠൻ"എന്നു് ആ നാട്ടുകാർ പറയാറുണ്ടായിരുന്നു. മത്തായിജ്യേഷ്ഠന്റെ ചെരിപ്പുകളുടെ കഥയാണു് രസകരം. സൂക്ഷ്മമായി പരിശോധിച്ചാൽ അദ്ദേഹത്തിന്റെ ചെരുപ്പിൽ പകുതി ഭാഗം ടയറും മറെറ പകുതി പാളയുമാണെന്നു് കാണുവാൻ വിഷമമില്ല. നിരുപദ്രവികളായ നായ്ക്കൾക്കുപോലും മത്തായിജ്യേഷ്ഠന്റെ ചെരിപ്പുകൾ മോഷ്ടിക്കുന്നതിനുള്ള പ്രചോദനം ലഭിക്കാറുണ്ടെങ്കിൽ, അതിനു് കുററപ്പെടുത്തേണ്ടതു് നായ്ക്കളെയല്ലതന്നെ. ഒന്നുപറയാമല്ലോ, മത്തായിജ്യേഷ്ഠൻ നല്ല വെളുത്തമുണ്ടേ ചുററാറുള്ളൂ. ഒരു രണ്ടാംമുണ്ടും ഉണ്ടാകും. കഴിഞ്ഞില്ല, സാമാന്യം വിസ്തൃതമായ ഒരു വെററിലസഞ്ചിയുമുണ്ടാകും. അങ്ങിനെ ശീലക്കുട കക്ഷത്തുവെച്ചു്, മുണ്ടുവളച്ചുകുത്തി, എപ്പോഴും ചിന്താലോകത്തിൽ വിഹരിച്ചുകൊണ്ടു്നടക്കുന്ന മത്തായിജ്യേഷ്ഠൻ ഒരപൂർവ്വസൃഷ്ടിയാണെന്നതിൽ ഒട്ടും സംശയമില്ല.

"മൂന്നാംകാരന്റെ മുറുക്കു്" എന്നു പറഞ്ഞാൽ ആ നാട്ടിൽ പ്രസിദ്ധമാണു്. മത്തായിജ്യേഷ്ഠന്റെ മുറുക്കലിനെ നാലു ഗ്രേയ്ഡു"കളാക്കി തരം തിരിക്കാം. ഒരു കെട്ടു വെററിലയും, പത്തു പഴുക്കടയ്ക്കയും ഒരു ഇല പുകയിലയും—ഇതാണു് ഒന്നാംതരം മുറുക്കൽ. ഇതു വലിയ ധനികരുടെ വീട്ടിൽ ചെന്നാലേ പതിവുള്ളൂ. അരക്കെട്ടു വെററിലയും രണ്ടടയ്ക്കയും, കുറച്ചു പുകയിലയുമായാൽ രണ്ടാംതരം മുറുക്കായി. മൂന്നാംതരത്തിൽ ഒരടയ്ക്കയേ ഉണ്ടായിരിക്കയുള്ളൂ. പകുതിവെററിലയും ഒരു കഷണം അടക്കയുമായാൽ നാലാംതരം മുറുക്കായി. ഇതു് വീട്ടിൽ മുറുക്കുന്നസമ്പ്രദായമാണു്. മത്തായിജ്യേഷ്ഠൻ ഭക്ഷണകാര്യത്തിൽ ഒട്ടും പിന്നോക്കമല്ലതന്നെ. ഒരു പറ അരിയുടെ ഭക്ഷണം വേണം മത്തായിജ്യേഷ്ഠനു്എന്നാണു് നാട്ടുകാരുടെ അഭിപ്രായമെങ്കിലും, അരപ്പറ അരിയുടെ ഭക്ഷണമേ വേണ്ടു എന്നാണു് കാര്യവിവരമുള്ള കേന്ദ്രങ്ങളിൽനിന്നു് അറിയുവാൻ കഴിഞ്ഞതു്. ഏതു കള്ളക്കർക്കിടകമാസത്തിലും മത്തായിജ്യേഷ്ഠനു ദാരിദ്ര്യമനുഭവിക്കേണ്ടിവരിക പതിവില്ല. കർക്കിടകമാസത്തിൽ നടക്കേണ്ട വിവാഹമാണെങ്കിൽ മത്തായിജ്യേഷ്ഠൻ തന്റെ ഭക്ഷണത്തെപ്രതി അതു് ചിങ്ങമാസത്തേക്കു നീട്ടുവാൻ മടിക്കാറില്ല. ഇതിനു പററിയ സൂത്രവും മൂപ്പരുടെ കൈയിലുണ്ടു്. ചെക്കന്റെ വീട്ടിൽ ചെന്നു പറയും: "കല്യാണം നിശ്ചയിക്കുവാൻ വരട്ടെ, അവരുടെ തറവാടിനെക്കുറിച്ചു് ചിലതുകൂടി അന്വേഷിക്കാനുണ്ടു്." ഇതുതന്നെ പെണ്ണിന്റെ വീട്ടിൽ ചെന്നും പറയും. പെണ്ണു വേശ്യയാണെങ്കിലും ചെക്കൻ തെമ്മാടിയാണെങ്കിലും കാരണവന്മാർക്കു് തറവാടു നന്നായാൽ മതിയല്ലോ! അങ്ങിനെ ചിങ്ങമാസം പിറന്നാൽ തറവാടിന്റെ തടസ്സമെല്ലാം തീരും. വിവാഹം നടക്കുകയുംചെയ്യും.

സൂസിക്കു് വയസ്സു് ഇരുപതു തികഞ്ഞു. അവളെ വിവാഹം കഴിച്ചുകൊടുക്കേണ്ട കാലമായി. സൂസി തന്നെ വിട്ടുപിരിയുന്നതു് അന്തോണിജ്യേഷ്ഠനു് മർമ്മഭേദകമാണു്. ആ ഹൃദയവീണയുടെ തന്ത്രികൾ തകർന്നുപോകാറുള്ളപ്പോൾ, സൂസിയാണു് ആ അററുപോയ കണ്ണികളെ കൂട്ടി യോജിപ്പിക്കാറുള്ളതു്. സൂസിയുടെ ജനനംമുതൽ ആ ഹൃദയത്തിൽ ഒരു നവോന്മേഷത്തിന്റെ നീരൊഴുക്കു പ്രവഹിക്കുവാൻ തുടങ്ങിയതാണു്. അതു് പെട്ടെന്നു് നിലയ്ക്കുക അഥവാ മറെറാരാളിലേക്കു് തിരിച്ചുവിടേണ്ടിവരിക എന്നതു് ആ ഹൃദയത്തിനു് താങ്ങാനാവാത്ത ഭാരമാണു്. പക്ഷെ അതു് ഒരു സാമൂഹ്യാചാരമാണു്. അതിനെതിരെ ചന്ദ്രഹാസമുയർത്തേണ്ട കാര്യവുമില്ലല്ലോ. സൂസിയുടെ വിവാഹം ഒരനിവാര്യ ആവശ്യമാണെങ്കിൽ, അവൾക്കു് ഒരു ഭാസുരമായ ഭാവി സൃഷ്ടിച്ചുകൊടുക്കേണ്ടതു് അന്തോണിജ്യേഷ്ഠന്റെ കടമയല്ലേ? അതിനുവേണ്ടിയായിരുന്നു സൂര്യാസ്തമനശേഷവും അദ്ദേഹം അദ്ധ്വാനിക്കാറു്. ഈ അദ്ധ്വാനത്തിന്റെ ആകത്തുകയായിരുന്നു ആ ചെറിയ പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന 12 പവൻ.

"പെണ്ണിനെ ഇങ്ങിനെ നിറുത്തിയാൽ മതിയോ?" അത്താഴം കഴിഞ്ഞു് വെററില മുറുക്കാനിരുന്ന അന്നമ്മജ്യേഷ്ഠത്തിയാരു ചോദിച്ചു.

"എന്നാ നീ അവളെ എടുത്തുകൊണ്ടുനടന്നോ." അന്തോണിജ്യേഷ്ഠൻ പ്രത്യുത്തരിച്ചു.

"അല്ല, ഞാൻ പെണ്ണിന്റെ കല്യാണക്കാര്യമാണു് പറഞ്ഞതു്"

---

വി കൊച്ചുത്രേസ്യായുടേയും വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ.

Mrs. Thresia Joseph, Pavartty

---

നൽകിയും ചെകിടർ കേൾവി കൊടുത്തും മുടന്തനെ നടത്തിവിട്ടും മരിച്ചവരെ ഉത്ഥാനംചെയ്യിച്ചും അവസാനം മരിച്ച മൂന്നാം ദിവസം സ്വയം ഉത്ഥാനംചെയ്തും തന്റെ പ്രകൃത്യതീതശക്തിയെ അവിടുന്നു ലോകത്തിൽ പ്രകടമാക്കിയില്ലേ? അതെ അവിടുന്നു ദൈവപുത്രനും രാജാധിരാജനും മനുഷ്യകുലസമുദ്ധാരകനും ആണെന്നു ലോകത്തെ സമഗ്രമായി ഗ്രഹിപ്പിക്കതന്നെ ചെയ്തു. അതുകൊണ്ടാണു് കഴുവിൽ മരിച്ച അവിടുത്തേക്കു ലോകം കനകക്കിരീടവും കാഞ്ചന ചെങ്കോലും നൽകുന്നതു്. അതുകൊണ്ടാണു് മനുഷ്യാവതാരം ചെയ്ത അവിടുത്തെ, ജഗന്നിയന്താവായി ലോകം ആരാധിക്കുന്നതു്. അല്ലയോ ലോകപരിത്രാതാവായ ക്രിസ്തുനാഥാ! കുരിശുമരണം വഴി മനുഷ്യകുലത്തെ രക്ഷിച്ച ത്രിലോകനാഥാ! അവിടുന്നു് അനവരതം വിജയിച്ചാലും! രാജരാജാധിപനായി അനവരതം വിരാജിച്ചാലും!


THE SOUTH INDIAN BANK LTD.

Estd: 1929 *H. O. TRICHUR* A Scheduled Bank

SAVINGS BANK ACCOUNTS

3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

*CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES*

*BRANCHES:*

ALLEPPEY
ALWAYE
BHAVANI
COCHIN
COIMBATORE
ERNAKULAM
GOBICHETTIPALAYAM
IRINJALAKUDA
KUNNAMKULAM
KOZHIKODE
KOLLENGODE
MADRAS
MANJERI
MANNARGHAT
NILAMBUR
OTTAPALAM
PALGHAT
POLLACHI
PONANI
SALEM
TIRUPUR
TRICHUR
&
WADAKANCHERI

അന്നമ്മജ്യേഷ്ഠത്തിയാരു് വിശദീകരണം നൽകി.

"നമുക്കു് ആ മത്തായിജ്യേഷ്ഠനോടു് ഈ കാര്യം പറഞ്ഞെങ്കിലോ? അദ്ദേഹം നല്ല ഒരു മൂന്നാംകാരനാണു്." അന്തോണിജ്യേഷ്ഠൻ അഭിപ്രായപ്പെട്ടു.

"കാര്യമൊക്കെ ശരിയാണു്" അന്നമ്മജ്യേഷ്ഠത്തിയാരു തുടന്നു: "ഒരാനയ്ക്കു് തീററകൊടുക്കുന്നതുപോലെയാണു് മത്തായിജ്യേഷ്ഠനു് ഭക്ഷണം കൊടുക്കുന്നതു്. കല്യാണം കഴിയുമ്പോഴേക്കും രണ്ടു പവൻ അദ്ദേഹത്തിൻെറ ചിലവിനുവേണ്ടി മാത്രം നീക്കിവെക്കേണ്ടിവരും." സന്ദർഭം അത്യാവശ്യപ്പെട്ടതുകാരണം, മത്തായിജ്യേഷ്ഠനെത്തന്നെ ആ കാര്യമേല്പിക്കുവാൻ അവർ നിശ്ചയിച്ചു. അങ്ങിനെ മത്തായിജ്യേഷ്ഠനെ നിയമിക്കുകയും ചെയ്തു.

മത്തായിജ്യേഷ്ഠൻ ചെറുക്കൻെറ വീട്ടിൽചെന്നു് വിവാഹകാര്യങ്ങളെല്ലാം വിവരിച്ചു. തറവാടിൻെറ മാഹാത്മ്യം മത്തായിജ്യേഷ്ഠനു് അരമണിക്കൂർ നേരത്തെ വിവരണത്തിനു് വകനൽകി. "അപ്പോ, പെണ്ണു് എങ്ങിനെ ഇരിക്കുന്നു?" ചെറുക്കൻെറ പിതാവു ചോദിച്ചു.

"പെണ്ണോ? ഹാ! പറയാമല്ലോ. ദേവസ്ത്രീ ഭൂമിയിൽ ഇറങ്ങിവന്നപോലെയാണു് കണ്ടാൽ തോന്നുക. പത്തരമാററുള്ള പൊന്നിൻെറ നിറം. മുഖം ചന്ദ്രനെപ്പോലെ, തണ്ടൊടിഞ്ഞ താമരപ്പൂപോലെ, തലമുടി കണ്ടാൽ കുയിൽ ലജ്ജിച്ചു് കാടുകയറും......" ഒററശ്വാസത്തിൽ മത്തായിജ്യേഷ്ഠൻ പറഞ്ഞുതീർത്തു.

"പത്തരമാററില്ലെങ്കിലും എട്ടരമാറെറങ്കിലുമുണ്ടാകുമെന്നു തോന്നുന്നു" എന്നു് ചെറുക്കൻെറ പിതാവു് തൻെറ ഭാര്യയോടഭിപ്രായപ്പെട്ടു്, മൂന്നാംകാരൻ മത്തായിജ്യേഷ്ഠൻ അപ്പോൾതന്നെ ശക്തിയായി നിഷേധിച്ചു പെണ്ണിനെ കാണുവാനുള്ള ദിവസവും നിശ്ചയിച്ചു. വിവരം അന്തോണിജ്യേഷ്ഠനെ അറിയിക്കുകയും ചെയ്തു.

അകാരണമായി അന്തോണിജ്യേഷ്ഠൻെറ ഹൃദയത്തിൽ അസ്വാസ്ഥ്യത അഴിഞ്ഞാടുവാൻ തുടങ്ങി. ഹൃദയത്തിൻെറ ഒരു കോണിൽനിന്നു് കൊടുങ്കാററു് വീശുവാൻ തുടങ്ങി. ഹൃദയാന്തരീക്ഷത്തിൽ ഒരു വാൽനക്ഷത്രം ഉദിച്ചുയന്നു്, ഇരുണ്ടഭാവിയുടെ നാന്ദിയെന്നോണം തൻെറ മകളുടെ സൗന്ദര്യത്തെക്കുറിച്ചു് ഏതായാലും അസുഖകരമായ അഭിപ്രായങ്ങൾക്കു് അവകാശമില്ല. പിന്നെ പവൻെറ കാര്യമാണു്. ആകെ 12 പവനേയുള്ളു. അതിൽ രണ്ടു പവൻ മത്തായിജ്യേഷ്ഠനുവേണ്ടി ചിലവഴിച്ചുകഴിഞ്ഞു. ബാക്കിയുള്ള പത്തുപവൻകൊണ്ടു് ചെറുക്കൻെറ വീട്ടുകാർ തൃപ്തിയടഞ്ഞുകൊള്ളുമെന്നു് അന്തോണിജ്യേഷ്ഠൻ ആശിച്ചു.

അടുത്ത പുലരി വിടന്നു. പ്രകൃതി കരയുന്നുണ്ടായിരുന്നു. ഏകദേശം പത്തുമണിയായപ്പോൾ ചെറുക്കൻെറ വീട്ടുകാർ അന്തോണിജ്യേഷ്ഠൻെറ വീട്ടിൽ എത്തിച്ചേന്നു. യാതൊരു മുഖവുരയും കൂടാതെ ചെറുക്കൻെറ പിതാവു നേരെ വിഷയത്തിലേക്കു കടന്നു: "പതിനഞ്ചുപവൻ തന്നില്ലെങ്കിൽ വിവാഹം നടക്കുകയില്ല. പെണ്ണും തറവാടും തരക്കേടില്ലാത്തകാരണമാണു് ഈ പതിനഞ്ചിൽ അവസാനിപ്പിച്ചതു്."

"അന്തോണിജ്യേഷ്ഠാ, കേട്ടോ?" മൂന്നാംകാരൻ മത്തായിജ്യേഷ്ഠൻ ആരംഭിച്ചു: "ഇന്നലെ ഞങ്ങൾ കിഴക്കേമുക്കിൽ ഒരു ബന്ധുതയ്ക്കു പോയിരുന്നു. പെണ്ണും തരക്കേടില്ല; പവനും കിട്ടും. തറവാടു തീരെ ഗുണമില്ല. അവർ മാർക്കംകൂടിയിട്ടു് 100 കൊല്ലമേ ആയിട്ടുള്ളു. പിന്നെ നമുക്കു ചേരുമോ? അതുകൊണ്ടാണു് ബന്ധുത വേണ്ടെന്നു വെച്ചതു്."

"പ... ത്തു... പ....വൻ ....പോരേ?" പ്രതീക്ഷയററ അന്തോണിജ്യേഷ്ഠൻ ഗദ്ഗദത്തോടെ ചോദിച്ചു.

"എന്തൂട്ടു്? പത്തുപവനോ? താൻ ഇങ്ങ്ട്ടു് വന്നേടോ മത്തായിജ്യേഷ്ഠാ.... നമുക്കു പോകാം...ഇയ്യാളുടെ ഒരു പത്തും ഇയ്യാളും."

ഇത്രയുമായപ്പോൾ സൂസിക്കു അടങ്ങിയിരിക്കുവാൻ കഴിയാതെയായി. അവൾ ധർമ്മരോഷത്തോടെ ചിലതു പറയുവാൻ തുടങ്ങി: "അമ്മേ, എനിക്കുവേണ്ടി ആരും വിലപേശേണ്ട. ഞാൻ ഒരു നീഗ്രോയാണോ? ഞാൻ ഒരു മൃഗമാണോ? മനുഷ്യനെ പണംകൊണ്ടു അളന്നു തിട്ടപ്പെടുത്തുന്നതു എനിക്കു ക്ഷമിക്കുവാൻ കഴിയുന്നില്ല. ഹൃദയങ്ങളുടെ വിലയനമാണു് വിവാഹമെങ്കിൽ, അതിനു പണമാകുന്ന ടിക്കററിൻെറ ആവശ്യമില്ലതന്നെ. സ്നേഹമാണു് അവിടെ മാനിക്കപ്പെടേണ്ടതു്. മനുഷ്യനെ പണവുമായി തുലനംചെയ്യുന്ന ഈ അനാചാരത്തിനെതിരെ വാളോങ്ങാതെ നിവൃത്തിയില്ല. ഈ അനാചാരം അടിതകരുന്ന കാലഘട്ടത്തിൽ മാത്രമേ ഞാൻ വിവാഹം കഴിക്കുവാൻ ഒരുക്കമുള്ളു." തീരെ അപ്രതീക്ഷിതമായിരുന്നു സൂസിയുടെ ഈ അഭിപ്രായപ്രകടനം.

"അവളു് വാളോങ്ങി അവിടെ നിക്കട്ടെ മത്തായിജ്യേഷ്ഠാ, നമുക്കു പോകാം. നമ്മുടെ കാരണവന്മാർ ചെയ്യാറുള്ളതു നമുക്കു ചെയ്യാതൊക്കുമോ?"

ഒരു മിനിട്ടും വൈകിക്കാതെ മത്തായിജ്യേഷ്ഠൻ ഈ അഭിപ്രായത്തെ പിന്താങ്ങി. അങ്ങനെ ചെറുക്കൻെറ പിതാവും മത്തായിജ്യേഷ്ഠനും പടികടന്നു.

അന്തോണിജ്യേഷ്ഠൻെറ ഹൃദയമലർവാടിയിൽ വിടരാൻ വെമ്പിക്കൊണ്ടിരുന്ന ആശയുടെ പൂമൊട്ടുകൾ ശക്തിയായ ചുടേററു വാടി നിലംപതിച്ചു. "സൂസി ജനിക്കാതിരുന്നെങ്കിൽ!" സൂസിയുടെ അമ്മ ആശിച്ചു. "സൂസി എന്നും ഒരു കുട്ടിയായിരുന്നെങ്കിൽ!" ആ പിതാവു പ്രത്യാശിച്ചു. അദ്ദേഹത്തിൻെറ ഹൃദയം ഒരു ശവക്കല്ലറയായി മാറിയിരിക്കുകയാണു്. ചിറകററ പ്രതീക്ഷകൾ ആ കുഴിമാടത്തിൽ നിറി നശിക്കുകയാണു്. പടിഞ്ഞാറു ചെഞ്ചായം പുരണ്ടു. പ്രകൃതി ഇരുണ്ട കരിമ്പടം പുതച്ചു് നിദ്രകൊള്ളുവാൻ തുടങ്ങി. ഓരോ യാമങ്ങൾ ഇഴഞ്ഞു നീങ്ങുമ്പോഴും ഓരോ പ്രതീക്ഷകൾ തകന്നമരുന്ന ശബ്ദം കേൾക്കാമായിരുന്നു.

വീണ്ടും കിഴക്കു വെള്ളവീശി. അന്തോണിജ്യേഷ്ഠൻ കിടക്കയിൽനിന്നു എഴുന്നേററിട്ടില്ല. "എന്തേ, ഇന്നു പറമ്പിലേക്കു പോകുന്നില്ലേ?" അന്നമ്മജ്യേഷ്ഠത്തിയാരു ചോദിച്ചു.

"ഇല്ല, ഇനി ഞാൻ ആക്കുവേണ്ടിയാണു പണിയെടുക്കേണ്ടതു്?" നിരാശകലന്ന സ്വരത്തിൽ അന്തോണിജ്യേഷ്ഠൻ മറുപടിയെന്നോണം ചോദിച്ചു.

—o—

## കൃതജ്ഞത



മാർ അന്തോനിസിൻേറയും സദാസഹായമാതാവിൻേറയും മാദ്ധ്യസ്ഥത്താലും ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും എൻെറ കാര്യങ്ങൾ ഫലപ്രദമായതിൽ നന്ദി.

അറയ്ക്കൽ പൗലോസ്
അന്തോണി, എടതിരിഞ്ഞി

(11-ാംപേജ് തുടർച്ച)

മായി അഭിനയിച്ച യൂദാസ്തന്നെയാണു സ്വന്ത കീശ വീപ്പിക്കാനായി ഗുരുവിനെപ്പോലും വിററതു്. ക്രിസ്തുവിനുവേണ്ടി സഭ ചെയ്യുന്ന ധനവ്യയം അനുചിതമാണെന്നു ദരിദ്രരുടെ നാമത്തിൽ ആക്ഷേപം പുറപ്പെടുവിക്കുന്ന ചിലർ ഇന്നുമുണ്ടല്ലോ. അവർ യൂദാസിൻെറ ആധുനികപതിപ്പുകൾ മാത്രമാണെന്നു അനുഭവം തെളിയിക്കുന്നുമുണ്ടു്.

രക്ഷ പ്രാപിക്കുന്നതിനു പാപത്തിൽ പതിക്കാതിരിക്കുകയും പതിച്ചുപോയാൽ അതേപ്പററി ഹൃദയപൂർവ്വം പശ്ചാത്തപിക്കുകയും വേണമെന്നു യൂദാസിൻെറ അനുഭവംതന്നെ പഠിപ്പിക്കുന്നു. പാപമലിനമായ ജീവിതം നയിച്ചിരുന്ന കള്ളൻ പശ്ചാത്തപിച്ചു് ദൈവത്തിൽ ശരണപ്പെട്ടപ്പോൾ "നീ ഇന്നു എന്നോടുകൂടി പറുദീസായിൽ ആയിരിക്കും" എന്നു് ഈശോ അവനെ സമാശ്വസിപ്പിച്ചു. മൂന്നുകൊല്ലം ഈശോയുടെ സന്തതസഹചാരിയായിരുന്നെങ്കിലും പാപത്തിൽ പതിച്ച യൂദാസ് പശ്ചാത്തപിച്ചു് ഗുരുവിൻെറ പക്കലേക്കു പിന്തിരിഞ്ഞില്ല. അവൻ നിരാശനായി ആത്മഹത്യചെയ്യുകയാണുണ്ടായതു്. തന്മൂലം അവൻ എന്നെന്നേക്കുമായി നശിച്ചു. "ആ മനുഷ്യനു ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു" (മത്താ: XXVI 24) എന്നാണു് ഈശോ ആയാളെപ്പററി പറഞ്ഞതു്. യൂദാസിനുണ്ടായതുപോലെയുള്ള വൈകാരികമായി ദുഃഖമല്ലാ ദൈവസ്നേഹത്തെപ്രതിയുള്ള പശ്ചാത്താപമാണു് ആവശ്യമായിരിക്കുന്നതു്.

ഇങ്ങനെ യൂദാസിൻെറ ജീവിതം പല തരത്തിൽ നമുക്കു ഒരു സാധനപാഠമായിരിക്കുന്നുണ്ടു്. ഒരു പാപി നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ലെന്നും പ്രത്യുത അവനു രക്ഷയുടെ മാർഗ്ഗത്തിലേക്കു തിരിയുവാനുള്ള അനേകം സന്ദർഭങ്ങൾ ദൈവം നൽകുന്നുണ്ടെന്നും യൂദാസിൻെറ ചരിത്രം നമുക്കു കാണിച്ചുതരുന്നു. ദൈവം തരുന്ന എല്ലാ അനുഗ്രഹങ്ങളേയും മാർഗ്ഗദർശനങ്ങളേയും യൂദാസിനെപ്പോലെ മനഃപൂർവ്വം തട്ടിമാററിക്കളയുന്നവർ നിത്യമായി നശിക്കുമെന്നുതന്നെ ആ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

164. ചോ: ഞായറാഴ്ചയും കടമുള്ള ദിവസങ്ങളും ശുദ്ധമായി കൊണ്ടുകൊൾക എന്നു പറഞ്ഞിരിക്കുന്നതു ശാരീരികശുദ്ധിയെമാത്രം ഉദ്ദേശിച്ചാണോ?

(കെ. ജെ. കെ. എരുമേലി)

ഉ: ദൈവപ്രമാണങ്ങളിലും തിരുസഭയുടെ കല്പനകളിലും ഒന്നുപോലെ ഉൾപ്പെടുന്ന ഒരു ശാസനമാണിതു്. ദൈവം മോശയ്ക്കു കൊടുത്ത പ്രമാണത്തിൽ പറയുന്നു: "സാബത്തുദിവസത്തെ പരിശുദ്ധമായി ആചരിക്കുവാൻ ഓത്തുകൊൾക. ആറുദിവസം നീ പ്രയത്നിക്കുകയും നിൻെറ എല്ലാ ജോലികളും ചെയ്യുകയുംവേണം. എന്നാൽ ഏഴാംദിവസം നിൻെറ ദൈവമായ കത്താവിൻെറ സാബത്തുദിവസമാകുന്നു. അന്നേദിവസം നീയോ, നിൻെറ മകനോ, നിൻെറ മകളോ, നിൻെറ വേലക്കാരനോ, നിൻെറ വേലക്കാരിയോ, നിൻെറ മൃഗമോ, നിൻെറ പടിവാതിൽക്കുള്ളിൽ വരുന്ന വിദേശിയോ യാതൊരു ജോലിയും ചെയ്യരുതു്" (പുറപ്പാടു് XX 8-10) "അന്നേദിവസം എന്തെങ്കിലും ജോലി ചെയ്യുന്ന ഏതൊരുത്തനും മരിക്കണം" (പുറപ്പാടു് XXXI-15)

യഹൂദന്മാർ സാബത്തു ആചരിച്ചിരുന്നതു ശനിയാഴ്ചയാണു്. അതിൻെറ സ്ഥാനത്തു ക്രിസ്തുവിൻെറ പുനരുത്ഥാനദിനമായ ഞായറാഴ്ച ശുദ്ധമായി ആചരിക്കുവാൻ അപ്പസ്തോലന്മാർ തീരുമാനിച്ചു. സാബത്തു ആചരണത്തിനു യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന കാക്കശ്യം വളരെ കുറയ്ക്കുകയും യഹൂദതിരുനാളുകളുടെ സ്ഥാനത്തു ക്രൈസ്തവപ്രാധാന്യമുള്ള ചില തിരുനാളുകൾ നിശ്ചയിക്കുകയും ചെയ്തു. അങ്ങനെയാണു് "ഞായറാഴ്ചകളേയും കടമുള്ള പെരുന്നാളുകളേയും ശുദ്ധമായിക്കൊണ്ടുകൊൾക" എന്നു "പത്തുപ്രമാണ"ങ്ങളിൽ ഉൾക്കൊള്ളിച്ചതു്. ഇതിനു പുറമെ സഭയുടെ ഒരു കല്പനയുമുണ്ടു്. "ഞായറാഴ്ചകളിലും കടമുള്ള പെരുന്നാളുകളിലും മുഴുവൻകുർബാന കാണുക"യെന്നതാണതു്.

"അങ്ങനെ ശുദ്ധമായി ആചരിക്കുക" എന്നതിൽ ചിലതു ചെയ്യരുതെന്നുള്ള ഒരു വിലക്കും ചില തു ചെയ്യണമെന്നുള്ള ഒരു കല്പനയും അടങ്ങിയിരിക്കുന്നു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ലൗകികമായ ഉദ്ദേശ്യങ്ങൾക്കായി കായികശക്തികളുപയോഗിച്ചു ചെയ്യപ്പെടുന്ന അടിമവേലകൾ, നീതിന്യായപ്രവൎത്തനങ്ങൾ, വ്യാപാരപ്രവൎത്തനങ്ങൾ മുതലായവ വിലക്കപ്പെടുന്നു. കിളയ്ക്കുക, വിതയ്ക്കുക, കൊയ്യുക, തൈയ്ക്കുക, അച്ചടിക്കുക, ഫാക്ടറികളിലും ഖനികളിലും ജോലിചെയ്യുക മുതലായവ "അടിമവേല"കളിൽ പെടുന്നു. ഇവ പ്രതിഫലമില്ലാതെ ചെയ്യുന്നതും വിലക്കപ്പെട്ടിരിക്കുകയാണു്. മൊഴികൊടുക്കാൻ സാക്ഷികളെ വിളിക്കുക, വിധി നടത്തുക മുതലായവ നീതിന്യായപ്രവൎത്തനങ്ങളിൽ പെടുന്നു. വില്ക്കുക, വാങ്ങുക മുതലായവയാണു വ്യാപാരപ്രവൎത്തനങ്ങൾ. ഇവയൊക്കെ മുടക്കപ്പെട്ടിരിക്കുകയാണു്. എന്നാൽ സഭാധികാരികളിൽനിന്നു മുൻകൂട്ടി അനുവാദം വാങ്ങിയിട്ടുള്ളവക്കും, അടിയന്തിരഘട്ടങ്ങളിൽ പെട്ടിരിക്കുന്നവക്കും ഇവയിൽ ഏതിലെങ്കിലും ഏപ്പെടുന്നതിനു സഭ അനുവദിച്ചിട്ടുണ്ടു്. വീട്ടുവേലകൾ മുതലായവ വിലക്കപ്പെടുന്നില്ല.

ഞായറാഴ്ചകളിലും കടമുള്ള പെരുന്നാളുകളിലും മുഴുവൻ കുർബാന ഭക്തിയോടുകൂടെ കാണണമെന്നാണു സഭ കല്പിക്കുന്നതു്. കുർബാനയുടെ ഏതെങ്കിലും ഭാഗം മനഃപൂർവ്വം കാണാതിരുന്നാൽ ഈ കല്പന തീകയ്ക്കപ്പെടുകയില്ല. കുർബാന കാണുന്നതു ദേവാലയങ്ങളിലോ പരസ്യകപ്പേളകളിലോ ആയിരിക്കണം. പ്രത്യേകം അനുവാദമുള്ളവക്കുമാത്രം സ്വകാര്യകപ്പേളകളിൽ കുർബാനകണ്ടു് ഈ കടമ നിവ്വഹിക്കാം. രോഗികൾ, നടക്കുവാൻ പാടില്ലാത്ത വൃദ്ധന്മാർ മുതലായവർ ഈ കല്പന നിവ്വഹിക്കുന്നതിൽനിന്നു ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ഞായറാഴ്ചകളും കടമുള്ള പെരുന്നാളുകളും ശുദ്ധമായി ആചരിക്കുവാൻ ഉൽസുകനായ ഒരു നല്ല ക്രിസ്ത്യാനി ആ ദിവസങ്ങളിൽ ദേവാലയത്തിലെ ഇതരദിവ്യകമ്മങ്ങളിലും സംബന്ധിക്കുകയും ആദ്ധ്യാത്മികപ്രഭാഷണങ്ങൾ ശ്രവിക്കുകയും, സൽഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും, കുമ്പസാരം, കുർബാന എന്നീ കൂദാശകൾ ഭക്തിപൂർവ്വം കൈക്കൊള്ളുകയും, മററുള്ളവക്കുവേണ്ടി അപേക്ഷിക്കുകയും ക്രിസ്തീയധമ്മപ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യും. അങ്ങനെ തൻെറ ശരീരത്തേയും ആത്മാവിനേയും നിമ്മലമായി സൂക്ഷിക്കുവാൻ ഉൽസുകനായിരിക്കും.

"ശുദ്ധമായി കൊണ്ടുകൊൾക" എന്നു പറഞ്ഞാൽ കുളിച്ചു ശരീരമാലിന്യങ്ങൾ കഴുകിക്കളയുകയെന്നല്ലാ അത്ഥം. ശരീരത്തെ അങ്ങനെ ശുദ്ധമാക്കിവയ്ക്കുന്നതു എപ്പോഴും നല്ലതുതന്നെയാണു്. പക്ഷെ അതിനെക്കാൾ ഗൗരവമായ കാര്യങ്ങളാണു് ഈ പ്രമാണത്താൽ ആവശ്യപ്പെട്ടിരിക്കുന്നതു്.

—o—

# പുസ്തകാഭിപ്രായം

## കുപ്പയിലെ മാണിക്യം

(പരിഭാഷകൻ: എ. ചേക്കാത്തറ, വില 62 ന. പൈ. പോസ്റ്റേജ് 11 ന. പൈ. ജനറൽ സെക്രട്ടറി, എസ്സ് എച്ച് ലീഗ്, ആലുവാ നോത്തു് P. O.)

ആധുനികമനുഷ്യൻ വളരെ അധികം പുതിയ പുതിയ കണ്ടുപിടിത്തങ്ങളുടെ ഉടമസ്ഥനാണെങ്കിലും പരസ്പരവിദ്വേഷവും അനീതിയും അവനെ വിട്ടുമാറുന്നില്ല. കാരണം, നീതിയും സ്നേഹവും അവൻ മറന്നുകളഞ്ഞു. ഈ ആധുനികമനുഷ്യനെ നീതിയിലേക്കും സ്നേഹത്തിലേക്കും മാടിവിളിക്കുവാൻ ഭൂമുഖത്തേക്കു വന്ന ഒരാളായിരുന്നു അനുഗൃഹീതനായ "മാർട്ടിൻ ഡി പോറസ്." ഏകദേശം നാനൂറു വർഷങ്ങൾക്കു മുമ്പു് "ലിമാ"യിൽ ജീവിച്ചിരുന്ന ഒരു നീഗ്രോ യുവാവായിരുന്നു മാർട്ടിൻ. അദ്ദേഹത്തിനു്—സ്വന്തം മാതാപിതാക്കന്മാരാൽ പോലും—നീതിയും സ്നേഹവും നിഷേധിക്കപ്പെട്ടിരുന്നു. സ്വജനങ്ങളാൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അടുത്തറിഞ്ഞതോടുകൂടി അദ്ദേഹം നീതിയുടേയും സ്നേഹത്തിൻേറയും ഒരപ്പസ്തോലനായിമാറി. "ലിമാ" യിലെ ഡൊമിനിക്കൻ ആശ്രമത്തിൽ ചേന്നുകൊണ്ടു് തൻെറ ജീവിതം ദൈവശുശ്രൂഷയ്ക്കായി പ്രതിഷ്ഠിച്ചു. കേവലം ഒരെളിയ സഹോദരനായി ജീവിക്കുന്നതിനുവേണ്ടിയാണു് അദ്ദേഹം ആശ്രമത്തിൽ പ്രവേശിച്ചതു്. ആശ്രമശ്രേഷ്ഠൻ നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹം സഭാവസ്ത്രംപോലും സ്വീകരിക്കുകയില്ലായിരുന്നു. അത്രയ്ക്കു ഗാഢമായിരുന്നു മാർട്ടിൻെറ എളിമ.

ദൈവസ്നേഹത്തിൻേറയും പരസ്നേഹത്തിൻേറയും പര്യായമായിരുന്നു മാർട്ടിൻെറ ജീവിതം. അതിലെ ചില സംഭവങ്ങളേയും അദ്ദേഹത്തിൻെറ ബാല്യകാലത്തേയും വിവരിച്ചു് റവ. ഫാ ഹരോൾഡ് ഹിഗ്നി രചിച്ച 'The least of the brethren' എന്ന ഗ്രന്ഥത്തിൻെറ പരിഭാഷയാണു് ഈ പുസ്തകം. സാധാരണ ജനങ്ങൾക്കു് അജ്ഞാതനായ മാർട്ടിനെ, അതെ, "കുപ്പയിലെ മാണിക്യ"ത്തെ അവക്കു കാണിച്ചുകൊടുക്കുക എന്നതാണു് ഈ ഗ്രന്ഥത്തിൻെറ ഉദ്ദേശ്യം. അതു സഫലമായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. മലയാളികൾക്കു് മാർട്ടിനെക്കുറിച്ചറിയുന്നതിനും അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥ്യശക്തിയിൽ അഭയംപ്രാപിക്കുന്നതിനും ഈ പുസ്തകം അവസരം നൽകാതിരിക്കുകയില്ല. ഗ്രന്ഥത്തിനു് പ്രചുരപ്രചാരം ആശംസിച്ചുകൊള്ളുന്നു.

ആദ്ധ്യാത്മികവീഥി

# നിത്യസൗഭാഗ്യം


ദൈവത്തിൻെറ വത്സലമക്കളേ,

മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു ദൈവത്തിൻെറ ഭാഗത്തുനിന്നു നോക്കുമ്പോൾ അവിടുത്തെ മഹിമയ്ക്കുവേണ്ടിയാണെന്നു പറയണമെങ്കിലും മനുഷ്യൻെറ ഭാഗത്തെ സംബന്ധിച്ചിടത്തോളം അവൻെറ നിത്യസൗഭാഗ്യത്തിനുവേണ്ടിയാണെന്നു പറയാം. അതെ, സർവ്വനന്മസ്വരൂപിയായിരിക്കുന്ന ദൈവം തൻെറ അനന്തഭാഗ്യത്തിൽ ഒരംശം മനുഷ്യനുകൂടി കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവനെ സൃഷ്ടിച്ചതു്. അതു ലഭിച്ചെങ്കിൽ മാത്രമേ അവനു ജന്മസാഫല്യം ഉണ്ടാകുകയുള്ളു.

നാം ദിവസേന ചൊല്ലാറുള്ള വിശ്വാസപ്രമാണത്തിൻെറ അവസാനത്തിൽ എന്നെന്നേക്കുമുള്ള ആയുസ്സും ഉണ്ടെന്നു വിശ്വസിക്കുന്നുവെന്നു പറയുന്നതു സൗഭാഗ്യസമ്പൂർണ്ണമായ ആ നിത്യാനന്ദത്തെക്കുറിച്ചാണ്. എന്നാൽ നാം അതേപ്പററി ഗാഢമായി ചിന്തിക്കാറുണ്ടോ? നമ്മുടെ ദിവ്യരക്ഷകൻ തൻെറ ഒടുക്കത്തെ അത്താഴത്തിനുശേഷമുള്ള പ്രഭാഷണത്തിൽ താൻ സ്വർഗ്ഗത്തിൽചെന്നു നമുക്കായി സ്ഥലം ഒരുക്കിയശേഷം തിരികെവന്നു നമ്മെ അങ്ങോട്ടു ആനയിക്കാമെന്നു അരുളിച്ചെയ്തിട്ടില്ലയോ? അവസാനവിധിയെക്കുറിച്ചു പറയുമ്പോഴും "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" എന്നുപറഞ്ഞു് നമ്മെ ക്ഷണിക്കുമെന്നും വാഗ്ദാനംചെയ്തിട്ടുണ്ട്.

വിശ്വാസത്തെ അവഹേളിക്കുന്ന അനേകം പ്രസിദ്ധീകരണങ്ങൾ ദിവസേനയെന്നവണ്ണം വായിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ യുവജനങ്ങൾക്കു സ്വർഗ്ഗം എന്നു് ഒന്നുണ്ടോ എന്നുപോലും ബലമായ സംശയമുള്ളതായി അറിയാം. സത്യസ്വരൂപനായ മിശിഹായുടെ വാഗ്ദാനവും അപ്രമാദമായി പഠിപ്പിക്കുന്ന തിരുസഭയുടെ പഠനവുംമാത്രം മതി പ്രസ്തുത സംശയത്തെ ദൂരീകരിക്കുന്നതിനു്.

എന്നാൽ സ്വർഗ്ഗത്തിൽനിന്നു വല്ല മനുഷ്യരുംവന്നു് ആ സ്ഥലത്തിൻെറ അസ്തിത്വത്തെക്കുറിച്ചു തെളിവുതരാതെ വിശ്വസിക്കയില്ലെന്നു ശഠിക്കുന്നവരുണ്ടാകാം. അ



വി. പത്താം പീയൂസിൻെറ മദ്ധ്യസ്ഥതാലും ബ. അരിക്കോൻ സാമ്മയുടെ സഹായതാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

ഒരു വിശ്വസ്തൻ, ചിററാട്ടുകര

ങ്ങനെയുള്ളവർക്കുപോലും ആത്മാർത്ഥതയുണ്ടെങ്കിൽ കണ്ടുവിശ്വസിക്കുന്നതിനുള്ള അവസരങ്ങൾ കരുണാവാരിധിയായ ദൈവം ധാരാളമായി നൽകുന്നുണ്ടു്.

ലോകപ്രസിദ്ധമായ ലൂർദ്ദിനെക്കുറിച്ചും ഫാത്തിമായെക്കുറിച്ചും കേട്ടിട്ടില്ലാത്തവരായി ആരാണുള്ളതു? ഒരുകാലത്തു വെറും വിജനപ്രദേശങ്ങളായി കിടന്നിരുന്ന ആ സ്ഥലങ്ങൾ ഇപ്പോൾ ലക്ഷക്കണക്കിനു ആളുകളെ ആകർഷിക്കുന്ന തീർത്ഥകേന്ദ്രങ്ങളായിത്തീർന്നതെങ്ങനെയാണ്? ഫ്രാൻസിലേയും പോർട്ടുഗലിലേയും നിരീശ്വരഗവമെൻറുകളുടെ ശക്തിയായ എതിർപ്പുണ്ടായിരുന്നിട്ടും തിരുസഭാധികാരികൾ മന:പൂർവ്വം ദീർഘകാലത്തേക്കു മൗനമവലംബിച്ചിട്ടും ആ സ്ഥലങ്ങൾ ഇന്നത്തെ നില പ്രാപിച്ചതെങ്ങനെ? ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം പരിശുദ്ധ കന്യക സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു ചില കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടു് അവിടെ ചെല്ലുന്നവർക്കു അത്ഭുതകരമായ സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നു വാഗ്ദാനംചെയ്തതിൻെറയും ആ വാഗ്ദാനം ഇന്നും പാലിച്ചുവരുന്നതിൻെറയും ഫലമായിട്ടാണ് ആളുകൾ അവിടെ ഓടിക്കൂടുന്നതെന്നു്. സ്വർഗ്ഗത്തിൻെറ അസ്തിത്വത്തിനു ഇതു ഒരൊന്നാന്തരം തെളിവല്ലയോ?

അവിടെ എത്തിച്ചേരത്തക്കവണ്ണമുള്ള ജീവിതം നയിക്കുന്നതിനു നമുക്കു ശ്രമിക്കാം,

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

(1-ാം പേജ് തുടർച്ച)

യുമെന്നതാണ് എൻെറ പ്രതീക്ഷ. ഈ ലേഖനത്തിൽ ഞാൻ പ്രസ്പഷ്ടമായി കാണിച്ചിട്ടുള്ള കാരണങ്ങളാലും, ഈ ലേഖനപരിധിക്കുള്ളിൽ ഞാൻ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത മററനേകം കാരണങ്ങളാലും ഈ പ്രസ്ഥാനത്തിൻെറ ആവിർഭാവത്തിനുള്ള ഒരഭ്യർത്ഥനയായി ഈ ലേഖനം സ്വാഗതം ചെയ്യുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

കൊള്ളാം കാര്യം ഏററം നല്ലതു്. നല്ല ആശയമാണതു്. പക്ഷേ പണമെവിടെ? എന്ന ഒരു ചോദ്യം ഒരുപക്ഷേ ഉയരുന്നക്കാം. "മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ടു്" പണത്തിൻെറപേരിൽ ആവശ്യമുള്ള നല്ല പ്രസ്ഥാനങ്ങളെ നാം കൊന്നു കുഴിച്ചുമൂടാറില്ലല്ലോ? സന്മനസ്സും കഴിവുമുള്ള അനവധി കത്തോലിക്കർ കേരളത്തിലുണ്ടു്. കത്തോലിക്കാപ്രവർത്തനത്തിൻെറ കാതലായ ഒരു പങ്ക് ഒരു നല്ല ലൈബ്രറിക്കു നിർവ്വഹിക്കുവാൻ കഴിയുമെന്ന വസ്തുത നാം മറന്നുകളയരുതു്. കേരളകത്തോലിക്കാ വൈദികരും അൽമായരും ഒന്നിച്ചു ശ്രമിക്കുന്നതായാൽ നിഷ്പ്രയാസം ഇതിനാവശ്യമായ സഹായം അകത്തുനിന്നും പുറത്തുനിന്നും ഒന്നുപോലെ ലഭിക്കുകയും ചെയ്യും. അവ വേണ്ടവിധത്തിൽ സംഘടിപ്പിക്കുന്നതിനുള്ള വിദഗ്ദ്ധഹസ്തങ്ങളും ദൈവാനുഗ്രഹത്താൽ ഇന്നു കേരളത്തിലുണ്ടു്.

കേരളത്തിൽനിന്നും വിദേശരാജ്യങ്ങളിൽ പഠനം നടത്തുന്ന വൈദികർ, കന്യാസ്ത്രീകൾ, ഇതിൽ അഭിരുചിയും ആഗ്രഹവുമുള്ള അൽമായർ ഇവർക്കു്, ഈ പ്രസ്ഥാനത്തിൻെറ നടത്തിപ്പിനാവശ്യമായ അനേകം നല്ല പ്രായോഗികമാർഗ്ഗങ്ങൾ അനുഭവത്തിൽനിന്നും നിർദ്ദേശിക്കുവാനും സഹായിക്കുവാനും കഴിയും. കേരളത്തിനേററം ആവശ്യമുള്ളതും, കത്തോലിക്കാ തിരുസഭയ്ക്കുഭിമാനംകൊള്ളാവുന്നതുമായ ഈ സ്ഥാപനം രൂപംകൊള്ളുന്ന ആ ശുഭദിനം കാണാൻ അത്യാർത്തിയോടെ നമുക്കു കാത്തിരിക്കാം.

## ഇടവകവാർത്തകൾ

ഇളങ്കുളം: സ്ഥലം പള്ളിയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ഒക്ടോബർ 17-ാം തീയതി ആരംഭിച്ചു 20-ാം തീയതി സമംഗളം പര്യവസാനിച്ചു. തിരുനാൾ ദിവസമായ ഞായറാഴ്ച ആഘോഷമായ പാട്ടുകർബാനയ്ക്കുശേഷം എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം നടത്തി. തുടന്നു സത്യദീപം പത്രാധിപർ റവ. ഫാ ജോസഫ് വിതയത്തിൽ തിരുനാൾ പ്രസംഗം നടത്തി. ഇക്കൊല്ലത്തെ പ്രസുദേന്തി പാലാത്തുരുത്തിൽ കുഞ്ഞുവറീസ്സു് അവർകളായിരുന്നു.

അമ്പാറനിരപ്പേൽ: സ്ഥലം ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളുടെ അംഗത്വസ്ഥിരീകരണം ഒക്ടോബർ 6-ാംനു ആഘോഷപൂർവ്വം നടത്തപ്പെടുകയുണ്ടായി. അതോടനുബന്ധിച്ചു നടന്ന പൊതുയോഗത്തിൽ റവ. ഫാദർ ജോസഫ് ബീഡ് ആദ്ധ്യക്ഷം വഹിച്ചു. തദവസരത്തിൽ മെ. പി ജെ ജോസഫ്, പി ജെ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപ്രകടനം, ലീഗ് അംഗങ്ങളുടെ ചിലവിൽ നടന്ന കാപ്പിസൽക്കാരം എന്നിവയോടുകൂടി യോഗം അവസാനിച്ചു.

മണിമൂളി: സ്ഥലം ക്രിസ്തുരാജദേവാലയത്തോടനുബന്ധിച്ചു നടത്തിവരുന്ന മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ സെപ്തംബർ 22-ാംനു ഞായറാഴ്ച പരിശുദ്ധജനനിയുടെ പിറവിത്തിരുനാൾ അത്യാഡംബരസമന്വിതം കൊണ്ടാടി. ഞായറാഴ്ച ഉച്ചകഴിഞ്ഞു് മാതൃഗീതങ്ങൾ ആലപിച്ചുകൊണ്ടു ഒരു ഘോഷയാത്ര നടത്തി. 4-30നു് റവ. ഫാദർ ക്ലോഡിയോസ് ടി ഒ സി ഡി യുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുകയും മാസ്റ്റർ സേവ്യർ പി ജോൺ പ്ലാവനാക്കുഴിയും മാസ്റ്റർ അബ്രാഹം കൊണ്ടുപറമ്പനും ഓരോ പ്രസംഗം ചെയ്കയുംചെയ്തു 8-30നു് സെൻറ് മേരീസ് ക്ലബ്ബുകാരുടെ രക്ഷാകവചം എന്ന ഗദ്യനാടകം വളരെ തന്മയത്വമായി അഭിനയിക്കപ്പെട്ടു.

# മന്ത്രി മുണ്ടശേരിയുടെ അവഗണനയെ

## ഗവ. സ്കൂൾ അദ്ധ്യാപകർ എതിർക്കുന്നു

ഗവ: സ്കൂൾ അദ്ധ്യാപകഫെഡറേഷൻെറ ജനറൽബോഡിയോഗം ഒക്ടോ: 6-ാംനു കോട്ടയത്തു സമ്മേളിച്ചു് താഴെപറയുന്ന നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു.

1. ഗവമ്മെൻറു് ടീച്ചേഴ്സ് ഫെഡറേഷൻ സമർപ്പിച്ച മെമ്മോറാണ്ഡത്തിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപകപ്രതിനിധികളടങ്ങിയ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിനുപോലും സന്മനസ്സുകാണിക്കാത്ത മനോഭാവത്തെ അത്യന്തം ഖേദപൂർവ്വം വീക്ഷിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നു.

2. തുല്യജോലിക്കു തുല്യവേതനം നൽകുന്നതു് തുല്യവ്യവസ്ഥയിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ചായിരിക്കണമെന്നുള്ള ഗവ: സ്കൂൾ അദ്ധ്യാപകരുടെ തുടർച്ചയായ നിവേദനങ്ങളെല്ലാം തള്ളിക്കൊണ്ടു്, ഗവ: സർവ്വീസിൽ പ്രവേശിച്ചതു് ഒരു മഹാപാപമായിപ്പോയെന്നു തോന്നത്തക്കവണ്ണമുള്ള മന്ത്രിയുടെ പ്രസ്താവനകളും തദനുസൃതമായ ഉത്തരവുകളും ഈ യോഗം അത്യന്തം ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു.

3. ഒക്ടോ: 25-ാംനു-ക്കകം പ്രധാനപ്പെട്ട അവകാശവാദങ്ങൾക്കു തീരുമാനം കല്പിക്കണമെന്നുള്ള ഒരന്ത്യശാസനം ഉടൻതന്നെ നൽകണമെന്നും അതു പരാജയപ്പെട്ടാൽ നവമ്പർ 2-ാംനു-ക്കുമുമ്പു രാജ്യവ്യാപകമായ തോതിൽ പ്രചരണം സംഘടിപ്പിച്ചുകൊണ്ടു് അവകാശദിനം ആചരിക്കണമെന്നും അതുകൊണ്ടും ന്യായംചെയ്യാൻ വിമുഖത പ്രകടിപ്പിക്കുന്നെങ്കിൽ നവമ്പർ 15-നു് നിരാഹാരാദ്ധ്യാപനം നടത്തണമെന്നും അതും വിഫലമാകുന്നപക്ഷം അടിയന്തിരമായി ഫെഡറേഷൻ പൊതുയോഗം വിളിച്ചുകൂട്ടി മററു സമരപരിപാടി ആസൂത്രണം ചെയ്യണമെന്നും തീരുമാനിച്ചു.

4. മേല്പറഞ്ഞ പരിപാടികൾ നടപ്പിൽവരുത്തുന്നതിനു് ഫെഡറേഷൻ പ്രസിഡൻറിൻെറ നേതൃത്വത്തിൽ ഒരു ആക്ഷൻകൗൺസിൽ രൂപീകരിച്ചു

## 3-ാം ചരമവാർഷികം



കളപ്പുറമ്പത്തു് കാക്കു ഭാര്യ

നൈത്തി, ആലുവാ

21—10—54

"ദയാപരനായ ഈശോ, ഇവർക്കു നിത്യാശ്വാസം കൊടുത്തരുളേണമെ."

R. I. P.

## ചരമവാർത്തകൾ

പുത്തൻചിറ: പഴയാററിൽ ഉറുവത്തു് തോമ കുഞ്ഞുവറീസ്സു് അന്തിമശുശ്രൂഷകളെല്ലാം ഭക്തിപൂർവ്വം സ്വീകരിച്ചു 84-ാം വയസ്സിൽ ഒക്ടോബർ 5-ാംനു രാവിലെ മൂന്നുമണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

പരിയാരം: വെള്ളികുളങ്ങര പള്ളി ഇടവക കാവുങ്കൽ കൊച്ചാപ്പുവിൻെറ ഭാര്യ മറിയംകുട്ടി ഒക്ടോബർ 13-ാം തീയതി 12 മണിക്കു് 26-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം പിറെറ ദിവസം വൈകുന്നേരം 4 മണിക്കു് റവ ഫാദർ വർഗ്ഗീസ് അക്കരയുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി പരിയാരം പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

R. I. P.

## വിനോദവീഥി



"സിനിമയ്ക്കു് ടിക്കററു കിട്ടില്ല കല്യാണി—അവന്മാരാരും "ക്യൂ" നിൽക്കില്ല."

× × ×



"അവരുടെ പല്ലെടുത്തിട്ടെത്ര രൂപ കിട്ടി ചങ്ങാതീ—?"

"പല്ലിൽ ചവണതൊട്ടപ്പോഴേ അതു ഭ്രമികുലുക്കാൻ തുടങ്ങി. എൻെറ ചവണയോ പൊട്ടി. പിന്നെ 50 രൂപ ഞാനവർക്കു് കൊടുക്കേണ്ടിവന്നു ഒന്നിവിടന്നു് മിണ്ടാതെണീററു പോവാൻ."

കൊടുങ്ങല്ലൂർ (അഴീക്കോട്) മാർത്തോമാനഗറിൽ നവമ്പർ 24-ാംനു-

മാർ തോമാശ്ലീഹാ തിരുനാൾമഹാമഹം

കാലത്തു് 8-30നു് പൊന്തിഫിക്കൽ കുർബാന—അഭിവന്ദ്യതിരുമേനി മാർ മാത്യു കാവുകാട്ടു്

തിരുനാൾപ്രസംഗം:—റവ. ഫാദർ കുര്യാക്കോസ് ഏട്ടണക്കാട്ടു് എം. എ.

തിരുനാളിനു മുൻപുള്ള മൂന്നുദിവസങ്ങളിൽ ജ്ഞാനധ്യാനപ്രസംഗം:—റവ. ഫാദർ വിക്ടർ

തിരുനാൾദിവസത്തെ ഭക്ഷണസൗകര്യാർത്ഥം പള്ളികളിലെ ബഹുമാനപ്പെട്ട വികാരിമാർ വഴിയും, കൊവേന്തകളിലെ ശ്രേഷ്ഠന്മാർവഴിയും, കോൺവെൻറു് ഹൈസ്കൂളുകളിലെ ഹെഡ്മിസ്ട്രസുമാർവഴിയും കാലേക്കൂട്ടി ടിക്കററുകൾ ആവശ്യപ്പെടുക.

N. B. നവമ്പർ 10-ാംനു-ക്കു മുൻപു ടിക്കററു കുററിയും പണവും ഇവിടെ കിട്ടേണ്ടതാണ്. കാലത്തെ കാപ്പിക്കു് 4 ണയും ഉച്ചയ്ക്കു ഊണിനു് 8 ണയും ആണു് ചാർജ്. പണം പിരിച്ചയക്കുന്നവർക്കു് പത്തിലൊന്നു കമ്മീഷൻ ലഭിക്കുന്നതാണ്.

പ്രസിഡൻറു്—വി. വി. ജോബു്, വാരിയൻപറമ്പിൽ, പള്ളുരുത്തി

റെക്ടർ.

# സത്യദീപം

പത്രാധിപന്മാർ

ഷവലിയർ റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 OCTOBER 23 || No. 11


# റെയ്പൂർ സംഭവത്തെ നെഹ്റു പരാമർശിക്കുന്നു

ഇന്ത്യയിലെ നാഷനൽ മിഷനറി സൊസൈററിയുടെ എക്സിക്യൂട്ടീവ് കമ്മിററി ഈയിടെ എല്ലാ സഭാവിഭാഗങ്ങളേയും മിഷനുകളേയും ആഹ്വാനംചെയ്തുകൊണ്ടു്, "ക്ഷമാശീലത്തിന്റേയും, പ്രത്യാശയുടേയും, വിനയത്തിന്റേയും" ഒരു സന്ദേശം നൽകുന്നതിനും, റെയ്പൂർസംഭവത്തെ സംബന്ധിച്ചു് "നിയമാനുസൃതമായും സമാധാനപരമായും വേണ്ട നടപടികൾ എടുക്കുന്ന"തല്ലാതെ അതേച്ചൊല്ലി ക്രിസ്ത്യാനികൾ അതിരുകടന്ന പ്രക്ഷോഭണങ്ങളിൽ ഏർപ്പെടാതിരിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതിനും ഒരു നിശ്ചയം പാസ്സാക്കുകയുണ്ടായി. അതിനുശേഷം, മെത്താഡിസ്റ്റ്സഭയിലെ പ്രായംകൂടിയ മെത്രാനും കമ്മിററി മീററിംഗിലെ അദ്ധ്യക്ഷനുമായ റൈററു് റവ. എസ്. കെ. മൊൺഡോൾ അവർകളുടെ നേതൃത്വത്തിൽ കമ്മററി അംഗങ്ങൾ മി. നെഹ്റുവിനെ സന്ദർശിക്കുകയും സഭാകാര്യങ്ങളെപ്പററി ചർച്ചകൾ നടത്തുകയും ചെയ്തു. സംഭാഷണത്തിനിടയിൽ, ക്രിസ്ത്യാനികൾ "സാഹോദര്യമനോഭാവത്തോടുകൂടി വർത്തിക്കുമെന്നും റെയ്പൂരിൽ അവക്കെതിരായി അനീതിപ്രവർത്തിച്ചവരോടു് ക്ഷമിക്കു"മെന്നും അദ്ദേഹം നെഹ്റുവിനോടു പ്രസ്താവിച്ചു. ബ്രിട്ടീഷ്ഭരണകാലത്തു നിയന്ത്രണാധീനമായിരുന്ന പല ശക്തികളും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വിമുക്തങ്ങളായിട്ടുണ്ടെന്നും, അവയിൽ ചിലതു നല്ലതും ചിലതു ചീത്തയുമാണെന്നും ശ്രീ നെഹ്റു പരാമർശിക്കുകയും, ഇന്ത്യയുടെ ചില ഭാഗങ്ങളിൽ—പ്രത്യേകിച്ചു ഉത്തരഭാഗങ്ങളിൽ—ക്രിസ്തുമതം ബ്രിട്ടീഷ്ഭരണത്തോടുകൂടി ഇന്ത്യയിൽ വന്നുചേർന്നതാണെന്നുള്ള ഒരു ധാരണയുള്ളതായി പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ യഥാർത്ഥത്തിൽ ബ്രിട്ടീഷ് ഭരണത്തിനു വളരെക്കാലംമുമ്പു്, ക്രിസ്ത്വബ്ദം ഒന്നാംനൂററാണ്ടിൽ ഇന്ത്യയിൽ അതു പ്രചരിച്ചതാണെന്നും അപ്രകാരം തീർച്ചയായും ക്രിസ്തുമതം "ഇന്ത്യയുടെ ഒരു മത"മാണെന്നും അദ്ദേഹം വ്യക്തമാക്കി. വിദേശമിഷനറി പ്രവർത്തനങ്ങളെപ്പററി അദ്ദേഹം പറഞ്ഞതു്, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിൽ മിഷനറിമാരുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നും, പക്ഷെ ഈ വർദ്ധനവു്, പ്രത്യേകിച്ചും അമേരിക്കയിൽനിന്നു വ്യവസ്ഥാപിതമല്ലാത്ത സഭാവിഭാഗങ്ങളുടെ മിഷനറിമാർ അധികമായി വന്നുചേർന്നുകൊണ്ടാണെന്നും, എന്നാൽ വ്യവസ്ഥാപിതവും പുരാതനവുമായ ക്രിസ്ത്യൻസഭകളിൽനിന്നുള്ള മിഷനറിമാരുടെ വരവു യഥാർത്ഥത്തിൽ കുറഞ്ഞിരിക്കുകയാണു് എന്നുമത്രെ.

ഈ പരാമർശനത്തിനവസരമായ റെയ്പൂർ സംഭവവും അതേതുടർന്നുണ്ടായ പ്രക്ഷോഭണങ്ങളും ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു. മദ്ധ്യപ്രദേശത്തു് റെയ്പൂർ എന്ന സ്ഥലത്തു അമേരിക്കൻ എവാഞ്ചെലിക്കൽ മിഷൻവകയായി "ഗാസ് മെമ്മോറിയൽ സെൻറർ" എന്ന ഒരു സ്ഥാപനം നടത്തിപ്പോന്നിരുന്നു. ബ്റുഹത്തായ ഈ മന്ദിരത്തിൽ സാമൂഹികവിദ്യാഭ്യാസത്തിനും, വിനോദത്തിനും, ഗ്രന്ഥപാരായണത്തിനും, താമസത്തിനും, സമ്മേളനങ്ങൾക്കും എല്ലാം വേണ്ട സജ്ജീകരണങ്ങളുണ്ടു്. ശ്രീ ഗുരുബാച്ചൻ സിംഗ് അതിന്റെ ഇപ്പോഴത്തെ മാനേജരാണു്. ആഗസ്റ്റ് 15, 16 തീയതികളിൽ ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റേയും 1857-ന്റെ ശതാബ്ദാഘോഷത്തിന്റേയും സംയുക്തപരിപാടികൾക്കായി സെൻററിന്റെ ആഡിറേറാറിയം സ്ഥലത്തുള്ള സ്കൂളുകളുടേയും കോളേജുകളുടേയും ഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നു് ഒരാഴ്ചമുമ്പു സ്കൂളുകളുടെ ഡിസ്ട്രിക്ട്ഇൻസ്പെക്ടർ ആവശ്യപ്പെടുകയും സെൻററിന്റെ സ്വന്തം പരിപാടികൾ മാററിവച്ചു് ആഡിറേറാറിയം സൗജന്യമായി കൊടുക്കുന്നതാണെന്നു മാനേജർ സമ്മതിക്കുകയും ചെയ്തു. അദ്ദേഹവും സെൻററിലെ മററുദ്യോഗസ്ഥന്മാരും ഈ ദേശീയാഘോഷപരിപാടികൾ വിജയപ്രദമാക്കുന്നതിനുവേണ്ട എല്ലാ ഒത്താശകളും സഹായങ്ങളും ചെയ്തുകൊണ്ടിരുന്നു. 16-ാംതീയതിയിലെ പരിപാടികൾ സ്ത്രീവിഭാഗത്തിനുള്ളതായിരുന്നു. റെയ്പൂർ കലാമന്ദിരക്കാരുടെ ഒരു പ്രകടനം അതിൽപെട്ടിരുന്നു. അവരിൽ ചിലർകൂടി ഒരു വിഗ്രഹത്തെ അവിടേക്കു കൊണ്ടുവരുന്നതുകണ്ടു് മാനേജർ കലാമന്ദിരത്തിന്റെ അധികൃതരോടു് അതെന്തിനുവേണ്ടിയാണെന്നന്വേഷിച്ചു. അന്നത്തെ അവരുടെ പരിപാടിയിൽ ഒരു ആരാധനാകർമ്മം നടക്കാനുണ്ടെന്നും അതിനുള്ളതാണു് വിഗ്രഹമെന്നും മനസ്സിലാക്കിയപ്പോൾ അദ്ദേഹം സെൻററിന്റെ നിയമമനുസരിച്ചു വിഗ്രഹാരാധനാപരിപാടികൾ സ്ഥാപനത്തിൽ നിരോധിക്കപ്പെട്ടിരിക്കുകയാണെന്നു അധികൃതരെ ധരിപ്പിച്ചു. എങ്കിലും യാതൊരു മാററങ്ങൾക്കും വഴിപ്പെടാതെ പരിപാടികൾ അവർ നിർവ്വഹിക്കുകതന്നെചെയ്തു.

ദിവസങ്ങൾ ഒന്നൊന്നായി കഴിഞ്ഞുപോയി. ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും ചില അണിയറപ്രവർത്തനങ്ങളുടെ ഫലമായി അന്തരീക്ഷം ആകപ്പാടെ കലുഷിതമായി കാണപ്പെട്ടു. ഏതോ മഹാവിപ്ലവത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായിരുന്നു. 21-ാംതീയതിമുതൽ റെയ്പൂർ പ്രതിദിനപത്രമായ മഹാകോശൽ പ്രക്ഷുബ്ധമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. ഉദ്യോഗസ്ഥമേധാവികൾ മാനേജരോടു് കാരണങ്ങൾ ആരായുവാൻ തുടങ്ങി. പ്രക്ഷോഭകരമായ യാതൊരു സംഭവവും യഥാർത്ഥത്തിൽ നടന്നിരുന്നില്ലെങ്കിലും അന്ധമായ വർഗ്ഗീയതയെ ആളിക്കത്തിക്കുന്നതിനു തല്പരകക്ഷികൾ ഗൂഢപ്രവർത്തനങ്ങൾ ശക്തിയായി നടത്തുന്നുണ്ടായിരുന്നു. ആരാധനയെ തടസ്സപ്പെടുത്താൻ മാനേജർ ശ്രമിച്ചു എന്നതായിരുന്നു ആരോപണം. വാസ്തവവിരുദ്ധമെങ്കിലും അജ്ഞരായ സാമാന്യജനങ്ങളെ വിപ്ലവാസക്തരാക്കുന്നതിനു അതു ധാരാളം മതിയായിരുന്നു. 26-ാംനു കാലത്തു മുതൽ സെൻററിനെതിരായി ആക്രമണങ്ങൾ ആരംഭിച്ചു ജനങ്ങൾ കൂട്ടംകൂട്ടമായി വന്നു മുദ്രാവാക്യം മുഴക്കുക, കല്ലെറിയുക മുതലായി ആക്രമണപരിപാടികൾ മുറയ്ക്കു തുടർന്നുകൊണ്ടിരുന്നു. പോലീസിന്റേയും മററും നിയന്ത്രണങ്ങൾ വിഫലങ്ങളായി. സന്ധ്യയോടുകൂടി അവിടെ ആക്രമണവും മോഷണവും തീവെയ്പും എല്ലാം നടന്നു. മാനേജർ പോലീസിന്റേയും ചില സുഹൃത്തുക്കളുടേയും സംരക്ഷണയിൽ ഒരുവിധത്തിൽ രക്ഷപെട്ടു. മഹത്തായ ആ മന്ദിരം അഗ്നിക്കിരയായി. പത്തുലക്ഷത്തിൽപരം ഉറുപ്പികയുടെ നഷ്ടമാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അഗ്നിശമനയന്ത്രങ്ങൾ സ്ഥലത്തെത്തിയെങ്കിലും അവയെ പ്രവർത്തിപ്പിക്കുന്നതിനു ജനങ്ങൾ സമ്മതിച്ചില്ല. പോലീസും പട്ടാളവും സമാധാനസ്ഥാപനത്തിനു പരിശ്രമിച്ചെങ്കിലും മതഭ്രാന്തരായ ജനക്കൂട്ടം വഴിപ്പെട്ടില്ല. വിദ്യാർത്ഥികളും ഒരു നല്ല പങ്കുവഹിച്ചിരുന്നു ഈ വിപ്ലവത്തിൽ. പോലീസ്മേധാവികൾക്കു പിടിച്ചുനില്ക്കുവാൻ സാദ്ധ്യമല്ലാതായപ്പോൾ ലാത്തിച്ചാർജ്ജും വെടിവയ്പും നടന്നു. ഒരു വിദ്യാർത്ഥി വെടിയുണ്ടയേററു മൃതിയടഞ്ഞു. പലക്കും പരുക്കുകൾപററി. ഇതാണു് റെയ്പൂർ സംഭവം

വിവേകശൂന്യമായ മതഭ്രാന്തിനു പണ്ടേ വിഖ്യാതമാണല്ലോ മദ്ധ്യപ്രദേശ്. അവിടെ മുമ്പു നടന്നിട്ടുള്ള കൈയേററങ്ങളും കുപ്രസിദ്ധമായ നിയോഗിക്കമ്മിററി പ്രവർത്തനങ്ങളും എല്ലാവർക്കും അറിവുള്ളതാണു്. അന്നു കത്തോലിക്കരായിരുന്നു ആക്രമിക്കപ്പെട്ടവർ. ഇന്നു ജനത വേറൊരു ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗമായ പ്രോട്ടസ്റ്റൻറു് എവൻജെലിക്കൽ മിഷൻസ്ഥാപനത്തെയാണു വെണ്ണീറാക്കിയിരിക്കുന്നതു്. റെയ്പൂരിൽ 70,000 ത്തിലധികം ജനങ്ങളുണ്ടു്. അതിൽ കത്തോലിക്കർ 150-ം മററു പ്രോട്ടസ്റ്റൻറുവിഭാഗങ്ങളെല്ലാംകൂടി 500-ം മാത്രമേ വരികയുള്ളു. ഈ ചെറിയ ന്യൂനപക്ഷങ്ങളെയാണു് തലയെടുപ്പുള്ള ഭാരതീയനേതാക്കന്മാരെന്നെണ്ണപ്പെടുന്ന ചിലരുടെ തണലിൽ അവിടത്തെ മതവെറിപൂണ്ട ഒരു ഭൂരിപക്ഷവിഭാഗം ആക്രമിക്കുന്നതും മർദ്ദിക്കുന്നതും. ശ്രീ നെഹ്റുവിന്റെ മനോഭാവം അവക്കും ഉണ്ടായിരുന്നെങ്കിൽ!

ഇന്ത്യയിലെ ഭൂരിപക്ഷവിഭാഗമായ ഹിന്ദുക്കൾ ന്യൂനപക്ഷങ്ങളോടു സഹിഷ്ണതയിലും സാഹോദര്യത്തിലും വർത്തിക്കേണ്ടതാണു് രാജ്യശ്രേയസ്സിനും സമാധാനജീവിതത്തിനും അവശ്യം ആവശ്യമായിട്ടുള്ളതു്. വർഗ്ഗവിദ്വേഷവും മതഭ്രാന്തും അസമാധാനതയേയും അരക്ഷിതാവസ്ഥയേയും മാത്രമേ കൈവരുത്തുകയുള്ളു. ഇന്ത്യയിൽ ജനിച്ചു് ഇന്ത്യയിൽ ജീവിച്ചു് ഇന്ത്യയിൽതന്നെ മണ്ണടിയേണ്ടവരായ ഇന്ത്യാക്കാർ, അവർ ഏതു മതത്തിൽപ്പെട്ടവരായാലും ഏതു വർഗ്ഗത്തിൽപ്പെട്ടവരായാലും, ഏതഭിപ്രായഗതിക്കാരായാലും ഇവിടെത്തന്നെ കഴിഞ്ഞുകൂടണം; അല്ലാതെ ഗത്യന്തരമില്ല. ഈ ജീവിതം സമാധാനപരവും സുഭഗവുമാകണമെങ്കിൽ വർഗ്ഗീയബോധത്തേയും മതവിഭ്രാന്തിയേയും ഭൂരിപക്ഷീയധാർഷ്ട്യത്തേയും അതിശയിക്കുന്ന ഒരു ദേശീയബോധവും പരസ്പരസ്നേഹവും കൈവരുത്തുന്നതിനു ഓരോ വ്യക്തിയും സമൂഹവും ശ്രദ്ധിക്കണം. ഭാരതത്തിന്റെ കീർത്തിയേറിയ നേതാക്കന്മാർ ഇതാണു് ഉൽബോധിപ്പിച്ചിട്ടുള്ളതും, ഉൽബോധിപ്പിക്കുന്നതും. ഒരു ന്യൂനപക്ഷമെങ്കിലും ക്രിസ്ത്യാനികൾ ഈ തത്വത്തെ ആദരിച്ചാണു പ്രവർത്തിക്കുന്നതു്. നാഗപ്പൂർമെത്രാൻ റൈററു് റവ. ജോൺ വില്യം സാഡിക്കു് തിരുമേനി ഒക്ടോബർ 6-ാം തീയതി ചെയ്ത ഒരു പ്രസംഗത്തിൽ ഈ സ്ഥിതിഗതികളെ പരാമർശിച്ചു് ഇപ്രകാരം പ്രസ്താവിച്ചു: നിയോഗിറിപ്പോർട്ടു പ്രസിദ്ധീകരണമോ റെയ്പൂരിലെ ഗാസ്മെമ്മോറിയൽ സെൻറർ നശിപ്പിക്കലോപോലുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ വ്യവസ്ഥാപിതമായ ഒരു സഭയ്ക്കു ഭയജനകങ്ങളല്ല ഇൗവിധ സാഹചര്യങ്ങൾ സഭയ്ക്കു ക്ഷമയുടേയും സ്നേഹത്തിന്റേയും സേവനാദർശങ്ങളെ പ്രായോഗികമാക്കുന്നതിനുള്ള അവസരങ്ങൾമാത്രമാണു്. നാം ക്രിസ്തുവിനു പ്രതിഷ്ഠിതരെങ്കിൽ ഭയവും ആശങ്കകളും വിശ്വാസത്തിനും ധൈര്യത്തിനും വഴിമാറിത്തരും. മതം അടിച്ചേല്പിക്കുന്നതിൽ ഞങ്ങൾക്കു യാതൊരു താല്പര്യവുമില്ല. പക്ഷെ ഒരു കാര്യത്തിൽ ഞങ്ങൾക്കു താല്പര്യമുണ്ടു്, നല്ല ജീവിതരഹസ്യത്തെ മററുള്ളവരുമൊത്തു പങ്കുചേർന്നനുഭവിക്കുന്നതിൽ. എന്തുകൊണ്ടെന്നാൽ, നിങ്ങൾപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്നു ദിവ്യനാഥൻ ആജ്ഞാപിച്ചിരിക്കുന്നു. ബിഷപ്പ് സാഡിക്കിന്റെ ഈ ചുരുങ്ങിയ വാക്കുകളിൽ ഒരു യഥാർത്ഥക്രിസ്ത്യാനിയുടെ നില സുവ്യക്തമാണു്. ആദരണീയമായ ഈ നിലപാടു് മററുള്ളവർ മനസ്സിലാക്കുകയും യഥാവിധി ബഹുമാനിക്കുകയും അന്ധമായ വിഭ്രാന്തികൾക്കും മൃഗീയമായ കൈയേററങ്ങൾക്കും വശംവദരാകാതിരിക്കുകയും ചെയ്യുക എന്നതാണു് സംസ്കാരമുള്ള മനുഷ്യൻ ചെയ്യേണ്ടതു്. നമ്മുടെ രാഷ്ട്രപിതാവിന്റേയും ഭാരതീയനേതാക്കന്മാരുടേയും ആഹ്വാനം ഇതിനുള്ളതാണു്. ഇനിയെങ്കിലും പൊതുജനങ്ങൾ ഇതു മനസ്സിലാക്കിയിരുന്നെങ്കിൽ എത്രയെത്ര അനിഷ്ടസംഭവങ്ങൾ ഒഴിച്ചുമാററാമായിരുന്നു! ഭാരതരാഷ്ട്രനിർമ്മാണത്തിൽ എത്ര മഹത്തായ സേവനമനുഷ്ഠിക്കാമായിരുന്നു!

## പ്രസാധകക്കുറിപ്പുകൾ

## ഭാര്യാഭർത്തൃ വിധേയത്വത്തെപ്പററി മാർപ്പാപ്പായുടെ ഉപദേശം

കത്തോലിക്കാ വനിതാസംഘടനകളുടെ ലോകയൂണിയൻ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനു 63 രാജ്യങ്ങളിൽനിന്നു വന്നുചേർന്നിരുന്ന 650 പ്രതിനിധികളെ അഭിസംബോധനചെയ്തു പരിശുദ്ധ മാർപ്പാപ്പാ നടത്തിയ ഒരു പ്രസംഗത്തിൽ ഭാര്യാ ഭർത്തൃ ബന്ധത്തേയും ഭാര്യമാർ ഭർത്താക്കന്മാർക്കു വിധേയരായിരിക്കേണ്ട കടമയേയും പററി വിശദമായി പ്രസ്താവിച്ചിരിക്കുന്നു: പുരുഷനേയും സ്ത്രീയേയും വ്യക്തി എന്ന നിലയിൽ അവകാശങ്ങളിലും സ്ഥാനത്തിലും തുല്യരായി സൃഷ്ടിച്ചിരിക്കുകയാണു്. ഒരു സ്ത്രീ പുരുഷനിൽനിന്നു താഴ്ന്ന പടിയിലാണെന്നു പറയാൻ നിവൃത്തിയില്ല. എങ്കിലും വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്ത്രീ അവളുടെ ഭർത്താവിനു വിധേയയായിരിക്കുവാൻ ബാദ്ധ്യസ്ഥയായിരിക്കുന്നു. തിരുസഭ ക്രിസ്തുവിനെന്നപോലെ, ഭാര്യമാർ ഭർത്താക്കന്മാർക്കു സ്വയം കീഴ്പെട്ടിരിക്കണം. സ്ത്രീകൾക്കു ത്രിമുഖമായ കർത്തവ്യമാണു് നിർവ്വഹിക്കാനുള്ളതു്—സത്യത്തിന്റേയും, സ്നേഹത്തിന്റേയും, പ്രവർത്തനത്തിന്റേയും. അബദ്ധജടിലമായ മതാത്മകപ്രസ്ഥാനങ്ങൾമൂലം വഴിപിഴപ്പിക്കപ്പെട്ടിരിക്കുകയോ, ഭൗതികത്വവാദവും മാർക്സിസ്റ്റു സിദ്ധാന്തവുംമൂലം ഭീഷണിപ്പെടുത്തപ്പെട്ടിരിക്കുകയോ ചെയ്യുന്ന സംസ്കാരത്തിന്റെ ക്രിസ്തീയമായ ഒരു നവീകരണമായിരിക്കണം അവരുടെ ലക്ഷ്യം. നോവലുകളും ചലച്ചിത്രങ്ങളും നാടകങ്ങളും വഴി പ്രകടിതമാകുന്ന ആശയപ്രവാഹത്തെപ്പററിയും അവയ്ക്കു സ്ത്രീലോകത്തെ വഞ്ചിക്കുന്നതിനുള്ള കഴിവുകളെപ്പററിയും തിരുമേനി മുന്നറിയിപ്പു നൽകി. ഇന്നത്തെ ലോകത്തിൽ ദൈവത്തെ ഒഴിച്ചു നിർത്തിയിട്ടുള്ള സയൻസിന്റേയും സാങ്കേതിക ശാസ്ത്രത്തിന്റേയും ആയുധങ്ങൾ ധരിച്ചിരിക്കുന്ന മനുഷ്യകരങ്ങളിലാണു് അധികാരം പ്രായേണ ചെന്നൊതുങ്ങിയിരിക്കുന്നതു്. ഏതാദൃശമായ ഒരു ലോകത്തിൽ ദൈവത്തിലുള്ള വിശ്വാസത്തിന്റെ നിഷ്കന്മഷതയെ വീണ്ടെടുക്കുന്നതായിരിക്കണം സത്യത്തെ സംബന്ധിച്ചുള്ള സ്ത്രീകളുടെ കർത്തവ്യം.

തുടർന്നു പരിശുദ്ധ പിതാവു എഫേസിയാക്കാർക്കുള്ള വിശുദ്ധ പൗലോസിന്റെ ലേഖനത്തിലെ 5-ാം അദ്ധ്യായം ഉദ്ധരിച്ചു. "സ്ത്രീകൾ അവരുടെ ഭർത്താക്കന്മാർക്കു്, കർത്താവിനെന്നവണ്ണം കീഴ്പ്പെട്ടിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ ക്രിസ്തു തിരുസഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവു ഭാര്യയുടേയും ശിരസ്സായിരിക്കുന്നു."ഇവിടെ വിവാഹത്തിൽ പങ്കുകാരാകുന്നവർ തമ്മിലുള്ള വ്യത്യാസത്തെ വ്യക്തമായി വിശുദ്ധ പൗലോസ് വ്യവച്ഛേദിക്കുന്നുണ്ടു്. എന്നാൽ അതേസമയംതന്നെ അവരെ പരസ്പരം ബന്ധിക്കുന്ന ശക്തിയെയും അദ്ദേഹം വ്യക്തമാക്കുന്നു. യുദ്ധാനന്തരകാലത്തു് രൂപം പ്രാപിച്ചിട്ടുള്ള പുതുരാഷ്ട്രങ്ങൾ അവയുടെ നിയമങ്ങളിലും വഴക്കങ്ങളിലും കൂടുതൽ കൂടുതലായി കുടുംബത്തിലും സാമൂഹികവും രാഷ്ട്രീയവും തൊഴിൽപരവുമായ രംഗങ്ങളിലും സ്ത്രീകളെ പുരുഷന്മാരോടു സമമായ ഒരു നിലയിൽ പ്രതിഷ്ഠിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഈ പരിവർത്തനം ചില സാഹചര്യങ്ങളിൽ അതിന്റെ ന്യായയുക്തമായ നിലപാടു് പാലിക്കുന്നു. എന്നാൽ മററു ചില സാഹചര്യങ്ങളിൽ, പ്രത്യേകിച്ചും ഭൗതികത്വാദർശങ്ങൾക്കു അതു വിധേയമാകുമ്പോൾ, അതു വ്യതിചലിച്ചുപോവുകയും ചെയ്യുന്നുണ്ടു്. കത്തോലിക്കാ യുവതികൾ സാമൂഹികമായോ, തൊഴിൽപരമായോ, സാംസ്കാരികമായോ, രാഷ്ട്രീയമായോ അവരുടെ വർഗ്ഗത്തിനു ആധുനികപരിതസ്ഥിതികളിൽ ലബ്ധമായിട്ടുള്ള അനുകൂലസാഹചര്യങ്ങളെപ്പററിയാതൊരുവിധത്തിലും അവജ്ഞ കാണിക്കേണ്ടതില്ല. നേരെ മറിച്ചു്, ഈ രംഗങ്ങളിലെല്ലാം അവരുടെ ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുകയും ഫലപ്രദമായ ഒരപ്പസ്തോലികചൈതന്യത്തോടുകൂടി പ്രസ്തുത കർത്തവ്യനിർവ്വഹണത്തിനു സന്നദ്ധരാവുകയും വേണം, നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്കു പ്രദാനം ചെയ്യുന്ന സംതൃപ്തിക്കുവേണ്ടിമാത്രം നിങ്ങൾ അദ്ധ്വാനിക്കരുതു്. പ്രത്യുത നിങ്ങളുടെ നിഷ്പക്ഷതാമനോഭാവം നിങ്ങളുടെ ഉദ്ദേശ്യശുദ്ധിയുടെ ലക്ഷ്യസൂചിയായിരിക്കട്ടെ. നിങ്ങളുടെ പ്രവർത്തനങ്ങളോരോന്നും തികച്ചും നിസ്വാർത്ഥമായ സ്നേഹത്തിന്റെ പ്രചോദനത്താൽ പ്രേരിതങ്ങളായിരിക്കുകയും ചെയ്യട്ടെ. എന്നാൽ രോഗികളേയും ദുർഭഗരേയും ശുശ്രൂഷിക്കുന്നതിനും കുട്ടികളെ വിദ്യയഭ്യസിപ്പിക്കുന്നതിനും, കുടുംബങ്ങളുടെ സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്നതിനും വേണ്ടി യാതൊരു പ്രതിബന്ധവുമില്ലാതെ തങ്ങളെത്ത

ന്നെ പരിപൂർണ്ണമായി പ്രതിഷ്ഠിക്കുന്നതിനുവേണ്ടി വിവാഹത്തെ ഉപേക്ഷിക്കുന്ന കന്യകകൾ ഒരു പ്രത്യേക ദൈവസാന്നിദ്ധ്യത്തെ പ്രയോഗത്തിൽ പ്രത്യക്ഷീകരിക്കുകയത്രെ ചെയ്യുന്നതു്. പരിശുദ്ധ പിതാവിൻെറ ഈ വിശകലനം ആധുനിക ലോകത്തിലെ പുതിയ സാഹചര്യങ്ങളിൽ സ്ത്രീവർഗ്ഗത്തിൻെറ കർമ്മപരിപാടികളെ വ്യവസ്ഥാപിതമായ വിധത്തിൽ നിയന്ത്രിക്കുന്നതിനു എത്ര സഹായകമായിരിക്കുന്നു എന്നു എടുത്തു പറയേണ്ടതില്ലല്ലോ.

—o—

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

24 വ്യാ: വി. റപ്പായേൽ മാലാഖ

25 വെ: വി. ക്രിസാന്തോസും ദാരിയായും

26 ശ: വി. എവരിസ്റ്റോസ്

27 ഞാ: പന്തക്കുസ്ത 20-ാംഞായർ. ക്രിസ്തുവിൻെറ രാജത്വം

28 തി: വി. ശെമയോൻ യൂദാ

29 ചൊ: വി. ഏലീശാ നിവ്യ

30 ബു: വി. ഫ്രാൻസീസ് റേജിസ്

(12-ാംപേജ് തുടർച്ച)

ജീവിതം വളരെ പ്രയാസമേറിയ ഒന്നാണ്. വിസ്തൃതമായ സമതലങ്ങളും കരിമ്പാറക്കൂട്ടങ്ങളും അവിടെയുണ്ട്. അവയെല്ലാം തരണം ചെയ്തുകൊണ്ടുവേണം നിൻെറ ജീവിതം മുന്നോട്ടു നയിക്കുവാൻ. അതിനു നിനക്കു് ധൈര്യമുണ്ടെങ്കിൽ, നീ സന്നദ്ധനാണെങ്കിൽ പൊയ്ക്കൊള്ളുക, ഞങ്ങൾ നിന്നെ തടസ്സപ്പെടുത്തുന്നില്ല." അവനിൽ ആശയുടെ പൊൻകിരണങ്ങൾ വീശിത്തുടങ്ങി. അവൻ പ്രത്യുത്തരിച്ചു: "എൻെറ പ്രിയപ്പെട്ട അമ്മെ, കാലിത്തൊഴുത്തിൽ ജനിച്ചു് കാൽവരിയിൽ മരിച്ച കാരുണ്യവാനായ കർത്താവു് അതിനു വേണ്ട അനുഗ്രഹം എനിക്കു നൽകും.

അങ്ങനെ ജോണി ആകാംക്ഷയോടുകൂടി പ്രതീക്ഷിച്ചിരുന്ന ആ സുദിനവും വന്നുചേർന്നു. ബാലാർക്കൻ പ്രകൃതിയെ നോക്കി പുഞ്ചിരിച്ചുകൊണ്ടിരുന്നു. കിളികൾ കളകളാരവത്തോടെ അവയുടെ കൂടുകളിൽ നിന്നു് സ്വാതന്ത്ര്യലോകത്തിലേക്കു് പറന്നുയർന്നു. പുഷ്പങ്ങളുടെ സുഗന്ധവാഹിയായ മന്ദമാരുതൻ വീടുകൾതോറും കയറിയിറങ്ങി.

ജോണി ഇതാ പുറപ്പെട്ടുകഴിഞ്ഞു, അങ്ങങ്ങു വിദൂരതയിൽ അജ്ഞാനാന്ധകാരത്തിൽ [illegible] ണ്ടുകിടക്കുന്ന അവശലക്ഷങ്ങൾക്കു് ആശയുടെ പൊൻകിരണങ്ങൾ പകർന്നുകൊടുക്കുവാൻ. ജോണിയെ അവൻെറ അപ്പച്ചനും തീവണ്ടിസ്റ്റേഷൻവരെ അനുഗമിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരു ചൂളംവിളിയോടുകൂടി ആ വാഹനം അവിടെ വന്നുകഴിഞ്ഞു. ജോണി അതിൽ കയറി. അടുത്ത നിമിഷത്തിൽ അതിൻെറ ചക്രങ്ങൾ വീണ്ടും ചലിച്ചുതുടങ്ങി. അവൻ സ്നേഹനിധിയായ ആ പിതാവിനെ അവസാനമായി ഒരിക്കൽക്കൂടി നോക്കി. തീവണ്ടി അതിവേഗത്തിൽ ചീറിപ്പായുകയാണ്. അവൻ അങ്ങു് വിദൂരതയിൽ മറഞ്ഞുകഴിഞ്ഞു.

അവരുടെ ഒരു പുത്രനെ കർത്താവിനു സമ്മാനിക്കാനുള്ള ഭാഗ്യം ലഭിച്ചതിൽ ആ മാതാപിതാക്കൾ അഭിമാനംകൊണ്ടു. കാലത്തിൻെറ തികവിൽ തങ്ങളുടെ പ്രിയപ്പെട്ട ജോണി പരമപരിശുദ്ധമായ ബലിപീഠത്തിൽ നിന്നുകൊണ്ടു് പരമകാരുണികനായ ദൈവത്തോടു് തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമെന്നുള്ള വിചാരം അവരുടെ ദുഃഖത്തെ സന്തോഷമാക്കി പകർത്തി.

# ക്രിസ്തുരാജൻ!

(കെ. ഒ. ഡോമിനിക്കു്, പൊൻകുന്നം)

എന്നുമീ മണ്ണിനും വിണ്ണിനും മന്നനായ്
മിന്നുമന്നോരുന്നതൻ, ക്രിസ്തുനാഥൻ,
ദിവ്യമാം ഭാവൽക്കരാജ്യമീപ്പാരിതി-
ല വ്യാജസുന്ദരം വന്നിടട്ടെ!
ശാശ്വതശാന്തിക്കായ്പ്പാരം പണിപ്പെട്ടി-
ട്ടാശ്വാസമേതും ലഭിച്ചിടാതെ,
കേഴുമീ ലോകമഖിലവും നിൻ കൊടി-
ക്കീഴിലണയട്ടെ, ശാന്തിരാജൻ!
ആയതുമൂലമീ വിശ്വം മുഴുവനു-
മായത ശാന്തിയിൽ മുങ്ങിടട്ടെ!
സ്നേഹമനോഹരമാം തവരാജത്വ-
മംഗീകരിക്കട്ടെ ഭാവിലോകം.
വിശ്വത്തിൻ നേത്രം തുറക്കട്ടെ നിൻ ദിവ്യ-
വശ്യോപദേശവെളിച്ചം കാണ്മാൻ.
കീർത്തിച്ചു പാടട്ടെ ഞങ്ങൾ നിൻ രാജത്വം
നിസ്തുലാമോദസംപൂരിതരായ്.
ഭൂവിൽ ജയിക്കട്ടെ! ഭൂവിൽ ജയിക്കട്ടെ!
മൂവുലകേശനാം ക്രിസ്തുരാജൻ!

പിന്നെയും ആഴ്ചകളേയും മാസങ്ങളേയും പിന്നിട്ടുകൊണ്ടു് വർഷങ്ങൾ പലതു കടന്നുപോയി. കാലമാകുന്ന കലാകാരൻ മോളിയിൽ യൗവനമാകുന്ന ചിത്രം വരച്ചു. അവൾ ആ ഇടവകയിലെ മരിയസഖ്യത്തിൻെറയും ലീജിയൻ ഓഫ് മേരിയുടെയും ഒരു സജീവപ്രവർത്തകയാണ്. സൗന്ദര്യവും ദൈവഭക്തിയും നിറഞ്ഞ ഒരു യുവതി.

അങ്ങനെയൊരു സംഭവം ഉണ്ടാകുമെന്നു് ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ അപ്രകാരം സംഭവിച്ചു. മാതാപിതാക്കളുടെ നേരിയ സമ്മതത്തോടുകൂടി മോളി കന്യകാലയത്തിൻെറ കനത്ത

## ഉപകാരസ്മരണ

പരിശുദ്ധദൈവമാതാവിൻെറയും വി. കൊച്ചുത്രേസ്യാപുണ്യവതിയുടേയും മാദ്ധ്യസ്ഥതാൽ എൻെറ രോഗത്തിനു് സുഖം കിട്ടിയതിനു് ഉപകാരസ്മരണ.

A. K. P.

മതിൽക്കെട്ടിനുള്ളിൽ മറഞ്ഞുകഴിഞ്ഞു. ആ മാതാപിതാക്കൾ ഇതു് എങ്ങിനെ സഹിക്കും. അവരുടെ ജീവിതത്തിൽ താങ്ങും തണലുമായി നിലകൊണ്ടിരുന്ന മോളിയും അവരിൽനിന്നു് പിരിഞ്ഞുകഴിഞ്ഞു. ഇനി ആരാണു് അവർക്കു ആശ്രയം? അവരുടെ ജീവിതത്തിലെ ഭാരിച്ച ചുമടുകൾ ഇറക്കിവയ്ക്കുവാൻ അത്താണിയില്ല. ആ വീട്ടു് വിരഹദുഃഖമാകുന്ന ഇരുട്ടിൽ മറഞ്ഞിരിക്കുകയാണ്. ഇനി എന്നു് അവിടെ സന്തോഷമാകുന്ന സൂര്യൻ ഉദയംചെയ്യും? ആർക്കറിയാം. ഒരു ദിവസം ഒരു വർഷം പോലെയാണു് അവർക്കു അനുഭവപ്പെട്ടിരുന്നതു്. ഹൃദയംനൊന്തുള്ള അവരുടെ പ്രാർത്ഥന സർവ്വശക്തനായ ദൈവത്തിൻെറ പക്കലേക്കു് ഉയർന്നുകൊണ്ടിരുന്നു.

x x x

ആ സുദിനം സമാഗതമായി. അന്നൊരു വ്യാഴാഴ്ചയായിരുന്നു. പകലോൻ പകലിൻെറ നെറുകയിൽ പ്രശോഭിക്കുന്നു, ഒരു നവസന്ദേശവുമായി മന്ദമാരുതൻ ആ വീട്ടിൽ എത്തിക്കഴിഞ്ഞു. പത്തു കൊല്ലങ്ങൾക്കപ്പുറം നിശയുടെ നിശാന്തനിശ്ശബ്ദതയിൽ ആ വീട്ടിൽനിന്നു് ആരുമറിയാതെ ഇറങ്ങിപ്പോയ ആ ടോമി ഇന്നിതാ പശ്ചാത്താപത്തിൻെറ ചുടുകണ്ണുനീർ പൊഴിച്ചുകൊണ്ടു് ആ മാതാപിതാക്കളുടെ മുൻപിൽ നിശ്ചലനായി നിലകൊള്ളുന്നു. ആ കാഴ്ച കണ്ടു് ആ മാതാപിതാക്കൾ സന്തോഷബാഷ്പങ്ങൾ പൊഴിച്ചു. സന്താപത്തിൻെറയും വിങ്ങിപ്പൊട്ടലിൻെറയും സ്ഥാനത്തു് സന്തോഷവും സംതൃപ്തിയും കളിയാടി. ആ മംഗളസന്ദേശവുമായി മരച്ചില്ലയിലിരുന്ന ഒരു കുയിൽ ചിറകടിച്ചു പറന്നുപോയി.

സംഭവകഥ

## "നിങ്ങൾ അതു ചെയ്യരുതു്"

രണ്ടാഴ്ചമുമ്പു യൂറോപ്യൻ പത്രങ്ങൾ വളരെ പ്രാധാന്യംകൊടുത്തു് ഒരു വാർത്ത പ്രസിദ്ധപ്പെടുത്തി. "മി. നിക്കൊളായ് കൊക്ലോവു്, ഫ്രാൻക്ഫർട്ടിൽ മൃത്യുവക്ത്രത്തിൽ" എന്നായിരുന്നു അതു്. വീരോചിതമായ ചില ചരിത്രപരിണാമങ്ങളാണു് ഈ സംഭവത്തിനു പുറകിൽ നിലകൊള്ളുന്നതു്. മി. നിക്കൊളായ് മൂന്നുകൊല്ലം മുമ്പു് ഒരു സോവ്യറ്റു് രഹസ്യ ഏജൻറായി പശ്ചിമജർമ്മനിയിൽ എത്തിയ റഷ്യാക്കാരനാണു്. അദ്ദേഹത്തെ സോവ്യറ്റു ഗവർമ്മെണ്ടു് ഭരമേല്പിച്ചുവിട്ടതു് ഹീനമായ ഒരു ക്രൂരകൃത്യം നിർവ്വഹിക്കുന്നതിനായിരുന്നു. സോവ്യറ്റു റഷ്യയിൽനിന്നു രക്ഷപെട്ടു് ജർമ്മനിയിൽ താമസിച്ചു് കമ്മ്യൂണിസ്റ്റു് വിരുദ്ധസംരംഭത്തിൽ വ്യാപൃതനായിരുന്ന ഒരു വ്യക്തിയെ വിഷംകൊടുത്തു കൊല്ലുന്നതിനായിരുന്നു അദ്ദേഹം നിയമിക്കപ്പെട്ടതു്. നിക്കൊളായ് ഈ ഹീനകൃത്യം നിർവ്വഹിക്കുന്നതിനു ഇഷ്ടപ്പെട്ടില്ല. ജർമ്മനിയിലെത്തിയശേഷം അദ്ദേഹം സ്വയം പോലീസിനു വെളിപ്പെടുത്തുകയും പശ്ചിമജർമ്മൻ ഗവർമ്മെണ്ടിൻെറ സംരക്ഷണം അഭ്യർത്ഥിക്കുകയും ചെയ്തു. അഭയാർത്ഥിസംരക്ഷണം അദ്ദേഹത്തിനു ലഭിച്ചു.

x x x

നിക്കൊളായ് സോവ്യറ്റുഗവർമ്മെണ്ടിൻെറ നോട്ടപ്പുള്ളിയായിത്തീർന്നുഎന്നു പറയേണ്ടതില്ലല്ലോ. അതിൻെറ അനന്തരഫലമാണു് ഉദ്ധൃതസംഭവം. അജ്ഞാതനായ വേറൊരേജൻറു നിയുക്തനായി, നിക്കൊളായിയെ വിഷംകൊടുത്തു കൊല്ലുന്നതിനു്. നിക്കൊളായിയെപ്പോലെ മനസ്സാക്ഷിയുടെ ശല്യമോ ബാഹ്യമായ പ്രേരണയോ ഈ ഘാതകനെ അലട്ടിയില്ല. തന്മൂലം കമ്മ്യൂണിസ്റ്റു് പാരമ്പര്യമനുസരിച്ചു ആ ദുഷ്കൃത്യം നിർവ്വഹിക്കപ്പെട്ടു.

എന്തായിരുന്നു മി. നിക്കൊളായ് കൊക്ലോവിനുണ്ടായ ബാഹ്യപ്രേരണ? വധം നടത്തുന്നതിനുപകരം ആജീവനാന്തം നാടുകടത്തപ്പെട്ടവനെപ്പോലെ വിദേശവാസം അദ്ദേഹം എന്തുകൊണ്ടു തിരിഞ്ഞെടുത്തു? അദ്ദേഹത്തിൻെറ പ്രാണപ്രിയയായ സഹധർമ്മിണിയേയും പൊന്നോമൽക്കുഞ്ഞിനേയും ഒരു നോക്കു കാണുന്നതിനു മോസ്കോയിലേക്കു തിരിച്ചുപോകണമെന്നുള്ള സ്നേഹത്തിൻെറ പ്രചോദനം അദ്ദേഹത്തിൽ മരവിച്ചുപോയോ? പശ്ചിമജർമ്മനിയിലേക്കു നിക്കൊളായ് യാത്രപുറപ്പെടുന്ന അവസരത്തിൽ അദ്ദേഹത്തിൻെറ സഹധർമ്മിണി അദ്ദേഹത്തെ സമീപിച്ചു നിക്കൊളായിയെ ഗവർമ്മെണ്ടു ഭരമേല്പിച്ചിരുന്ന ദൗത്യം അവർക്കറിയാമായിരുന്നു. നിക്കൊളായിയാൽ വധിക്കപ്പെടാനിരിക്കുന്ന വ്യക്തി ആരാണെന്നോ അയാളുടെ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നോ ആ സാധ്വിക്കറിയാൻ സാധിച്ചിരുന്നില്ല. പക്ഷെ ഒന്നവർക്കറിയാമായിരുന്നു, നിക്കൊളായിയെ ഭരമേല്പിച്ചിരുന്ന കൃത്യം ഹീനമായൊരു കൊലപാതകമാണു്, ഗുരുതരമായ ഒരു പാപമാണു് എന്നു്. ആ സാധ്വി ഒരു കത്തോലിക്കാവനിതയായിരുന്നു. തൻെറ ഭർത്താവിനെ അത്യധികം സ്നേഹിച്ചിരുന്ന ആ മഹതി ധൈര്യസമേതം അദ്ദേഹത്തോടു പറയുകയാണു്: "നിങ്ങൾ കല്പന നിർവ്വഹിക്കുകയാണെങ്കിൽ ഒരു കൊലപാതകിയായിരിക്കും; നേരേ മറിച്ചു്, കല്പന നിരസിക്കുകയാണെങ്കിൽ നിങ്ങൾ മേലിൽ നിങ്ങളുടെ ഈ പിഞ്ചുകുഞ്ഞിനേയോ എന്നെയോ കാണുകയില്ല; ശരിയാണു്. പക്ഷേ നിങ്ങൾ അതു ചെയ്യരുതു്."

രണ്ടു മാർഗ്ഗങ്ങൾ അവരുടെ മുമ്പിൽ തെളിഞ്ഞുനിന്നു. ഒന്നുകിൽ പാപകരമായ പാതകം; അല്ലെങ്കിൽ വിദേശപ്രവാസവും, ദുസ്സഹമായ വേർപാടും, പക്ഷെ, ജീവഹാനിയും! ധീരയായ വനിത നീതിയെപ്രതി ദാരുണമായ മാർഗ്ഗം ചൂണ്ടിക്കാണിച്ചു; പ്രചോദിതനായ ഭർത്താവു് സുധീരം അതിനെ അനുധാവനംചെയ്തു. ഉത്തേജകമായ അവരുടെ മാതൃക ലോകത്തിനു ഒരു ഗുണപാഠമായി എന്നും പരിലസിക്കുന്നതാണു്. അവരെ ദൈവം അനുഗ്രഹിക്കുന്നതിനു പ്രാർത്ഥിക്കാം.

(യൂണിവേഴ്സ് പത്രം)

# വിവിധവൃത്താന്തങ്ങൾ

## കത്തോലിക്കാപത്രത്തിൻെറ ലക്ഷ്യം

സാർവ്വലൗകിക കത്തോലിക്കാ പ്രസ്സ് കോൺഫറൻസ് വിയന്നായിൽവച്ചു കഴിഞ്ഞ വാരത്തിൽ നടന്നിരിക്കുന്നു പ്രസ്തുത സമ്മേളനത്തെ ആഹ്വാനംചെയ്തുകൊണ്ടു് വിയന്നാ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോക്ടർ കോനിംഗ് തിരുമേനി ചെയ്ത പ്രസ്താവനയിൽ കത്തോലിക്കാപത്രപ്രവർത്തകരുടെ കർത്തവ്യങ്ങളെ സമൃക്കായി വിശദീകരിക്കുകയുണ്ടായി. "അവർ ഒരേവാക്കു പറയുന്നവരും സത്യം എഴുതുന്നവരുമായിരിക്കണ"മെന്നാണു് തിരുമേനി പ്രസ്താവിച്ചതു്. "ഒരു കത്തോലിക്കാപത്രം കത്തോലിക്കർക്കു വാർത്തകൾ പകരുന്ന ജോലി നിർവ്വഹിക്കുന്ന ഒരു പ്രസിദ്ധീകരണംമാത്രമായിരുന്നാൽ പോരാ, അതു എല്ലാ പൗരന്മാർക്കും വിജ്ഞാനപ്രദമായ ഒരുപാധിയും എല്ലാവരുടെ ഇടയിലും പ്രചരിക്കുന്നതുമായിരിക്കണം."

## യുവക്രൈസ്തവതൊഴിലാളിസംഘടനയുടെ പ്രചരണപദ്ധതി

യുവക്രൈസ്തവതൊഴിലാളിസംഘടനയുടെ ആദർശങ്ങളെ ഏഷ്യൻരാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി 40 ഓളം ഓർഗനൈസർമാരെ അയക്കുന്നതിനുള്ള ഒരു പദ്ധതി തയാറായിരിക്കുന്നതായി സംഘടനയുടെ പുതിയ പ്രസിഡൻറു് മി റൊമയൊമെയോണെ പാരീസിൽവച്ചു പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം റോമിൽനടന്ന ഇൻറർനാഷണൽ കോൺഗ്രസ് കഴിഞ്ഞു മടങ്ങുകയായിരുന്നു. ഏഷ്യയിലെ പ്രചരണപദ്ധതി ഇൻറർനാഷണൽ എക്സിക്യൂട്ടീവു് ബോർഡു അംഗീകരിച്ചുവെന്നും അദ്ദേഹം പ്രസ്താവിച്ചു ദേശീയമായ തോതിൽ എല്ലാ രാജ്യങ്ങളിലും പ്രതിവർഷം പൊതുആഘോഷങ്ങൾ നടത്തുന്നതിനും ബോർഡിനു അഭിപ്രായമുള്ളതായും അദ്ദേഹം പറഞ്ഞു. ഈ ആചരണം പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും മറു സർവ്വരാജ്യസംഘടനകളുമായി സമ്പർക്കം പുലർത്തുന്നതിനു സഹായിക്കുകയും ചെയ്യുന്നതാണു്.

## റോമിൽ രോഗികളുടെ സാർവ്വദേശീയ കൺവൻഷൻ

രോഗികളും അവശരുമായ 5000 പേർ ലോകത്തിൻെറ വിവിധരാജ്യങ്ങളിൽനിന്നും റോമിൽ ഒന്നിച്ചുകൂടി ഒരു സാർവ്വദേശീയ കൺവൻഷൻ നടത്തിയിരിക്കുന്നു. കഴിവുള്ളവരെല്ലാം അവർക്കുവേണ്ടി സെൻറു് പീറ്റേഴ്സിൽ നടത്തപ്പെട്ട ദിവ്യബലിയിൽ സംബന്ധിച്ചു തിരുകർമ്മങ്ങളെല്ലാം വത്തിക്കാൻറേഡിയോയും ഇററാലിയൻറേഡിയോയും പ്രക്ഷേപണംചെയ്തു. ശനിയാഴ്ച വൈകിട്ടു് പരിശുദ്ധ കന്യകമറിയത്തിൻെറ സ്തുതിക്കായുള്ള പരിപാടികളാണു നടന്നതു്. ലൂർദ്ദിലെ രീതിയനുസരിച്ചു് രോഗികളുടെ ആശീർവ്വാദകർമ്മവും തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു. ഞായറാഴ്ച പരിശുദ്ധ പിതാവു കാലത്തു 11 മണിക്കു അവരെയെല്ലാം "ബെൽവെഡേർകോർട്ടി"ൽവച്ചു സ്വീകരിക്കുകയും അവരോടു സംസാരിക്കുകയുംചെയ്തു.



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ സുഖക്കേടു് മാറിയതിനു നന്ദി.

N. P. Chackappan

## വി. ഫ്രാൻസിസിൻെറ വസ്ത്രം

### ഇററലിയിൽ പ്രദക്ഷിണം നടത്തുന്നു

700 കൊല്ലങ്ങൾക്കുമുമ്പു വിശുദ്ധ ഫ്രാൻസീസ് അസ്സീസി ധരിച്ചിരുന്നതും ഒരു "തിരുശേഷിപ്പാ"യി ഫ്ളോറൻസിൽ സൂക്ഷിച്ചിരിക്കുന്നതുമായ വസ്ത്രം ആഘോഷപൂർവ്വം ദക്ഷിണഇററലിയിലേക്കു സംവഹിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധൻ പഞ്ചക്ഷതങ്ങൾ ലഭിച്ച അവസരത്തിൽ അദ്ദേഹം ധരിച്ചിരുന്നതു് ഈ ഉടുപ്പാണെന്നാണു് പാരമ്പര്യം. ഫ്ളോറൻസിൽ ആഡംബരപൂർവ്വകമായ കർമ്മങ്ങളും പട്ടണപ്രദക്ഷിണവും കഴിച്ചശേഷമാണു് തിരുശേഷിപ്പു് ദക്ഷിണഭാഗത്തേക്കു കൊണ്ടുപോയതു്, അപ്പുലിയാഭാഗങ്ങളിലാണു് അതു് ആഘോഷമായി പ്രദക്ഷിണം നടത്തുന്നതു്.

വിമർശനപംക്തി

# പത്രോസിൻ്റെ പരമാധികാരം

വിശുദ്ധ പത്രോസിൻ്റെ പരമാധികാരത്തെപ്പററി പലതവണ ഈ പംക്തികളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ഇംഗ്ലീഷിലും മലയാളത്തിലും തത്സംബന്ധമായി പല ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതമായിട്ടും ഉണ്ട്. എന്നിട്ടും അവയൊന്നും വായിക്കാത്തതുകൊണ്ടായിരിക്കാം, പത്രോസിന് പരമാധികാരമുണ്ടെന്നു തെളിയിക്കാമോ എന്ന് ഇപ്പോഴും ചിലർ വെല്ലുവിളി മുഴക്കാറുണ്ട്. മല്ലപ്പള്ളിൽ നിന്ന് ഒരു മാന്യൻ ഞങ്ങളോടു ചോദിക്കുകയാണ്: "വിശുദ്ധ പത്രോസ് സമന്മാരിൽ ഒരു തലവനായിരുന്നു. എന്നാൽ അദ്ദേഹത്തിനു പരമാധികാരം ഉണ്ടായിരുന്നുവെന്നു വിശുദ്ധ വേദപുസ്തകം കൊണ്ടു തെളിയിക്കാമോ? അധികാരം "ജാതി"കൾക്കുള്ളതാണെന്നല്ലേ ക്രിസ്തു പഠിപ്പിക്കുന്നത്?" ഈ ചോദ്യത്തിനു വീണ്ടും ഒരു മറുപടി പറയേണ്ട ആവശ്യമില്ലാത്ത തരത്തിൽ സത്യദീപത്തിൻ്റെ ആരംഭകാലംമുതൽതന്നെ അനേകം തവണ ഈ പംക്തികളിൽ ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

സത്യത്തോടു ചിലർക്കുള്ള എതിർമനോഭാവവും സത്യം കാണാതിരിക്കുന്നതിലേക്കു കണ്ണടച്ചു നടക്കുന്നതിനുള്ള വാസനയും ഒന്നു ചൂണ്ടിക്കാണിക്കുവാനാണ് ഈ വിഷയത്തെപ്പററി വീണ്ടും പ്രതിപാദിക്കാൻ തുനിയുന്നത്. വിശുദ്ധ പത്രോസിനു ക്രിസ്തുനാഥൻ ചില അധികാരങ്ങൾ കൊടുക്കുന്നതായി വേദപുസ്തകം പറയുന്നു. ആ വിശുദ്ധഗ്രന്ഥം വായിക്കുന്ന മുൻവിധിയില്ലാത്ത ഒരാൾ അവയെ അതിൻ്റെ പ്രത്യക്ഷാർത്ഥത്തിൽ സ്വീകരിക്കുവാനേ തുനിയുകയുള്ളൂ. അങ്ങനെയുള്ളവർക്കാകട്ടെ പത്രോസിൻ്റെ പരമാധികാരത്തെപ്പററി യാതൊരു ശങ്കയും ഉണ്ടാകുന്നതല്ല. ആ അധികാരദാനം ആലങ്കാരികാർത്ഥത്തിലാണെന്നു ആരെങ്കിലും വാദിക്കുകയാണെങ്കിൽ എന്തുകൊണ്ടു വേദപുസ്തകത്തിലെ ഇതരഭാഗങ്ങളും അതുപോലെതന്നെ ആലങ്കാരികാർത്ഥത്തിലാണെന്നു അവർ ശഠിക്കുന്നില്ല

ഞങ്ങളോടുള്ള ചോദ്യത്തിലെ ആദ്യവാചകംതന്നെ എടുക്കുക "പത്രോസു സമന്മാരിൽ ഒരു തലവനായിരുന്നു" എന്നു വേദപുസ്തകത്തിൽ എവിടെ പറഞ്ഞിരിക്കുന്നു? "സമന്മാരിൽ തലവൻ" എന്ന പ്രയോഗംതന്നെ വേദപുസ്തകത്തിലെങ്ങും കാണാനില്ല. ഇനി ആ പ്രയോഗത്തിനു വല്ല അർത്ഥവുമുണ്ടോ? ഇൻഡ്യയിലെ ജനങ്ങളെല്ലാം പൗരന്മാരെന്ന നിലയിൽ സമന്മാരാണ്. അതിനാൽ ഇൻഡ്യൻ പ്രസിഡൻറ് സമന്മാരിൽ ഒരു തലവൻമാത്രമാണ് എന്നു നാം എത്ര ഉച്ചത്തിൽ പറഞ്ഞാലും ഇൻഡ്യൻ പ്രസിഡൻറിൻ്റെ പരമാധികാരം ഇല്ലാതാകുമോ? ഹൈക്കോടതി ജഡ്ജിമാരെല്ലാം ജഡ്ജിമാരെന്ന നിലയിൽ സമന്മാരാണ്. അതുകൊണ്ട് ചീഫ് ജസ്റ്റിസിനു മററു ജഡ്ജിമാരുടെമേൽ യാതൊരു അധികാരവുമില്ലെന്നുവരുമോ? പത്രോസിനെ സംബന്ധിച്ചിടത്തോളമുള്ള ഒരു പ്രത്യേകത അദ്ദേഹം "സമന്മാരിൽ ഒരു തലവൻ" മാത്രമായിരിക്കുമെന്നു ക്രിസ്തു പറഞ്ഞിട്ടില്ലെന്നുള്ളതാണ്.

ഇനി ചോദ്യത്തിലെ അവസാനത്തെ വാചകം നോക്കുക. "അധികാരം ജാതികൾക്കുള്ളതാണെന്നു ക്രിസ്തു പഠിപ്പിക്കുന്നു" ക്രിസ്തു എവിടെയാണ് അങ്ങനെ പഠിപ്പിച്ചിരിക്കുന്നത്? തൻ്റെ ഇരു പുത്രന്മാരെയും സ്വർഗ്ഗരാജ്യത്തിൽ ഇടത്തും വലത്തും ഇരുത്തുവാൻ ദയവുണ്ടാകണമെന്നു സെബദിപുത്രന്മാരുടെ അമ്മ ക്രിസ്തുവിനോട് അപേക്ഷിച്ചതിനെ തുടർന്നുണ്ടായ പ്രഭാഷണവേളയിൽ, "പുറജാതികളുടെ രാജാക്കന്മാർ അവരുടെമേൽ കർതൃത്വം നടത്തുന്നവരാകുന്നുവെന്നും അവരുടെ പ്രധാനികൾ അവരുടെമേൽ സ്വാതന്ത്ര്യഭരണം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ" (മത്താ: XX 25) എന്നു ക്രിസ്തു പ്രസ്താവിക്കുന്നുണ്ട്. ഈ പ്രസ്താവനയെ തല്ലി നീട്ടിയും അടിച്ചുകുറുക്കിയുമാണു "അധികാരം ജാതികൾക്കുള്ളതാണ്" എന്ന നിഗമനത്തിലെത്തിയിരിക്കുന്നതെന്നു തോന്നുന്നു. ഇതിനെ അതിൻ്റെ മുഖവിലയ്ക്കു സ്വീകരിച്ചാൽ, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു." (മത്തായി 8, 18) എന്നു ക്രിസ്തു പറയുന്നതും ജാതികൾക്കുള്ള അധികാരമാണെന്നു പറയേണ്ടി വരില്ലേ? "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പെട്ടിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ ദൈവത്തിൽനിന്നുള്ളതായിട്ടല്ലാതെ അധികാരമില്ല; ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏർപ്പെടുത്തപ്പെട്ടമിരിക്കുന്നു" (റോമാ XIII, 1) എന്നു വിശുദ്ധ പൗലോസു പറയുമ്പോൾ "അധികാരം ജാതികൾക്കുള്ളതാണെ"ന്നാണോ അദ്ദേഹം പഠിപ്പിക്കുന്നത്?

പത്രോസിനു പരമാധികാരമില്ലെന്നു വരുത്തിക്കൂട്ടുവാൻവേണ്ടി ഓരോരുത്തർ വേദപുസ്തകവാക്യങ്ങളെ തല്ലി ഒടിക്കുന്നതിനും ദുർവ്യാഖ്യാനിക്കുന്നതിനും ഒന്നാംതരം ഒരുദാഹരണമാണിത്. വാസ്തവത്തിൽ അധികാരത്തെപ്പററി ക്രിസ്തു പറയുന്നതെന്താണ്? "കേസറിനുള്ളതു കേസറിനു കൊടുക്കുവാൻ" (മത്തായി XXII, 21) കല്പിച്ച ക്രിസ്തു പുറജാതികളുടെ രാജാക്കന്മാരുടെ അധികാരപ്രയോഗത്തെ ശപിക്കുകയില്ലെന്നു വ്യക്തമാണല്ലോ. ആകയാൽ "പുറജാതികളുടെ രാജാക്കന്മാർ...നടത്തുന്നു എന്നും" ഉള്ള പൂർവ്വാർദ്ധത്തിൻ്റെ അർത്ഥം, പുറജാതിരാജാക്കന്മാർ അധികാരപ്രമത്തതയോടെ, ഭരണീയരുടെമേൽ ദയാലേശമില്ലാതെ, അവർക്കു പരിചരണം ചെയ്യാതെ, ഭരണം നടത്തുന്നുവെന്നായിരിക്കണം. ശ്ലീഹന്മാർ അധികാരം പ്രയോഗിക്കുന്നത് അങ്ങനെയായിരിക്കരുതെന്ന് സാന്ദർഭികമായി ഉപദേശിക്കുവാൻ ഈ അവസരം ദിവ്യഗുരു ഉപയോഗിക്കുന്നു

ക്രിസ്തു ഈ വാക്യം ഉപയോഗിച്ച സന്ദർഭമേതാണ്? സെബദൈപുത്രന്മാർക്കു ക്രിസ്തുവിൻ്റെ രാജ്യത്തിൽ പ്രഥമസ്ഥാനം നൽകണമെന്നുള്ള അവരുടെ മാതാവിൻ്റെ അഭ്യർത്ഥന കേൾക്കുമ്പോഴാണ് അവിടുന്ന് ഈ വാക്യം അരുളിച്ചെയ്യുന്നത്. അധികാരപ്രമത്തതയെ അവിടുന്ന് ആക്ഷേപിക്കുന്നുണ്ടെങ്കിലും അധികാരത്തെ അവിടുന്നു നിഷേധിക്കുന്നില്ല. തുടർന്നുള്ള അവിടുത്തെ പ്രഭാഷണം അതാണു തെളിയിക്കുന്നത്. "എന്നാൽ നിങ്ങളുടെ ഇടയിൽ ഇങ്ങനെയാകരുത്. മറിച്ച് നിങ്ങളിൽ പ്രധാനിയാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യുവാനും......അല്ലാതെ ശുശ്രൂഷിക്കപ്പെടുവാൻ വന്നിട്ടില്ലാത്തതുപോലെതന്നെ. (മത്തായി XX 26—28).

ശുശ്രൂഷ ചെയ്യുവാൻ വന്ന മനുഷ്യപുത്രൻ അധികാരമില്ലാത്തവനാണെന്ന് ആരും പറയുകയില്ലല്ലോ. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്താധികാരവും ലഭിച്ചിരിക്കുന്ന ക്രിസ്തു ശുശ്രൂഷകൻ ആയിരുന്നതുപോലെ, ശ്ലീഹന്മാരിലും വലിയവനും ഒന്നാമനും മററുള്ളവർക്കു ശുശ്രൂഷ ചെയ്യണമെന്നും അധികാരപ്രമത്തത ഭാവിക്കരുതെന്നുമാണു ക്രിസ്തു പറയുന്നത്. ശ്ലീഹന്മാരിൽ വലിയവനും ഒന്നാമനും ഉണ്ടെന്നാണല്ലോ ക്രിസ്തുവിൻ്റെ വാക്കുകളുടെ സംഗതമായ അർത്ഥം. അങ്ങനെയല്ലായിരുന്നെങ്കിൽ അവരിൽ വലിയവൻ്റെയും ഒന്നാമൻ്റെയും കാര്യം എടുത്തുപറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. നേരെമറിച്ച്, നിങ്ങളെല്ലാം സമന്മാരും അധികാരമില്ലാത്തവരുമാണ് എന്നു പറഞ്ഞാൽ മതിയായിരുന്നു.

പ്രസ്തുതസംഭവത്തെ വിവരിക്കുകയിൽ വിശുദ്ധ ലൂക്കാ ഈ സംഗതി ഒന്നുകൂടെ വ്യക്തമാക്കുന്നുണ്ട്: "എന്നാൽ നിങ്ങൾ ഇങ്ങനെയല്ല; മറിച്ച് നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയും, തലവനായിരിക്കുന്നവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം. എന്തെന്നാൽ ആരാണു വലിയവൻ? ഭക്ഷണത്തിനു ഇരിക്കുന്നവനോ, അതോ വിളമ്പുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവൻ അല്ലേ? ഞാനോ നിങ്ങളുടെ ഇടയിൽ വിളമ്പുന്നവനെപ്പോലെയാകുന്നു." (ലൂക്കാ XXII 26, 27) വലിയവനും തലവനുമായിരിക്കുന്ന താൻ മററുള്ളവരുടെ ശുശ്രൂഷകനായിരുന്നതുപോലെ ശ്ലീഹന്മാരിൽ വലിയവനും തലവനും അന്യരെ ശുശ്രൂഷിക്കണമെന്നു മിശിഹാ പഠിപ്പിക്കുന്നു. "നിങ്ങളിൽ തലവനായിരിക്കുന്നവൻ ശുശ്രൂഷകനാകണ"മെന്നു പറയുമ്പോൾ നിങ്ങളിൽ ഒരു തലവൻ ഉണ്ടെന്നല്ലേ മനസ്സിലാക്കേണ്ടത്? അധികാരപ്രമത്തരായ പുറജാതികളെയും, സേവനോൽസുകനായ തന്നെയാണ്, ശ്ലീഹന്മാർ അനുകരിക്കേണ്ടതെന്നുമാത്രമേ ക്രിസ്തുവിൻ്റെ ഈ ഉപദേശത്തിനു അർത്ഥമുള്ളൂ.

ഇതാണുദ്ദേശ്യമെന്നുള്ളതു ക്രിസ്തുവിൻ്റെ തുടർന്നുള്ള വാക്കുകൾ വിശദീകരിക്കുന്നു: "ശിമയോനേ, ഇതാ സാത്താൻ നിങ്ങളെ കോതമ്പുകൾ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാനോ നിൻ്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിൻ്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക". (ലൂക്കാ XXII 31, 32) വീണ്ടും ഉറപ്പിക്കുക എന്നതു ഒരു അധികാരദാനമാണല്ലോ "അധികാരം ജാതികൾക്കുള്ളതാണെ"ങ്കിൽ ക്രിസ്തു അതു എന്തിനു പത്രോസിനു നൽകുന്നു? "സഹോദരന്മാർ" എന്നതിൽ ഇതരശ്ലീഹന്മാരും ഉൾപ്പെടുന്നുണ്ട്. അതിനാൽ പത്രോസിനു നൽകപ്പെട്ട ഉറപ്പിക്കുവാനുള്ള അധികാരം മററു ശ്ലീഹന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണെന്നുള്ളതു സ്പഷ്ടം. വാസ്തവത്തിൽ ക്രിസ്തുവിൻ്റെ പഠനം, അധികാരം ജാതികൾക്കുള്ളതാണെന്നല്ല, അധികാരം ദൈവത്തിൽനിന്നുള്ളതാണെന്നതാണ്. "ഉയരത്തിൽ നിന്നു നിനക്കു തരപ്പെടാതിരുന്നുവെങ്കിൽ നിനക്കു എൻ്റെമേൽ ഒരു അധികാരവും ഉണ്ടാകയില്ലായിരുന്നു" (യോഹ: XIX, 11) എന്നാണല്ലോ ക്രിസ്തു പീലാത്തോസിനോടു പറയുന്നത്.

(തുടരും)


പള്ളുരുത്തി അത്ഭുതമാതാവിൻ്റെ

തിരുനാൾ

നവംബർ 9-ാംനു- ശനിയാഴ്ച തുടങ്ങി

17-ാംനു- ഞായറാഴ്ച അവസാനിക്കുന്നതാണ്

P. I. JOSEPH B. A. — President

Fr. SNCTES O. F. M. — Chaplain


# കേരളവാർത്തകൾ

മദ്ധ്യകേരളത്തിലെ അഞ്ഞൂറോളം പ്രമുഖവ്യക്തികൾ ഒക്ടോബർ 17-ാംനു- ആരോഗ്യമന്ത്രി എ ആർ മേനോൻ്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് എറണാകുളത്തൊരു പ്രൈവററു മെഡിക്കൽ കോളെജ് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു ഇതിലേക്കു കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ട് രക്ഷാധികാരിയായും മററു നൂറുപേർ അംഗങ്ങളായുമുള്ള ഒരു കമ്മിററി രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

—അഖിലകേരളവർക്കിംഗ് ജേണലിസ്റ്റ്സ് അസോസ്യേഷൻ പ്രസിഡണ്ടായി മി. എൻ. വി കൃഷ്ണവാര്യർ തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ട്രാവൻകൂർ റയൺസിൽ ബോണസ്സ് തർക്കംസംബന്ധിച്ച് ഒക്ടോബർ 7-ാംനു- മുതൽ നടന്നുവന്ന പൊതുപണിമുടക്കത്തെത്തുടർന്നു കമ്പനി ലോക്കൗട്ടു ചെയ്തിരിക്കുന്നു. ആയിരത്തിൽപ്പരം ജോലിക്കാരുള്ള ഒരു ഫാക്ടറിയാണുള്ളത്.

—1957-58 വിദ്യാലയവർഷത്തിൽ സംസ്ഥാനത്തു പുതുതായി 209 അപ്പർപ്രൈമറിസ്കൂളുകൾക്കും 115 ലോവർപ്രൈമറിസ്കൂളുകൾക്കും ഗവമ്മെൻറ് അംഗീകാരം നൽകിയിരിക്കുന്നു.

—കേരളത്തിലെ ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളുടേയും ലേബർ കോടതികളുടേയും ആകെ എണ്ണം 8-ൽനിന്നും 4 ആയി കുറയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി സംസ്ഥാനലേബർമന്ത്രി വെളിപ്പെടുത്തിയിരിക്കുന്നു. തിരുക്കൊച്ചിവിഭാഗത്തും മലബാറിലും ഓരോ ട്രിബ്യൂണലും ഓരോ ലേബർ കോടതിയുംവീതം ഉണ്ടായിരിക്കുന്നതാണ്.

## പുതിയ ലേഡിഡോക്ടർ ലിസി ആശുപത്രിയിൽ

ഒന്നരവർഷത്തോളമായി എറണാകുളം നോർത്തു റെയിൽവെസ്റ്റേഷനു സമീപം പ്രശസ്തമാംവിധം നടത്തിവരുന്ന ലിസി ആശുപത്രിയിൽ ഒരു ലേഡീഡോക്ടറെക്കൂടി നിയമിച്ചിരിക്കുന്നു. ഈ മഹതി എം ബി, ബി എസ് പാസ്സായിട്ടുള്ളതിനു പുറമെ ഇംഗ്ലണ്ടിൽനിന്നും ബാലചികിത്സയിൽ Diploma in Child health (D C H London) എന്ന ഡിപ്ലോമായും സ്ത്രീകളെ മാത്രം സംബന്ധിക്കുന്ന രോഗങ്ങൾ ചികിത്സിക്കുന്നതിൽ Diploma of the Royal College of Obstetrics and gynacology (D R C O G) എന്ന ഡിപ്ലോമയും സമ്പാദിച്ചിട്ടുണ്ടെന്നറിയുന്നു. ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട രണ്ടുമൂന്നു ആശുപത്രികളിലും വെല്ലൂരെ സുപ്രസിദ്ധമായ മിഷ്യൻ ആശുപത്രിയിലും സേവനമനുഷ്ഠിച്ചിട്ടുള്ള ഇവരുടെ നിയമനം ലിസി ആശുപത്രിക്കു വലിയൊരു നേട്ടവും നാട്ടുകാർക്കു വലിയൊരു അനുഗ്രഹവുമാണെന്നുള്ളതിൽ സംശയമില്ല. ലിസി ആശുപത്രി പരിസരങ്ങളിൽതന്നെ ഇവർ താമസിക്കുന്നുവെന്നതു രോഗികളെ സംബന്ധിച്ചിടത്തോളം എല്ലാംകൊണ്ടും ഉപകാരപ്രദമാണ്. പ്രത്യേകിച്ച് ആഴ്ചയിൽ 2 ദിവസം —തിങ്കളാഴ്ചയും ശനിയാഴ്ചയും— ഗർഭിണികളെ സൗജന്യമായി പരിശോധിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

## ആയുഷ്കാലപെൻഷൻ

നിര്യാതനായ മദ്രാസ് ഗവർണർ ശ്രീ എ ജെ ജോണിൻ്റെ പത്നിക്കു മദ്രാസ് ഗവമ്മെൻറു പ്രതിമാസം നൂറുരൂപ ആയുഷ്കാലപെൻഷൻ അനുവദിച്ചിരിക്കുന്നു.



# പ്രക്ഷുബ്ധമായ ഗ്ലീലാക്കടൽ

(ഫാദർ ലാസർ സി. ഡി., ബി എ. എൽ. റ്റി.)

പത്രോസിന്റെ തോണിയിൽ നിന്നുകൊണ്ടു് കടൽത്തീരത്തു തടിച്ചുകൂടിയിരുന്ന ജനാവലിയോടു സ്നേഹനാഥൻ ദീർഘനേരം പ്രസംഗിച്ചു. അനന്തരം ശ്രോതാക്കളുടെ കൃതജ്ഞതാപ്രകടനത്തിനിടകൊടുക്കാതെ, തോണി കടലിലേക്കു നീക്കുവാനാണു് അവിടുന്നു ആജ്ഞാപിച്ചതു്. പത്രോസും കൂട്ടുകാരും തണ്ടുകൾ കൈകളിലെടുത്തു തോണി കടലോരത്തോടു യാത്രപറഞ്ഞു മറുകരയെ ലാക്കാക്കി പുരോഗമിച്ചു. കുറെ ഇച്ഛാഭംഗത്തോടെയാണു് ആ ജനക്കൂട്ടം സ്വഭവനങ്ങളിലേക്കു പ്രത്യാഗമിച്ചതു്. കടൽത്തീരം വിജനമായി.

നേരം സന്ധ്യയോടടുത്തു. അസ്തമനസൂര്യന്റെ പൊൻകിരണങ്ങൾ തട്ടി പേരയാ പർവ്വതനിരകൾ കണ്ണഞ്ചിപ്പിക്കുമാറു മിന്നിത്തിളങ്ങി. അവയുടെ [illegible]ട്ടനിഴലിൽ പൂർവ്വപ്രാന്തങ്ങളിലെ താഴ്വരകൾ ഇരുളടയുകയായി. അമരത്തു വഞ്ചിക്കൊമ്പിന്മേൽ വിശ്രമാർത്ഥം ചാരിയിരിക്കുകയാണു സ്നേഹനാഥൻ. അസ്തമനസമയത്തെ തൈത്തെന്നലിൽ ഉടലെടുത്ത ചെറു അലനിരകളെ അറുത്തിട്ടുകൊണ്ടു തോണി അതിശീഘ്രം മുന്നോട്ടു കുതിച്ചു. കുഞ്ഞലകളിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്ന വള്ളത്തിന്റെ ക്രമം വിടാതെയുള്ള തേക്കം നാഥനെ തൊട്ടിലാട്ടി നിദ്രയ്ക്കു ക്ഷണിക്കയായി. വിനാവിളംബം അവിടുന്നു ഗാഢനിദ്രയിൽ ലയിച്ചു കഴിഞ്ഞു. ഈശോ ഉറങ്ങിയതായി വി. ലിഖിതങ്ങളിൽ രേഖപ്പെടുത്തിക്കാണുന്ന ഏക സന്ദർഭമാണിതു്. പത്രോസിന്റെ തോണിക്കടുത്തും അകലെയുമായി കാണാമായിരുന്നു സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ മററനേകം തോണികൾ. സന്ധ്യക്കുറുപ്പിൽനിന്നു നിശീഥിനിയുടെ അന്ധകാരത്തിലേക്കു സമയവും വഴുതി വീഴുകയാണു്.

പെട്ടെന്നിതാ ഒരു കോളിളക്കം. ആർത്തലറുന്ന ചണ്ഡാനിലമല്ലന്മാർ കടലിലെങ്ങും കൂത്താടുവാൻതുടങ്ങി. പത്രോസിന്റെ കൊച്ചുതോണി കൊടുങ്കാററിന്റെ വിക്രിയകൾക്കു വിധേയമായി ചുററിക്കറങ്ങി. അടരിനൊരുങ്ങിയ കരിവീരന്മാരെപ്പോലെ കാർമേഘപടലങ്ങൾ ആകാശവീഥിയിൽ തടിച്ചുകൂടി നക്ഷത്രദീപങ്ങളെയെല്ലാം കെടുത്തിക്കളഞ്ഞു. മിന്നൽപ്പിണറുകൾ അന്ധകാരരാക്ഷസിയെ ആഗ്നേയഖഡ്ഗങ്ങൾകൊണ്ടു നിർദ്ദയം പ്രഹരിച്ചുകൊണ്ടിരുന്നു. വളരെ പണിപ്പെട്ടാണു് പത്രോസ് തന്റെ കൂട്ടുകാരോടുകൂടി ഓടുപാ ഒരുവിധം ചുരുക്കികെട്ടിയതു്. പ്രകൃതിയുടെ താദൃശവികൃതികൾ അഭിമുഖീകരിച്ചു തഴങ്ങിയിരുന്ന ആ മുക്കുവവീരരിൽ പ്രസ്തുത കൊടുങ്കാററോ കോളിളക്കമോ യാതൊരു ആശങ്കയും ഉളവാക്കിയില്ല.


പ്രകൃതിക്ഷോഭം അതിന്റെ അത്യുച്ചിയിൽ ഏതാണ്ടെത്തിക്കഴിഞ്ഞു; പ്രശാന്തത ഉടനെ ഉണ്ടാകും എന്നു പ്രതീക്ഷിച്ചുകൊണ്ടു് തിരമാലകളോടു മല്ലടിച്ചുകൊണ്ടിരിക്കയാണു് പ്രസ്തുത പ്രേഷിതമുഖ്യർ. എന്നാൽ പിശർ ശമിക്കുന്നില്ല; അതു ഒന്നിനൊന്നു ശക്തി കൂടിക്കൂടി വരികയാണു് എന്നു കണ്ടപ്പോൾ അവരും തെല്ലൊന്നു അമ്പരന്നു. പോരെങ്കിൽ ഉഗ്രമായ മഴയും. കാററു കൂടുതൽ ശക്തിയായി ആഞ്ഞടിച്ചു; തിരമാലകൾ ആകാശചുംബികളായി കുതിച്ചുയന്നു; പാതാളംപോലെയുള്ള താഴ്വരകൾ അങ്ങിങ്ങായി പ്രത്യക്ഷപ്പെട്ടു. ജലപ്പരപ്പിന്റെ അത്യഗാധത്തിൽ ആണ്ടുപോയതുപോലെ കാണപ്പെട്ട ആ ചെറുവള്ളം അടുത്ത ക്ഷണത്തിൽ തിരമാലകളാൽ കുതിപ്പിക്കപ്പെട്ടു് ഇടവിതാനത്തിൽ ഉയരുകയാണു്. ഏററവും ഭയാനകങ്ങളും പെട്ടെന്നുള്ളതുമായ കോളിളക്കങ്ങൾ ഗ്ലീലാക്കടലിലെ മുക്കുവർക്കു പുത്തരിയല്ല. എന്നാൽ അവയൊന്നും ഇതിനോടു തുലനംചെയ്യാവുന്നവയായിരുന്നില്ല. പിറേറദിവസം പന്നികളിൽനിന്നു നിഷ്കാസനം ചെയ്യപ്പെടുവാനിരുന്ന നാരകീയഭൂതങ്ങൾ പ്രകൃതിശക്തികളെ തങ്ങളുടെ പ്രതിയോഗിക്കെതിരായി ഇളക്കിവിട്ടതായിരിക്കാം.

പത്രോസും അന്ത്രയോസും യാക്കോബും യോഹന്നാനും അവരുടെ കഴിവുകൾ പരമാവധി പ്രയോഗിച്ചു, തോണിയെ അപകടംകൂടാതെ കാക്കുവാൻ. ശ്രമമെല്ലാം വിഫലമാകുന്നതായി അവർക്കു തോന്നി. മററു വല്ല തോണിക്കാരും സഹായത്തിനെത്തുമെന്നു കരുതി അവർ ഉറക്കെ കൂകിവിളിച്ചു. അലറുന്ന ചണ്ഡാനിലൻ അവരുടെ കൂക്കുവിളിയെ വിഴുങ്ങിക്കളയുകയാണുണ്ടായതു്. മാത്രമല്ല മിന്നൽപ്പിണറുകൾ വ്യക്തമാക്കി അടുത്തെങ്ങും യാതൊരു വള്ളമോ വള്ളക്കാരോ ഇല്ലെന്നും. ഇത്രയെല്ലാമായിട്ടും നാഥനെ നിദ്രയിൽ നിന്നുണർത്തുവാൻ അവരുടെ ഭക്തിബഹുമാനങ്ങൾ അനുവദിച്ചില്ല. എന്നാൽ വള്ളം തകർന്നു മുങ്ങിപ്പോകുമെന്നു ഭയപ്പെടേണ്ട സന്ധി ആസന്നമായി. ഉടനെ "ഗുരോ, രക്ഷിച്ചാലും; നാം നശിക്കാൻപോകുന്നു" ശിഷ്യർ ഏകകണ്ഠമായി നിലവിളിച്ചു.

നാഥൻ നിദ്രവിട്ടുണർന്നു. പ്രശാന്തനായി വള്ളത്തിൽ എഴുന്നേററുനിന്നു ചുററും ഒന്നു കണ്ണോടിച്ചു. അനന്തരം പിശാചങ്ങളെ ശാസിച്ചോടിക്കുന്ന ഗൗരവഭാവത്തിലും ദൃഢസ്വരത്തിലും കല്പിച്ചരുളി: "അടങ്ങുക, ഞാൻ കല്പിക്കുന്നു." ഉടനെ വലിയ പ്രശാന്തതയുണ്ടായി.

രക്ഷകന്റെ നിദ്ര അവിടുത്തെ മാനുഷികതത്വത്തേയും പ്രസ്തുത അത്ഭുതം അവിടുത്തെ ദൈവികതത്വത്തേയും തെളിയിച്ചു. ശിഷ്യർക്കു നാഥനെ ആശ്രയിക്കുവാനുള്ള വിശ്വാസമുണ്ടായിരുന്നു. എങ്കിലും അവിടുത്തെ സർവ്വവല്ലഭത്തിൽ വേണ്ടത്ര മനോവിശ്വാസമില്ലാതെ പോയി. അതാണു അവിടുന്നവരെ ശാസിക്കുവാനുണ്ടായ കാരണം. വിപൽസന്ധികളിൽ സ്നേഹനാഥനിൽ പ്രതീക്ഷാനങ്കൂരം ഉറപ്പിക്കുന്നതിനു ഈ സംഭവം നമുക്കൊരു നല്ല സാധനപാഠമാകേണ്ടതാണു്.


For Favours Received




Thankachen Thomas
Belur, Mysore


കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# റഷ്യയിലെ മതസംഘടനകൾ

(നിരീക്ഷകൻ)

സോവ്യററുറഷ്യയിൽ മതസംഘടനകളുടെ സ്ഥിതിഗതികൾ എങ്ങനെയാണെന്ന വിഷയം വളരെയധികം അഭിപ്രായവ്യത്യാസങ്ങൾക്കു ഇടയാക്കിയിട്ടുള്ളതും ഇടയാക്കിക്കൊണ്ടിരിക്കുന്നതുമായ ഒന്നാണു്. റഷ്യയിലും അധിനരാജ്യങ്ങളിലും പരിപൂർണ്ണമായ മതസ്വാതന്ത്ര്യമാണുള്ളതെന്നും അവിടത്തെ ദേവാലയങ്ങൾ ഭക്തജനങ്ങളെക്കൊണ്ടു തിങ്ങിനിറയുന്നുവെന്നും ഒരുഭാഗത്തുനിന്നു പ്രചാരണം നടത്തുമ്പോൾ മറുഭാഗത്തുനിന്നു് കമ്മ്യൂണിസ്റ്റ്റഷ്യ മതബോധത്തെ ലോകത്തിൽനിന്നും ഉച്ചാടനംചെയ്യുന്നതിനു കച്ചകെട്ടിപ്പുറപ്പെട്ടിട്ടുള്ള ഒരു മർദ്ദകശക്തിയാണെന്നും റഷ്യയിൽ യാതൊരുവിധ മതസ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിട്ടില്ലെന്നും ദേവാലയങ്ങളും സന്യാസാശ്രമങ്ങളും സെമ്മിനാരികളും നിലംപരിശാക്കപ്പെട്ടിരിക്കുന്നുവെന്നും വാദിക്കുന്നു. എന്തായിരിക്കാം അവിടത്തെ യഥാർത്ഥസ്ഥിതി? ഇതു നിരീക്ഷണവിഷയമാക്കേണ്ട ഒരു പ്രധാന രംഗമാണു്, സംശയമില്ല.

1917 ലെ വിപ്ലവത്തിനുമുമ്പു റഷ്യൻസാമ്രാജ്യത്തിൽ ലോകത്തിലുള്ള എല്ലാ പ്രധാന മതവിഭാഗങ്ങളും അവയുടെ അധികൃത പ്രതിനിധികളും ഉണ്ടായിരുന്നു. കൂടാതെ അവയുടെ നിരവധി ഉപവിഭാഗങ്ങളും അവിടെ പ്രാബല്യത്തിലിരുന്നു. നാമമാത്രമായിട്ടെങ്കിലും ഈ മതവിഭാഗങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും റഷ്യയിൽ അവശേഷിക്കുന്നുണ്ടു്. 1949 ലെ രേഖകളനുസരിച്ചു് സോവ്യററ്റഷ്യയിൽ നിയമാനുസാരം രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള മതവിഭാഗങ്ങളുടെ പട്ടികയിൽ റഷ്യൻ ഓർത്തഡോക്സ് ചർച്ചു്, യുക്രേനിയൻ ഓർത്തഡോക്സ് ചർച്ചു്, ജിയോർജിയൻ ചർച്ചു്, ഡിസിഡെൻറ്സ്, പൂർവ്വവിശ്വാസികൾ, ഏകസ്വഭാവവാദികൾ, റോമൻ കത്തോലിക്കാസഭ, പ്രോട്ടസ്റ്റൻറുസഭ, കവേർട്ട്സ്, ബെസ്പോപൊവിട്ട്സ്, ബാപ്റ്റിസ്റ്റ്സ്, എവാങ്ജലിസ്റ്റ്സ്, മേനോനൈററ്സ്, അഡ്വെൻറിസ്റ്റ്സ്, നോൺകൊൺഫോർമിസ്റ്റ്സ്, പൂരിട്ടൻസ്, മെത്തോഡിസ്റ്റ്സ് മുതലായി 30-ൽപ്പരം മതനാമങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. (എഫ്. ഫെഡൊറോവ്— 1954) ഇവയ്ക്കു പുറമേയും കമ്മ്യൂണിസ്റ്റ്‌വിരുദ്ധപരിപാടികളോടു കൂടിയ പല മതസംഘടനകളും 1939 നുമുമ്പു റഷ്യയിലുണ്ടായിരുന്നതായി "റഷ്യയിലെ മതപ്രശ്നം" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇത്രയധികം മതവിഭാഗങ്ങൾ റഷ്യയിലുള്ളതായി പ്രസ്താവിക്കപ്പെടുന്നുണ്ടെങ്കിലും അവയെല്ലാംതന്നെ കഴിഞ്ഞ 40 കൊല്ലത്തെ നിരന്തരമായ മർദ്ദനങ്ങളേററു് നിഷ്പ്രഭങ്ങളോ നിർജ്ജീവങ്ങളോ നാമാവശേഷങ്ങളോ ആയിക്കഴിഞ്ഞിരിക്കുകയാണു്. റഷ്യൻഗവമെൻറിന്റെ ആനുകൂല്യത്തിൽ ആശ്രയിച്ചുകഴിയുന്ന ഒരു പ്രമുഖ മതവിഭാഗമായി ഇന്നവിടെയുള്ളതാണു് റഷ്യൻ ഓർത്തഡോക്സ്‌സഭ. സോവ്യററ്‌യൂണിയനിൽ കമ്മ്യൂണിസ്റ്റ് ഗവമെൻറിന്റെ മതവിരുദ്ധമായ മർദ്ദനമേററു് ശക്തിപ്രാപിച്ചുയർന്നുവരുന്ന പ്രമുഖമതവിഭാഗമാണു് കത്തോലിക്കാസഭ. അതുകൊണ്ടു് ഈ രണ്ടു മതവിഭാഗങ്ങളുടേയും സ്ഥിതിഗതികളെപ്പററി മനസ്സിലാക്കിയാൽ റഷ്യയിൽ പൊതുവെയുള്ള മതത്തെ സംബന്ധിക്കുന്ന നില ഗ്രഹിക്കുവാൻ സാധിക്കുന്നതാണു്.

## റഷ്യൻ ഓർത്തഡോക്സ്‌സഭ

റഷ്യയിൽ ഏററവും പ്രാബല്യത്തിലിരുന്ന മതവിഭാഗമാണു് റഷ്യൻ ഓർത്തഡോക്സ്‌സഭ. റഷ്യൻസാമ്രാജ്യത്തിൽ 1917 നുമുമ്പു ആകെ ജനങ്ങളിൽ 65 ശതമാനവും ഈ സഭയിൽ പെട്ടവരായിരുന്നു. 1917 ലെ ബോൾഷെവിക്കു് വിപ്ലവത്തിൻശേഷം ഈ സഭയിൽ പെട്ടവരുടെ ശരിയായ ഒരു കണക്കുശേഖരണം നടന്നിട്ടില്ലാത്തതുകൊണ്ടു് അതിന്റെ യഥാർത്ഥനില വ്യക്തമല്ല. 1937-ൽ നടന്നതായ കണക്കെടുപ്പിൽ സോവ്യററുയൂണിയനിലെ ബഹുഭൂരിപക്ഷം ജനങ്ങളും അവരുടെ ഈശ്വരവിശ്വാസത്തെ ധൈര്യപൂർവ്വം ഏററുപറയുകയുണ്ടായെന്നും ജനസംഖ്യയിൽ 70 ശതമാനത്തിലധികവും മതവിശ്വാസത്തെ സാക്ഷ്യപ്പെടുത്തിയെന്നും രഹസ്യറിപ്പോർട്ടുകൾ പ്രസ്താവിക്കുന്നുണ്ടു്. പക്ഷെ ഔദ്യോഗികമായി ആ കണക്കെടുപ്പിന്റെ വിവരങ്ങൾ പുറത്തുവിടുകയുണ്ടായിട്ടില്ല. റഷ്യ സന്ദർശിച്ചിട്ടുള്ള വിദേശികളുടെ ചില അഭിപ്രായങ്ങളിലും കാണുന്നുണ്ടു്, മോസ്കോയിലും മററും പള്ളികളിൽ ജനങ്ങൾ തിങ്ങിക്കൂടുന്നുണ്ടു് എന്നു്. ഇതിന്റെയെല്ലാം ശരിയായ യാഥാർത്ഥ്യം ഇനിയും അജ്ഞാതമാണു്. ഒരുപക്ഷെ കമ്മ്യൂണിസത്തിന്റെ കുപ്രചരണങ്ങളും മർദ്ദനപരിപാടികളും ജനങ്ങളിലുള്ള ദൈവവിശ്വാസത്തേയും മതബോധത്തേയും ശക്തിപ്പെടുത്തിയെന്നുവരാം. സന്ദർശകരെ തെററിദ്ധരിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ തന്ത്രപരമായി പള്ളികളിൽ തല്ക്കാലം ജനബാഹുല്യം സൃഷ്ടിച്ചുവെന്നും വരാം. കമ്മ്യൂണിസ്റ്റുകൾ മതത്തിനെതിരല്ല എന്നു ബാഹ്യലോകത്തെ വിശ്വസിപ്പിക്കുവാൻ അതാവശ്യമാണല്ലോ. എങ്ങനെയായാലും റഷ്യയിൽ—പ്രത്യേകിച്ചു മോസ്കോയിൽ — കമ്മ്യൂണിസ്റ്റുകൾ പ്രകടമാക്കുന്ന ആരാധനാസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവുമെല്ലാം കൃത്രിമമാണെന്നു ചില വസ്തുതകൾ തെളിയിക്കുന്നു. പാർട്ടിയുടെ രാഷ്ട്രീയമായ ലക്ഷ്യങ്ങൾക്കു സഹായകമാകുന്നിടത്തോളം മാത്രമേ ഈ ആനുകൂല്യങ്ങൾ അനുവദിക്കപ്പെടുന്നുള്ളു. ഓർത്തഡോക്സ് സഭകളിൽതന്നെയും മോസ്കോയിലെ പാട്രിയർക്കേററിനുമാത്രമാണു് ഈ ബോൾഷെവിക്കുപിന്തുണ ലഭിച്ചിട്ടുള്ളതു്. ബെല്ലോ റഷ്യൻഓർത്തഡോക്സ്‌സഭയേയും അതിൽപ്പെട്ട വൈദികരേയും 1925 നും 1927 നും ഇടയ്ക്കു അവർ നശിപ്പിച്ചുകളഞ്ഞു. യുക്രേനിയൻഓർത്തഡോക്സ്‌സഭാഹയരാർക്കിയെ 1927-30-ൽ നാമാവശേഷമാക്കി. മോസ്കോപാട്രിയർക്കേററിലും അക്കാലത്തു കുഴപ്പങ്ങൾ നടമാടി. പാട്രിയർക്കേററിന്റെ സ്ഥാനാവകാശിയായ സെർജേയ് മെത്രാപ്പോലീത്താ ഒരു കമ്മ്യൂണിസ്റ്റനുഭാവിയായിരുന്നു. അതുകൊണ്ടു് പാട്രിയർക്കേററിലെ വിവിധഘടകങ്ങൾ അദ്ദേഹത്തെ പാത്രിയർക്കീസായി അംഗീകരിക്കാതെ സ്വതന്ത്രസഭകളായി തിരിഞ്ഞുനില്ക്കുന്നതിനു തുടങ്ങി. ഇവരിൽ "ഗ്രിഗോറിയൻസ്" എന്ന ഗണത്തെ 1927 ലും "ജോസിഫ്ളാൻസ്" എന്ന വേറൊരുവിഭാഗത്തെ 1942 ലും ബോൾഷെവിക്കുകൾ ലിക്വിഡേററുചെയ്തു് നാമാവശേഷമാക്കി. ഈ കുഴപ്പങ്ങൾക്കിടയിൽ പള്ളികൾ വളരെയധികം നശിപ്പിക്കപ്പെട്ടു. അക്കാലത്തു മോസ്കോപാട്രിയർക്കേററിനുതന്നെയും വലിയ ആനുകൂല്യങ്ങളൊന്നും ലഭിച്ചതായി കാണുന്നില്ല.

1942-ൽ റഷ്യ അതിന്റെ മതത്തെ സംബന്ധിച്ച നയത്തിൽ ചില വ്യതിയാനങ്ങൾ വരുത്തി. ഈ അവസരത്തിലാണു് മോസ്കോപാട്രിയർക്കേററു് അവലംബിച്ചിരുന്ന കമ്മ്യൂണിസ്റ്റനുഭാവത്തെ കണക്കിനു ചൂഷണംചെയ്തു് റഷ്യൻ ഓർത്തഡോക്സ്‌സഭയെ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയപരിപാടിയിലെ ഒരു ഘടകമാക്കി രൂപപ്പെടുത്തിയെടുത്തതു്. ഇസ്‌വെസ്റ്റിയ എന്ന കമ്മ്യൂണിസ്റ്റ്പത്രം പാട്രിയാക്കിന്റെ ഇടയലേഖനങ്ങളെ പ്രസിദ്ധീകരിച്ചു. ആർച്ചുബിഷപ്പ് സെർജേയിയെ പാട്രിയാക്കായി സ്ഥാനാരോഹണം ചെയ്യുന്നതിൽതന്നെ സോവ്യററിന്റെ രാഷ്ട്രീയഇടപെടലുണ്ടായി. റഷ്യൻ ഓർത്തഡോക്സ് സഭാകാര്യങ്ങൾക്കുവേണ്ടിയുള്ള കൗൺസിൽ രൂപവല്ക്കരിക്കപ്പെട്ടു. അതു റഷ്യൻ മന്ത്രിസഭാകൗൺസിലിന്റെ നിയന്ത്രണത്തിനു വിധേയമാക്കി. സോവ്യററ്ഗവമെൻറിന്റെ ചിലവിലും നിയന്ത്രണത്തിലും ഓർത്തഡോക്സ്‌സഭകളുടെ ഒരു സിന്നഡു് നടത്തുകയും പാട്രിയർക്കേററുസംബന്ധിച്ച പുതിയ കൊൺസ്റ്റിററ്യൂഷൻ പാസാക്കുകയുംചെയ്തു. ഇപ്രകാരം റഷ്യയിൽ ഇന്നു അംഗീകൃതമായി നിലകൊള്ളുന്നുവെന്നു പറയുന്ന ക്രിസ്റ്റീയസഭ റഷ്യൻ ഓർത്തഡോക്സ്‌സഭയിലെ മോസ്കോപാട്രിയർക്കേററിൽപ്പെട്ട ഒരു വിഭാഗംമാത്രമാണു്. ഒരു ക്രിസ്റ്റ്യൻസഭാവിഭാഗത്തിനു അംഗീകരിക്കുവാൻ സാദ്ധ്യമല്ലാത്ത നിരീശ്വരതത്വംവരെയുള്ള സിദ്ധാന്തങ്ങളെ അതു കണ്ണടച്ചു അംഗീകരിക്കുന്നുണ്ടു്. സോവ്യററ്റഷ്യക്കു് ഒരു മതപ്പാവയായി റഷ്യയിലും പുറംരാജ്യങ്ങളിലും എടുത്തു കാണിക്കുന്നതിനുള്ള ഒരു കളിപ്പാട്ടമെന്നതിൽ കൂടുതലായ ഒരു വ്യക്തിത്വം ആ സഭാവിഭാഗത്തിനില്ല. അതിന്റേതായ ചുരുക്കം പള്ളികളാണു് മോസ്കോയിൽ ജനനിബിഡമായി കാണപ്പെടുന്നുവെന്നു വിദേശസന്ദർശകർ വിശ്വസിച്ചു സാക്ഷ്യപ്പെടുത്തുന്നതു്. സാറിസ്റ്റുഭരണകാലത്തും റഷ്യയിലെ ഈ ഓർത്തഡോക്സ്‌സഭാവിഭാഗം രാഷ്ട്രത്തിന്റെ അവസരസേവകരായിരുന്നുവെന്നുള്ളതും സ്മരണീയമാണു്.



മരിയഹാരം



ജപമാലയെപ്പററി അറിയുവാൻ
ഈ പുസ്തകം സഹായിക്കും
വില 1ക. മാത്രം
അപേക്ഷിക്കേണ്ടും മേൽവിലാസം
മാർ ളൂയീസ് പ്രസ്സ്,
എറണാകുളം-1

ലീജിയൻ പംക്തി


# ലീജിയൻെറ പ്രഥമയോഗം




1921 സെപ്തംബർ മാസം 7-ാംനു- ബുധനാഴ്ച രാത്രി 8 മണിക്ക് ലീജിയൻ ഓഫ് മേരിയുടെ പ്രഥമയോഗം ഡബ്ലിനിലെ മീരാഭവനത്തിൽ സമ്മേളിച്ചു. ആകെ പതിനേഴുപേർ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. ഒരാൾ ഫ്രാൻസിസ് തെരുവിലുള്ള വിശുദ്ധ നിക്കളാസിൻെറ ദേവാലയത്തിലെ വൈദികനും പുതിയ സംഘടനയുടെ ആദ്ധ്യാത്മികനിയന്താവുമായ റവ. ഫാദർ എം. ടോഹർ എം. എ., എസ്. ടി. എൽ. അവർകളായിരുന്നു. മറിയത്തോടുള്ള ഐക്യത്തിലും പരിപൂർണ്ണആശ്രയത്തിലും ജീവിച്ചുവന്നിരുന്ന ഒരു വന്ദ്യവൈദികനായിരുന്നു അദ്ദേഹം. പരിശുദ്ധ കന്യകമറിയത്തിൻെറ സൗമ്യതയും മാധുര്യവും അദ്ദേഹത്തിൽ സദാ പ്രശോഭിച്ചിരുന്നു. ലീജിയൻെറ ആരംഭദശയിലെ വിഷമഘട്ടങ്ങളിലും ലീജിയൻ ശരിയായി രൂപംപ്രാപിച്ചുവന്ന അവസരങ്ങളിലും അദ്ദേഹത്തിൻെറ നേതൃത്വവും ഉപദേശവും വലിയൊരു അനുഗ്രഹമായിരുന്നു.

യോഗത്തിൽ സന്നിഹിതനായിരുന്ന വേറൊരാൾ ലീജിയൻെറ സ്ഥാപകനായ മി. ഫ്രാങ്ക് ഡഫ് ആയിരുന്നു. ഗവമ്മെൻറ് ഫിനാൻസ് വകുപ്പിലെ ഒരു കീഴുദ്യോഗസ്ഥനായിരുന്നു അദ്ദേഹം. സെൻറ് വിൻസെൻറ് ഡിപോൾ സംഘാംഗം, വിവിധകാര്യങ്ങളിൽ സദാ വ്യാപൃതൻ, തത്വങ്ങളിൽ അടിയുറച്ച വിശ്വാസി, അതിലുപരി പ്രവർത്തനങ്ങളിൽ വിശ്വാസമർപ്പിച്ചിരുന്ന കർമ്മകുശലൻ എന്നൊക്കെ അദ്ദേഹത്തെപ്പററി പറയാമായിരുന്നു. പക്ഷെ അദ്ദേഹമൊരു യഥാർത്ഥ മരിയഭക്തൻ ആയിരുന്നുവെന്നു പറഞ്ഞാൽ അതിൽ എല്ലാം അടങ്ങുന്നു. വിശുദ്ധ ളൂയി മേരി ഡിമോണ്ട്ഫോർട്ട് പഠിപ്പിച്ച മറിയത്തിൻെറ സാർവ്വത്രികമാദ്ധ്യസ്ഥം എന്ന തത്വത്തിൻെറ പരിണതഫലം എന്തെന്നു അദ്ദേഹം മനസ്സിലാക്കുകയും അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ അദ്ദേഹം പറഞ്ഞു: "പരിശുദ്ധ കന്യകയോടുള്ള യഥാർത്ഥഭക്തി സ്വാർത്ഥത്തിൽ കേന്ദ്രീകൃതമായതോ, പ്രവർത്തനരഹിതമോ, നിർജ്ജീവമോ നമ്മുടെ അയൽക്കാരൻെറ ജീവിതത്തെ സ്പർശിക്കാത്തതോ ആയിരിക്കുവാൻ പാടില്ല. സ്നേഹിക്കുക എന്നതിൻെറ അർത്ഥം പ്രവർത്തിക്കുക എന്നാണ്. മറിയത്തോടുള്ള നമ്മുടെ ഭക്തി അവൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനും ലോഭംകൂടാതെ സ്വയം അർപ്പിക്കുന്നതിനും വീരാത്മാക്കളായിത്തീരുന്നതിനും നമ്മെ നിർബന്ധിക്കുന്നില്ലായെങ്കിൽ, അതു പരമാർത്ഥഭക്തിയാണെന്നു കരുതുവാൻ എനിക്കു സാധിക്കുന്നില്ല. മറിയത്തെ നാം സ്നേഹിക്കുന്നുണ്ടെങ്കിൽ ആത്മാക്കളെപ്പററിയുള്ള അവളുടെ ഉൽക്കണ്ഠയിൽ നാം ഭാഗഭാക്കുകളാകണം, ആത്മാക്കളുടെ പക്കലേക്കു നാം ആനീതരാകണം." പ്രസ്തുത ആഹ്വാനമായിരുന്നു ആ പ്രഥമലീജിയനംഗങ്ങൾക്കു പ്രേഷിതപ്രവർത്തനത്തിനുള്ള ഉത്തേജനം നൽകിയതു്.

ആ യോഗത്തിൽ സംബന്ധിച്ചിരുന്ന ബാക്കി 15 പേർ സ്ത്രീകളായിരുന്നു. അവരിൽ ഭൂരിഭാഗംപേരും ആപ്പീസുകളിലോ ഷോപ്പുകളിലോ ക്ലേശകരമായ ജോലികളിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. ജോലികഴിഞ്ഞു വിശ്രമിക്കുന്നതിനുള്ള സമയംപോലും അവൾക്കില്ലായിരുന്നു. കുടുംബസംരക്ഷണത്തിനുള്ള ജോലിക്കുശേഷം വേറെ സൗകര്യപ്രദമായ സമയമില്ലാതിരുന്നതുകൊണ്ടാണ് രാത്രി 8 മണിക്കു പ്രസ്തുത യോഗം കൂടാൻ അവർ തീരുമാനിച്ചതു്. മററുള്ളവർക്കു ഭൗതികസഹായം നൽകുവാനുള്ള കഴിവു് അവരിൽ പലർക്കുമില്ലായിരുന്നു. പക്ഷെ അവൾക്കുണ്ടായിരുന്നതിൽ ഉത്തമമായതു്—അവരുടെ വിശ്വാസവും ആത്മാക്കൾക്കുവേണ്ടിയുള്ള തീ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

N. P. Chackappan

ക്ഷ്ണതയും — മററുള്ളവരിലേക്കു പകരുവാൻ അവർ തയ്യാറായി. അതിയായി അവർ ഉദാരമനസ്കതയോടെ മുന്നോട്ടുവന്നു. പ്രേഷിതപ്രവർത്തനത്തിൽ തീവ്രമായ ഒരു താല്പര്യം പരിശുദ്ധ കന്യക അവരിൽ അങ്കുരിപ്പിച്ചു.

ഫാദർ ടോഹർ ക്രിസ്തുവിൻെറ മൗതികശരീരത്തെപ്പററി അന്നു സംസാരിച്ചു. അതിനെ വെറുമൊരു തത്വമായി കരുതിയാൽ പോരായെന്നും ജീവിതത്തിൽ അതു പ്രായോഗികമാക്കണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു. ആ ചെറുഗണം ജിജ്ഞാസാപൂർവ്വം അതു ശ്രവിച്ചു. മൗതികശരീരത്തിൻെറ തത്വത്തിൽ അതിൻെറ പരമാവധിവരെ ജീവിക്കുന്നതിനു അവർ തീരുമാനിച്ചു

സെൻറ് വിൻസെൻറ് ഡിപോൾ സംഘത്തിൻെറ പ്രവർത്തനങ്ങൾക്കു ഒരു സഹായവും താങ്ങും എന്നോണം ആദ്ധ്യാത്മികമായ പ്രേഷിതപ്രവർത്തനത്തിനാണ് അന്നു അവർ സന്നദ്ധരായതു്. ഡബ്ലിനിലെ യൂണിയൻ ആശുപത്രിയിൽപോയി അവിടെയുള്ള രോഗികളെ സന്ദർശിച്ചു് അവർക്കു ആദ്ധ്യാത്മികസഹായങ്ങൾ ചെയ്തുകൊടുക്കാമെന്നു അവർ തീരുമാനിച്ചു. അടുത്ത ആഴ്ചയിൽ വീണ്ടും സമ്മേളിച്ചു് അവർ ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ടു സമർപ്പിക്കയും പുതിയ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം സ്വീകരിക്കയും ചെയ്യാമെന്നും നിശ്ചയിച്ചു. പിന്നീടു നടന്നതു് ഓരോരുത്തരും സന്ദർശിക്കേണ്ട ആശുപത്രിവാർഡുകളുടെ വിഭജനമായിരുന്നു. അർബ്ബുദരോഗികളുടെ വാർഡ് സന്ദർശിക്കേണ്ട അംഗങ്ങളെ നിശ്ചയിക്കുന്ന ഘട്ടംവരെ എല്ലാം ശാന്തമായി നടന്നു. എന്നാൽ വിഷമമേറിയ പ്രസ്തുത വാർഡ് സന്ദർശിക്കുന്നതിനുള്ള അവകാശത്തിനുവേണ്ടി അംഗങ്ങൾതമ്മിൽ തർക്കമായി. ഒടുവിൽ അധികാരംപ്രയോഗിച്ചു് ആ തർക്കം തീർക്കേണ്ടതായിവന്നു. ആ സംഗതിയിൽമാത്രമേ അവിടെ എന്തെങ്കിലും അഭിപ്രായവ്യത്യാസം പ്രത്യക്ഷപ്പെട്ടുള്ളൂ.

അങ്ങനെ ലീജിയൻെറ പ്രഥമയോഗം നടന്നു. അതു ലോകവ്യാപകമായ ഒരു സംഘടനയായിത്തീരുമെന്നു ആരും അന്നു ഊഹിച്ചിരുന്നില്ല. ഈ സംഘടനയുടെ ആശയം തന്നിൽനിന്നാണുണ്ടായതെന്നു അതിൻെറ സ്ഥാപകൻ അവകാശപ്പെടുന്നില്ല. ദൈവപരിപാലനയുടെ നാടകത്തിൽ താനൊരു അണിയറക്കാരൻെറ ഭാഗം വഹിച്ചുവെന്നുമാത്രമേ അദ്ദേഹം പറയുന്നുള്ളൂ.

ആ പ്രഥമയോഗത്തിൽവച്ചു എന്തു പ്രവർത്തനം അവർ ഏറെറടുത്തുവെന്നതല്ല, അതിനു അവരെ പ്രേരിപ്പിച്ചതു എന്തായിരുന്നുവെന്നതാണ് കാതലായിട്ടുള്ളതു്. ഒന്നാമതായി പരിശുദ്ധ കന്യകമറിയത്തിൻെറ സാർവ്വത്രികമാദ്ധ്യസ്ഥത്തിൽ അവർ വിശ്വസിക്കയും തങ്ങളെത്തന്നെ പരി. കന്യകമറിയത്തിനു പരിപൂർണ്ണമായി സമർപ്പിച്ചുകൊണ്ടു് എല്ലാവരേയും ആ മാദ്ധ്യസ്ഥത്തിൽ ഓഹരിക്കാരാക്കുവാൻ നിശ്ചയിക്കുകയുംചെയ്തു. രണ്ടാമതായി ക്രിസ്തുവിൻെറ

## ആവശ്യമുണ്ട്

ഇവിടെ നടത്തിവരുന്ന അനാഥശാല മുതലായവയുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനു് പ്രാപ്തനായ ഒരാളെ ആവശ്യമുണ്ട്. ന്യായമായ പ്രതിഫലം കൊടുക്കുന്നതാണ്. മററു ബാദ്ധ്യതകൾ കുറഞ്ഞവരും, മുപ്പതു (30) വയസ്സിൽ കൂടുതലുള്ളവരും ആയവർക്കു് മുൻഗണനയുണ്ടാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു് 15 ന. പ. സ്റ്റാമ്പുസഹിതം, താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

Rev. Fr. Antoninus, T. O. C. D.
R. C. Church, Venappara
Omasseri P. O., S. Malabar

മൗതികശരീരം എന്ന തത്വമനുസരിച്ചു് സകലരേയും ആ ശരീരത്തിൻെറ സജീവാവയവങ്ങളാക്കുവാനുള്ള കടമ അവർ മനസ്സിലാക്കുകയും തദനുസരണം തങ്ങളാലാവതു പ്രവർത്തിക്കുവാൻ തീരുമാനിക്കയുംചെയ്തു. നിസ്സാരമായി ആരംഭിക്കപ്പെട്ട ലീജിയൻ ലോകവ്യാപകമായ ഒരു സംഘടനയായിത്തീർന്നതിൻെറ രഹസ്യം പ്രസ്തുത രണ്ടു തത്വങ്ങളിൽ അടങ്ങിയിരിക്കുന്നു.

—o—

തൈക്കാട്ടു മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണ്.

# ശ്രീ എ. ജെ. ജോണിൻെറ നേർക്കു്

## മദ്രാസ്ജനതയുടെ ഭക്ത്യാദരപ്രകടനം

ശതക്കണക്കിനു മദ്രാസ്പൗരന്മാർ ഒക്ടോ: 14-ാംനു- രാജാജിഹാളിൽ കൂടി, മൃതനായ തങ്ങളുടെ ഗവർണ്ണർ ശ്രീ ജോണിൻെറ വേർപാടിൽ ദുഃഖിക്കുകയും ആക്ടിംഗ്ഗവർണ്ണർ ശ്രീ രാജമന്നാർ അവതരിപ്പിച്ച ഒരു അനുശോചനപ്രമേയം പാസ്സാക്കുകയും ചെയ്തിരിക്കുന്നു. ദുഃഖാർത്തരായ പൗരാവലി രണ്ടുമിനിട്ടു മൗനമായിനിന്നു. വെളുത്ത പൂക്കൾകൊണ്ടു് രാജാജിഹാൾ അലങ്കരിക്കപ്പെട്ടിരുന്നു.

മി. ജോണിൻെറ അവിചാരിതവും അകാലികവുമായ നിര്യാണത്തിൽ അത്യഗാധമായ ദുഃഖം രേഖപ്പെടുത്തുന്ന പ്രസ്തുതപ്രമേയത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: മി. ജോൺ തികഞ്ഞ ഒരു ദേശാഭിമാനിയും, രാജ്യത്തിനുവേണ്ടി സ്വജീവിതം സമർപ്പിച്ച കർമ്മധീരനുമായിരുന്നു. നിർമ്മലമായ ആത്മാർത്ഥതയുടേയും ലാളിത്യത്തിൻേറയും ഒരു പ്രതീകമായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. ആ ജീവിതത്തെ സമുന്നതമാക്കുന്ന ഉന്നതമായ ചിന്തയും ദൈവഭക്തിയും അദ്ദേഹത്തിൻെറ മററു രണ്ടു ഗുണങ്ങളായിരുന്നു. മി. ജോണിൻെറ നിര്യാണംമൂലം ഇന്ത്യക്കു പൊതുവേയും കേരളത്തിനു പ്രത്യേകിച്ചും മഹാനായ ഒരു ദേശീയനേതാവു നഷ്ടപ്പെട്ടു. മദ്രാസിനു അതുല്യനായ ഒരു ഗവർണ്ണറും.

എളിമയോടും തീക്ഷ്ണതയോടുംകൂടി മദ്രാസിനുവേണ്ടി അദ്ദേഹംചെയ്ത സേവനങ്ങളെ ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അദ്ദേഹത്തിൻെറ സ്നേഹമയിയായ ജീവിതസഖിയേയും ദുഃഖാർത്തരായ കുടുംബാംഗങ്ങളേയും ഞങ്ങളുടെ ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു


മി. രാജമന്നാർ പറഞ്ഞു: കളങ്കമില്ലാത്ത സത്യസന്ധതയും ആത്മാർത്ഥതയുമായിരുന്നു അദ്ദേഹത്തിൻെറ ഏററം പ്രകടമായ രണ്ടു ഗുണങ്ങൾ. ആത്മാർത്ഥതയും സത്യസന്ധതയും ഒരു രാഷ്ട്രതന്ത്രജ്ഞനിൽ എപ്രകാരം ശോഭിക്കുമെന്നു് അദ്ദേഹം കാണിച്ചുകൊടുത്തു. ദേശീയജീവിതത്തിൻെറ മററു മണ്ഡലങ്ങളിലെന്നതുപോലെ രാഷ്ട്രീയമണ്ഡലത്തിലും അദ്ദേഹത്തിലെ ഈ ഗുണങ്ങൾ ആളുകൾ ആദരിച്ചിരുന്നു.

മി. ജോൺ മഹാനായ ഒരു രാഷ്ട്രതന്ത്രജ്ഞനല്ലായിരുന്നിരിക്കും. എങ്കിലും ഉറച്ച ഒരു രാഷ്ട്രതന്ത്രജ്ഞനായിരുന്നു അദ്ദേഹം. സ്വഭാവത്താൽതന്നെ സത്യദീക്ഷയുള്ളവനായ ജോണിനു് അനുഭവജന്യമായ ബുദ്ധിപ്രകർഷവുമുണ്ടായിരുന്നു.


ദൈവത്തിലും ദൈവത്തിനുവേണ്ടിയും ജീവിച്ച ഒരാളായിരുന്നു ശ്രീ ജോൺ. ആക്ടിംഗ്ഗവർണ്ണർ ഇപ്രകാരം ഉപസംഹരിച്ചു: അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ പൊടിയായിത്തീരും, എന്നാൽ നമുക്കു പറയാം, ആ പൊടി ഒരുകാലത്തു് ഒരു മനുഷ്യനായിരുന്നു, ധീരനും നീതിമാനും ശുദ്ധനും സൗമ്യനുമായ ഒരു മനുഷ്യനായിരുന്നു.

മി. രാജമന്നാർ അവതരിപ്പിച്ച പ്രമേയത്തെ മി. കാമരാജ് പിന്താങ്ങി. മദ്രാസ് മെത്രാപ്പോലീത്താ ഡോക്ടർ മത്തിയാസ് തിരുമേനി, ആഭ്യന്തരമന്ത്രി മി. ഭക്തവത്സലം, ധനകാര്യമന്ത്രി മി. സുബ്രഹ്മണ്യം, സി. രാജഗോപാലാചാരി മുതൽപേർ മി. ജോണിനെ അനുസ്മരിച്ചു സംസാരിച്ചു.

## വീരസുതൻെറ ശവമഞ്ചത്തിങ്കൽ വത്സലപിതാവിൻെറ അന്തിമോപചാരകർമ്മങ്ങൾ



പാദ്രേക്കാട്ടിൽ മെത്രാപ്പോലീത്താ തിരുമേനി മദ്രാസിൽ പരേതനായ ശ്രീ ജോണിനു അന്തിമോപചാരം നിർവ്വഹിക്കുന്നു



ശ്രീ ജോണിൻെറ ആത്മശാന്തിക്കായി തിരുമേനി ഒപ്പീസ്കർമ്മം നടത്തുന്നു

# "കർത്താവിൻെറ ദിവസത്തെ പരിശുദ്ധമായി ആചരിക്കുക"

(ഫാദർ തോമസ്, മുക്കളം)

ആഴ്ചയിൽ ആറുദിവസവും ശരീരത്തിനുവേണ്ടി മുഖ്യമായി ജോലിചെയ്യുന്ന മനുഷ്യനു് ദൈവം ഒരു കല്പന നൽകിയിട്ടുണ്ടു്: "കർത്താവിൻെറ ദിവസത്തെ വിശുദ്ധമായി ആചരിക്കുക." ഒരു ദിവസം മുഴുവനായി ദൈവത്തിനും, അനശ്വരമായ ആത്മാവിനുംവേണ്ടി മാററിവെയ്ക്കുക. മനുഷ്യൻെറ ആദ്യാരംഭവും, പരമാന്ത്യവും, നിത്യസ്നേഹവും, നീതിവിധിയാളനുമായ ആ പരാശക്തിയെ ധ്യാനിക്കുന്നതിനും, അവിടുത്തെ ദൃഷ്ടിയിൽ അവൻെറ ചെയ്തികളുടേയും, വാക്കുകളുടേയും, വിചാരങ്ങളുടേയും സ്ഥിതി എങ്ങിനെയിരിക്കുന്നുവെന്നും കൂലങ്കഷമായി പരിചിന്തനം ചെയ്യുന്നതിനുമുള്ള ദിവസമാണതു്. ഈ വീക്ഷണത്തിൽക്കൂടിയോ അല്ലാതെയോ എല്ലാ രാജ്യക്കാരും, ജനങ്ങളും, ഗവേർമ്മെൻറുകളും കർത്താവിൻെറ ദിവസമായ ഞായറാഴ്ച വിശ്രമദിവസമായി സ്വീകരിച്ചുപോരുന്നു.

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം കർത്താവിൻെറ ദിവസത്തെ പ്രഥമമായ കടമ ദിവ്യബലിയിൽ സംബന്ധിക്കുകയാണു്. ഭൂരിപക്ഷം ക്രിസ്ത്യാനികളും ബാഹ്യമായി ഈ കടമ നിവ്വഹിക്കുന്നുവെന്നു വിചാരിക്കാം. എന്നാൽ ആഭ്യന്തരമായി അതിൻെറ യഥാത്ഥഅരൂപിയിൽ ഈ പ്രഥമചുമതല നിവ്വഹിക്കുന്നവർ ചുരുക്കം. ഈ പ്രസ്താവം മനസ്സിലാകുന്നതിനു് ദിവ്യബലിയിൽ സംബന്ധിക്കുകയെന്നാൽ എന്താകുന്നുവെന്നു വിശദമാക്കേണ്ടിയിരിക്കുന്നു.

ബലി എന്നുപറഞ്ഞാൽ ജീവൻെറയും മരണത്തിൻെറയും അധിനാഥനു്, തൽകർതൃത്വത്തെ ഏററുപറയുന്നതിനു് ചെയ്യുന്ന ഒരർച്ചനയാണു്. ബലിവസ്തു ദൈവത്തിനു കാഴ്ചവച്ചു്, അതിനെ ദഹിപ്പിച്ചുകളയുന്നു, അഥവാ, നശിപ്പിച്ചുകളയുന്നു. ഇതു് അവിടുന്നു് ജീവൻെറയും മരണത്തിൻെറയും ഉടയവനാകുന്നുവെന്നു് സൂചിപ്പിക്കുന്നതിനത്രെ. കർബാന എന്ന ദിവ്യബലി, സാരാംശത്തിൽ, ഗാഗുൽത്താമലയിലെ ക്രിസ്തുവിൻെറ നിത്യബലിയുടെ ആവത്തനമാണു്. ആകയാൽ ബലിവസ്തുവും ബലി അപ്പിക്കുന്ന ആളും പ്രഥമമായി ക്രിസ്തുതന്നെ. വൈദികൻ ക്രിസ്തുവിൻെറ നാമത്തിലും, പ്രതിനിധി എന്ന നിലയിലും ബലി അപ്പിക്കുന്നു. ദിവ്യബലിയിൽ സംബന്ധിക്കുന്ന വിശ്വാസികൾ വെറും കാണികളല്ല. പുരോഹിതനോടുകൂടി അവരും ബലി അപ്പിക്കുകയാണു്. തിരുപ്പട്ടം എന്ന കൂദാശവഴിയായി ക്രിസ്തുവിൻെറ നിത്യപൗരോഹിത്യത്തിൽ പൂണ്ണമായ ഭാഗഭാഗിത്വം പുരോഹിതനു മാത്രമേയുള്ളുവെങ്കിലും, മാമ്മോദീസാ എന്ന കൂദാശവഴിയായി എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിൻെറ നിത്യപൗരോഹിത്യത്തിൽ ഭാഗഭാക്കുകളാണു്. "നിങ്ങൾ തിരിഞ്ഞെടുക്കപ്പെട്ട ജനമാണു്. ഒരു രാജകീയ പൗരോഹിത്യമാണു്" എന്നു വി. പത്രോസു് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ ഒരു ക്രിസ്ത്യാനി കർബാന "കാണുക"യല്ല കർബാന അപ്പിക്കുകയാണു്. അതിനാണു് ദൈവാലയത്തിൽ വരുന്നതു്.

ഇപ്രകാരം ദിവ്യബലിയിൽ സംബന്ധിക്കുവാൻ ഒരു ക്രിസ്ത്യാനിക്കു വേണ്ട യോഗ്യതയെന്താണു്? ഒററവാക്കിൽ, അയാൾ സ്വയം ദൈവത്തിനു് അപ്പിക്കപ്പെടുവാൻ യോഗ്യനായിരിക്കണം. ക്രിസ്തു സ്വയം ദൈവത്തിനു അപ്പിക്കുന്ന സുഗന്ധപരിമളമുള്ള ബലിവസ്തുവും, അപ്പകനുമായിരിക്കുന്നതുപോലെ അയാളും, ക്രിസ്തുവിനോടുകൂടിയും പുരോഹിതനോടുകൂടിയും സ്വയം അപ്പിക്കപ്പെടുന്ന ബലിവസ്തുവും, അർപ്പകനുമായിരിക്കണം. മററുവാക്കിൽ, വിശുദ്ധിയുടെ പരിമളവുമായി വേണം ഇതിൽ സംബന്ധിക്കുവാൻ. ദിവ്യബലി അപ്പിക്കപ്പെടുന്ന ദൈവാലയം അഭിഷിക്തമോ പ്രത്യേകവിധത്തിൽ ആശീവ്വദിക്കപ്പെട്ടതോ ആയിരിക്കണം. ബലിക്കുപയോഗിക്കുന്ന തിരുപ്പാത്രങ്ങൾ, തിരുവസ്ത്രങ്ങൾ, ഇവയെല്ലാം ദൈവത്തിനു പ്രത്യേകവിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അനേകകൊല്ലങ്ങളിലെ പുണ്യാഭ്യസനക്കളരിയിലെ പരിശീലനത്തിനുശേഷമാണു് ഒരാൾ പുരോഹിതനായി അഭിഷേകം ചെയ്യപ്പെടുന്നതു്. ഇവയെല്ലാം വിശുദ്ധബലി അപ്പണത്തിനുവേണ്ട വിശുദ്ധിയെയല്ലയോ സുതരാം പ്രഖ്യാപനം ചെയ്യുന്നതു്.

കർബാനയിലുള്ള പ്രാത്ഥനകൾ, ആദ്യന്തം നാമെത്ര വിശുദ്ധിയോടും, ഭയഭക്തിയോടുംകൂടി, ഈ ബലിയിൽ സഹകരിക്കണമെന്നു നമ്മേ ഓമ്മിപ്പിക്കുന്നു. കർബാനയുടെ ആദ്യം ചൊല്ലുന്ന സങ്കീത്തനം കാണുക "കർത്താവേ, അങ്ങേ കൂടാരത്തിൽ, ആരു വസിക്കും? അങ്ങേ പരിശുദ്ധമലയിൽ ആരു ജീവിക്കും? വിചാരത്തിൽ വെടിപ്പുള്ളവനും കളങ്കരഹിതനായി വ്യാപരിക്കുന്നവനും, നീതി പ്രവത്തിക്കുന്നവനും, ഹൃദയത്തിൽ സത്യം പറയുന്നവനും." "ഞാൻ പിഴയാളി" എന്ന മനസ്താപപ്രകരണത്തോടുകൂടി നെഞ്ചത്തടിച്ചു് പാപത്തെക്കുറിച്ചു വിലപിച്ചുകൊണ്ടാണു് ലത്തീൻ കർബാന ആരംഭിക്കുന്നതു്. സുറിയാനി കർബാനയിൽ പാതിക്കാലത്തിനു മുൻപു്, വൈദികൻ കൈ നെഞ്ചത്തു ചേത്തുപിടിച്ചു്, തല ചായിച്ചുനിന്നുകൊണ്ടു് ദാവീദിൻെറ അനുതാപസങ്കീത്തനമാണു ചൊല്ലുന്നതു്. "കർത്താവേ, അങ്ങേ കരുണയുടെ ആധിക്യത്തിനു തക്കതുപോലെ എന്നോടു കരുണ ചെയ്യേണമേ, എൻെറ പാപങ്ങളിൽനിന്നു് വീണ്ടും വീണ്ടും എന്നെ കഴുകേണമേ..." ഇങ്ങനെ കർബാനയുടെ ഏതുഭാഗത്തും അനുതാപത്തിനും പരിപൂർണ്ണമായ ആത്മവിശുദ്ധിക്കുമാണു് നാം ക്ഷണിക്കപ്പെടുന്നതു്.

കർബാന നാം അപ്പിക്കുമ്പോൾ, ആരാദ്ധ്യബലിവസ്തുവായ ക്രിസ്തുവിനോടുകൂടി നമ്മുടെ ആത്മശരീരങ്ങളും സഹനങ്ങളും, പരിത്യാഗങ്ങളും ദൈവത്തിനു കാഴ്ചവയ്ക്കുകയാണു്. ചാവുദോഷത്താൽ ചീഞ്ഞഴുകി ദൈവത്തിനു അരോചകമായ ഒരാത്മാവാണു നമുക്കുള്ളതെങ്കിൽ ഇതെങ്ങനെ സാധിക്കും? കർബാനയിൽ സംബന്ധിച്ചു് ദൈവത്തെ നാം ബഹുമാനിക്കുകയായിരിക്കുമോ എന്നു ചിന്തിക്കേണ്ടതല്ലേ?

കർബാന എന്ന ദിവ്യബലി ഗാഗുൽത്താമലയിലെ ബലിയുടെ ആവത്തനമെന്നു മുൻപുപറഞ്ഞിട്ടുണ്ടല്ലോ. നാം ആ ബലിയിൽ സംബന്ധിക്കുമ്പോൾ പരിശുദ്ധ അമ്മയോടും, യോഹന്നാനോടുംകൂടി ഗാഗുൽത്തായിലാണു്. എന്നാൽ അവിടെ മററു ചിലരേയും കാണുന്നുണ്ടു്. അതായതു്, ക്രിസ്തുവിനെ കുരിശിൽതറച്ചതിനുശേഷം കുരിശിൻചുവട്ടിൽനിന്നു് അവിടുത്തെ അപഹസിച്ചുകൊണ്ടു്, അവിടുത്തെ അവണ്ണനീയമായ വേദന വർദ്ധിപ്പിച്ചുകൊണ്ടുനിന്നിരുന്ന യഹൂദപ്പുരോഹിഷകളേയും, റോമൻപടയാളികളേയും. ഇതിൽ ആരുടെ പക്ഷത്താണു് കർബാനയിൽ സംബന്ധിക്കുന്ന നാം നിലകൊള്ളുന്നതു്? ചാവുദോഷത്തിൽ, അതും തഴക്കദോഷത്തിൽ ആഴ്ചകളല്ല, മാസങ്ങളല്ല, വർഷങ്ങൾപോലും കഴിച്ചുകൂട്ടിക്കൊണ്ടു് കർബാനയിൽ സംബന്ധിക്കുന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിനെ ക്രൂശിച്ചിട്ടു് കുരിശിൻ ചുവട്ടിൽനിന്നു് അവിടുത്തെ പരിഹസിച്ചിരുന്ന മനുഷ്യാധമന്മാരുടെ കൂട്ടത്തിലല്ലയോ?

ദിവ്യബലി അഥവാ കർബാന ക്രിസ്തുസഭയുടെ മമ്മസ്ഥാനമാണു്. അതിൽ ഒരു ക്രിസ്ത്യാനി സംബന്ധിക്കുന്ന വിധമനുസരിച്ചു് അയാൾ യഥാത്ഥ ക്രിസ്ത്യാനിയായിരിക്കുകയോ, നാമമാത്രക്രിസ്ത്യാനിയായിരിക്കുകയോ ചെയ്യും. ക്രിസ്തീയസമുദായം ഉയരണമെങ്കിൽ, ആദ്ധ്യാത്മികപ്രകർഷത്തിൽ അചലരാകണമെങ്കിൽ, ഓരോ ക്രിസ്ത്യാനിയിലും ക്രിസ്തുവിൻെറ വിചാരങ്ങളും, വചനങ്ങളും, പ്രവൃത്തികളും ദൃശ്യമാകണമെങ്കിൽ, കർബാനയിൽ വേണ്ടവിധം നാം സംബന്ധിക്കണം. "കർത്താവിൻെറ ദിവസത്തെ വിശുദ്ധമായി ആചരിക്കുക" എന്ന പ്രമാണത്തിൻെറ പ്രഥമചുമതലയായ ദിവ്യബലിയിലുള്ള ഭാഗഭാഗിത്വം, ആഭ്യന്തരമായുള്ളതായിരിക്കണം. ഇക്കാലത്തു് കർബാനയുടെ പ്രാത്ഥനകളിൽ അൽമായക്കു കൂടുതൽ ഭാഗഭാഗിത്വം വേണമെന്നുള്ള മുറവിളി ധാരാളമുണ്ടു്. വേണം, നല്ലതുതന്നെ. പക്ഷെ, കർബാനയുടെ കാതലായ ഭാഗം നാം വിസ്മരിക്കരുതു്. എങ്ങിനെയുള്ള മനസ്സാക്ഷിയോടുകൂടിയാണു് ഒരാൾ കർബാനയിൽ സംബന്ധിക്കുന്നതു്? ഇതു ശരിയായി നിവ്വഹിക്കുന്നതിനുള്ള സുഗമമായ മാർഗ്ഗം, ഞായറാഴ്ച കടമ നിർവ്വഹിക്കുന്നതിനു വരുമ്പോൾ കർബാനയിൽ മുഴുവനായി സംബന്ധിക്കുകയാണു്. കർബാന സ്വീകരണത്തോടുകൂടിയാണല്ലോ ബലി പൂത്തികരിക്കപ്പെടുന്നതു്. അങ്ങിനെ പൂണ്ണമായി സംബന്ധിക്കുവാൻ കർബാന കൈക്കൊള്ളുക. അതിനു നല്ല കുമ്പസാരം ചെയ്തു ഒരുങ്ങിവരണം. ഇങ്ങിനെ ഒരു പതിവു് തുടങ്ങുന്നതു് നമ്മുടെ മഹത്വത്തിൻെറ ആരംഭമായിരിക്കും.

# ചോദിച്ചാൽ പറയാം

162 ചോ: ഈശോ ഉയിത്തശേഷം ഇപ്പോൾ സശരീരനായിട്ടാണല്ലോ സ്ഥിതിചെയ്യുന്നതു്. അതിനാൽ ദൈവം സവ്വവ്യാപിയാണെന്നും അല്ലെന്നും പറഞ്ഞുകൂടെ? (പി പി അന്തിക്കാടു്)

ഉ: വിശ്വാസപ്രമാണത്തിൻെറ ആറാം വകുപ്പിൽ നാം ഏററുപറയുന്നതു് ഈശോ ഉയിത്തശേഷം "ആകാശങ്ങളിൽ കരേറി സവ്വത്തും വശമാകുന്ന ബാവാതമ്പുരാൻെറ വലത്തുഭാഗത്തിരിക്കുന്നു"വെന്നാണു്. "നമ്മുടെ കത്താവായ ഈശോയാകട്ടെ...സ്വർഗ്ഗത്തിലേക്കു കയറി ദൈവത്തിൻെറ വലത്തുഭാഗത്തു് ഇരുന്നു." (മക്കോ XVI. 19) എന്നാണു വിശുദ്ധ മക്കോസു സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നതു്. വിശുദ്ധ എസ്തപ്പാനോസ് "വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു ഉററു നോക്കി, ദൈവത്തിൻെറ മഹത്വവും ദൈവത്തിൻെറ വലത്തുവശത്തു ഈശോ നിൽക്കുന്നതും കണ്ടിട്ടു്, ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവത്തിൻെറ വലത്തുവശത്തു മനുഷ്യപുത്രൻ നിൽക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു" (നടപടി (VII 55-56)

അങ്ങനെ ഈശോ സശരീരനായി സ്വർഗ്ഗത്തിലേക്കു എഴുന്നള്ളിയെന്നതു് ഒരു വിശ്വാസസത്യമാണു്. അവിടുന്നു ദൈവമായിരിക്കുകകൊണ്ടു മഹിമയിൽ അവിടുന്നു പിതാവിനു സമനും, പിതാവിനെപ്പോലെ സവ്വവ്യാപിയുമായിരിക്കുന്നു. പിന്നെ സശരീരനായി അവിടുന്നു പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നുവെന്നു പറയുന്നതെന്താണു്? അരൂപിയായ ദൈവത്തിനു വലത്തു ഭാഗമോ ഇടത്തുഭാഗമോ ഇല്ല. മിശിഹാ മനുഷ്യൻ എന്ന നിലയിൽ സ്വർഗ്ഗത്തിൽ സിദ്ധിച്ചിരിക്കുന്ന സമുന്നതമായ മഹിമ, അധികാരം മുതലായവയെ മനുഷ്യർക്കു ഗ്രഹിക്കാവുന്ന രീതിയിൽ പ്രസ്താവിച്ചിരിക്കുന്നുവെന്നേയുള്ളു. മനുഷ്യനെന്നനിലയിൽ സകല ദൈവദൂതന്മാരെയും പുണ്യവാന്മാരെയുംകാൾ, സമുന്നതമായ സ്ഥാനം അദ്ദേഹത്തിനു സിദ്ധിച്ചിരിക്കുന്നുവെന്നു മാത്രമേ ഈ പ്രയോഗത്തിനു് അത്ഥമുള്ളു.

അങ്ങനെ സവ്വശക്തനായ ദൈവം, പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെയാൾ എന്ന നിലയിൽ ഈശോ എങ്ങും വ്യാപിച്ചിരിക്കുന്നു. പുനരുത്ഥിതമായ ശരീരത്തോടുകൂടി അവിടുന്നു സ്വർഗ്ഗത്തിലും വസിക്കുന്നു. ഈശോയ്ക്കു ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നു രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും, അവിടുന്നു ഏക ആൾ ആണല്ലോ. ദൈവവും മനുഷ്യനുമായ ഈശോയിൽ ദൈവികവും മാനുഷികവുമായ രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും അവിടുന്നു ആളിന്നടുത്ത വിധത്തിൽ ഏകനാകുന്നുവെന്നതു ഒരു വിശ്വാസസത്യമാണു്. ആ ആൾ ദൈവികആൾ ആണു്. ദൈവമെന്ന നിലയിൽ അവിടുന്നു എങ്ങും വ്യാപിച്ചിരിക്കുന്നു. ആകയാൽ ദൈവം സവ്വവ്യാപിയാണെന്നും അല്ലെന്നും പറയുന്നതു നിരത്ഥപ്രലപനമാണു്. അതൊരു ദൈവദൂഷണമായിരിക്കുകയും ചെയ്യും.

SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.
EP

163 ചോ: ക്രിസ്തുവിൻെറ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ യൂദാസു് ഒരു ദ്രവ്യാഗ്രഹിയും ദുമ്മോഹിയുമാണെന്നുള്ള പരമവസ്തുത ദൈവമായ കത്താവു അറിഞ്ഞിരുന്നിട്ടും എന്തുകൊണ്ടു് അയാളെ തൻെറ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തി?

(എൽ വി പി കോട്ടപ്പടി)

ഉ: നമ്മുടെ കത്താവു സവ്വശക്തനും ത്രികാലജ്ഞനുമായ ദൈവമായിരിക്കുന്നതിനാൽ, യൂദാസ്കറിയോത്താ ഒരു ദ്രവ്യാഗ്രഹിയും ദുമ്മോഹിയുമാണെന്നുള്ള വസ്തുത നേരത്തെ അറിഞ്ഞിരുന്നുവെന്നതു വ്യക്തമാണു്. സുവിശേഷകന്മാർ തന്നെ ഈ വസ്തുത ഏററുപറയുന്നുണ്ടു്. "എന്നിൽ വിശ്വസിക്കാതിരിക്കുന്ന ചിലർ നിങ്ങളുടെ ഇടയിൽ ഉണ്ടു്. എന്തുകൊണ്ടെന്നാൽ വിശ്വസിക്കാതിരിക്കുന്നവർ ആരെല്ലാമാകുന്നുവെന്നും തന്നെ ഒററിക്കൊടുക്കുന്നവൻ ആരാകുന്നുവെന്നും ഈശോ ആദിമുതൽതന്നെ അറിഞ്ഞിരുന്നു" (യോഹ: VI. 65). അതുപോലെതന്നെ യൂദായുടെ വഞ്ചന വളരെ നേരത്തെതന്നെ അവിടുന്നു് വെളിപ്പെടുത്തുന്നുണ്ടു്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കും എന്നു സാക്ഷിപ്പെടുത്തി അരുളിച്ചെയ്തു" (യോഹ: XIII. 21)

ഇങ്ങനെ യൂദാസ് ദ്രവ്യാഗ്രഹിയും ദുമ്മോഹിയുമാണെന്നു് "ആദിമുതൽ തന്നെ അറിഞ്ഞിരുന്ന" ദൈവമായ കത്താവു് ആയാളെ തൻെറ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തിയെങ്കിൽ, അതിനു് അവിടുത്തേക്കു മതിയായ കാരണങ്ങളുണ്ടായിരുന്നിരിക്കണമെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ. ആ കാരണങ്ങളെന്തൊക്കെയാണെന്നു് അവിടുന്നാകട്ടെ ശിഷ്യന്മാരാകട്ടെ വ്യക്തമാക്കിയിട്ടില്ല. പരിതസ്ഥിതികളിൽ നിന്നു് നാം അവയെ അനുമിച്ചെടുക്കുകയേ നിവൃത്തിയുള്ളു.

ഈശോ യൂദാസിനെ തൻെറ ശിഷ്യനാക്കിയതു നമുക്കൊരു സാധനപാഠമായിരിക്കുന്നതിനു വേണ്ടിയാണു്. "ശത്രുവിനെ സ്നേഹിക്കുക" എന്നു പഠിപ്പിച്ച അവിടുന്നു അതു പ്രവൃത്തിയിൽ കാണിച്ചുതരുന്നതു നോക്കുക. തന്നെ ഒററിക്കൊടുക്കുന്നതിനായി വന്ന യൂദാസ് "ഗുരോ സ്വസ്തി" എന്നു പറഞ്ഞു തന്നെ ചുംബിച്ചു ഒററിക്കൊടുക്കുമ്പോൾ "എൻെറ സ്നേഹിതാ ഇതിനായിട്ടോ നീ വന്നതു്" എന്നു മാത്രമാണു് (മത്താ: XXVI-50) അവിടുന്നു അരുളിച്ചെയ്യുന്നതു്. ശത്രുക്കൾക്കു ഒററിക്കൊടുക്കുന്നതിനോളം വലിയ ദ്രോഹമില്ലല്ലോ. എന്നിട്ടും അവനെ സ്നേഹിതാ എന്നു സംബോധനചെയ്തു ഒരു മാതൃകയാണു അവിടുന്നു കാണിച്ചു തന്നിരിക്കുന്നതു്.

യൂദാസിനു മററു ശ്ലീഹന്മാർക്കു തുല്യമായ സ്ഥാനമുണ്ടായിരുന്നു. മററു ശ്ലീഹന്മാക്കു ലഭിച്ച വരപ്രസാദങ്ങളെല്ലാം യൂദാസിനും ലഭിക്കുവാൻ അവസരമുണ്ടായിരുന്നു. പക്ഷെ അപ്പസ്തോലസംഘത്തിലെ പണം സൂക്ഷിപ്പുകാരനായ യൂദാസിനുദൈവത്തിൻെറഅനുഗ്രഹങ്ങളെക്കാൾ ദൈവത്തെ വിററു കിട്ടുന്ന 30 വെള്ളിക്കാശാണ കൂടുതൽ കാമ്യമായിത്തോന്നിയതു്. ധനത്തിൽ അമിതമായ ആസക്തി ചെലുത്തുന്നവർ എങ്ങനെ ദൈവത്തിൽനിന്നകന്നുപോകുന്നുവെന്നു യൂദാസിൻെറ അനുഭവം നമുക്കു കാണിച്ചുതരുന്നു. ദൈവത്തിൻെറ സ്ഥാനത്തു സ്വാർത്ഥത്തെ പ്രതിഷ്ഠിക്കുന്നവരും ദൈവത്തിൻെറ പക്കൽനിന്നു അവിടുത്തെ ശത്രുക്കളുടെ പക്കലേക്കു ഓടിപ്പോകുന്നവരും ഇന്നുമുണ്ടല്ലോ.

ദരിദ്രന്മാരോടു അനുകമ്പയുള്ള ഒരാളായിട്ടാണു യൂദാസ് സ്വയം ഭാവിക്കുന്നതു്. മഗ്ദലനമറിയം സുഗന്ധതൈലംകൊണ്ടു ഈശോയുടെ ശിരസ്സിനെ അഭിഷേകം ചെയ്തപ്പോൾ യൂദാസ് ചോദിക്കുകയാണു്: "ഈ സുഗന്ധദ്രവ്യം മുന്നൂറു ദെനാറകൾക്കു വിററു് ദരിദ്രക്കു കൊടുക്കപ്പെടാത്തതെന്തുകൊണ്ടു്?" (യോഹ: XII 5) ഇങ്ങനെ ദരിദ്രലക്ഷങ്ങളുടെ അനിഷേദ്ധ്യനേതാവും പ്രതിനിധിയു

(ശേഷം 4-ാംപേജിൽ)

Wednesday
October 23
1957

# THE SATHYADEEPAM

Reg. No. M. 2293
Vol. 31
No. 11

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)






### 136-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—സൂര്യൻ

### പ്രശ്നം നമ്പർ 137

(പി. എ. ആൻറണി, മാടപ്പിള്ളി Reg. No. 174)

ലോകത്തിൽ ഏററവും വേഗത്തിൽ വലിയ പ്രചാരം ലഭിച്ച ഒരു വിശുദ്ധനാമമാണു് എൻേറതു്. പല ബാലസംഘടനകൾ എൻെറ പേരിൽ സ്ഥാപിതമായിട്ടുണ്ടു്. അതുപോലെ ഇതരസ്ഥാപനങ്ങളും. എൻെറ പേർ മനോഹരവും ഹൃദയാകർഷകവുമാണു്. എൻെറ പേരിനു നാലക്ഷരം. ഒന്നാമത്തെ അക്ഷരം ചെടിയിലുണ്ടു്, വൃക്ഷത്തിലില്ല. രണ്ടാമത്തെ അക്ഷരം പറുദീസായിലുണ്ടു്, ഗത്തസേമിനിയിലില്ല. മൂന്നാമത്തെ അക്ഷരം പുഴയിലുണ്ടു്, കരയിലില്ല. നാലാമത്തെ അക്ഷരം ബാഷ്പത്തിലുണ്ടു്, പുഞ്ചിരിയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കാവൽമാലാഖായുടെ ദുഃഖകാരണം പീററിനു ബോദ്ധ്യമായി. അവൻ ചെയ്ത തെററിൻെറ ഗൗരവവും അവനു കാണാൻ സാധിച്ചു പക്ഷെ ബാലിശമായ മറെറാരു വികാരം അവനെ പിടികൂടി. എന്തെങ്കിലും ഒരു കുററം നമ്മുടെ മേൽ ആരോപിക്കപ്പെടുമ്പോൾ നമ്മിൽ സാധാരണയായി നാമ്പെടുക്കുന്ന ഒരു വികാരമാണതു്. ഒഴികഴിവുകൾ കണ്ടുപിടിക്കുന്നതിനുള്ള വ്യഗ്രത. "നീ എന്തിനാണു് ആ കുററം ചെയ്തതു്?" ഈ ചോദ്യം മാതാപിതാക്കന്മാരിൽനിന്നോ, ഗുരുഭൂതന്മാരിൽനിന്നോ, മേലധികാരികളിൽനിന്നോ ഉണ്ടായിക്കഴിഞ്ഞാൽ ഉത്തരക്ഷണത്തിൽ ഒരൊഴികഴിവു എങ്ങനെയെങ്കിലും നാം തേടിപ്പിടിക്കാറില്ലേ? എനിക്കു സുഖമുണ്ടായിരുന്നില്ല, എനിക്കു ക്ഷീണമായിരുന്നു, അവൻ കാരണമാണു്, ഇവൻ പ്രേരിപ്പിച്ചതുകൊണ്ടാണു് എന്നെല്ലാമായിരിക്കും നമ്മുടെ സമാധാനം. പീററും ഈ മാർഗ്ഗംതന്നെ അവലംബിച്ചു "എൻെറ പ്രിയപ്പെട്ട മാലാഖാ, എനിക്കു വലിയ ക്ഷീണമായിരുന്നു; ഞാനുറങ്ങിപ്പോയി" പീററർ പറഞ്ഞു "ശരി, നിനക്കു ക്ഷീണമുണ്ടായിരുന്നിരിക്കാം. ഉറക്കം നിന്നെ പിടികൂടിയിരിക്കാം എന്നാൽ നിൻെറ അമ്മ നിന്നെ ഉണർത്തിയില്ലേ? എന്തുകൊണ്ടു നീ തൽക്ഷണം മടിവിട്ടു എഴുന്നേററില്ല? എൻെറ കുഞ്ഞേ. നിൻെറ ക്ഷീണമോ ഉറക്കമോ അല്ല ഈ തെററിനു കാരണം; നിൻെറ മടിയായിരുന്നു നീ ആത്മാർത്ഥമായി ഒന്നു ചിന്തിച്ചുനോക്കൂ" മാലാഖായുടെ മറുപടി. അതായിരുന്നു യാഥാർത്ഥ്യം. പീററർ ഒരു നല്ല കുഞ്ഞായിരുന്നതുകൊണ്ടു് ബാലിശമായ ഈ ഒഴികഴിവുകൾ വിലപ്പോകുന്നില്ല എന്നു കണ്ടപ്പോൾ അവനു ആത്മാർത്ഥമായ ദുഃഖമുണ്ടായി. അവൻ കുററം ഏററുപറഞ്ഞു.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും ഈ സംഭവത്തിൽ വലിയൊരു ഗുണപാഠം കാണുന്നുണ്ടാകണം. നിങ്ങളുടെ ബാലിശമായ പ്രവൃത്തനങ്ങളുടെ ഒരു നീണ്ട പട്ടിക ഇതിനോടു സാമ്യംവഹിക്കുന്ന സംഭവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് നിങ്ങളുടെ മുമ്പിൽ തെളിഞ്ഞുനില്ക്കുന്നുണ്ടാകും. അതിൽ അത്ഭുതപ്പെടാനില്ല. അധഃപ്പതിച്ച മനുഷ്യപ്രകൃതിയുടെ ചില അനിഷ്ടകരമായ പ്രേരണകളുടെ ഫലമാണിതു്. ബോധപൂർവ്വം നാം അതിനോടു പടപൊരുതണം. ആ പ്രേരണകളെ നാം ജയിക്കണം. അതിലാണു് നമ്മുടെ സ്വഭാവസംസ്കരണം അടങ്ങിയിരിക്കുന്നതു്. ഏതൊരു കാര്യത്തിലും വിവേചനാപൂർവ്വം തിന്മയെ തള്ളി നന്മയെ അനുഗമിക്കുന്നതിനുള്ള പരിശീലനമാണു് സാക്ഷാത്തായ സ്വഭാവസംസ്കരണം. ഇതൊരു വലിയ സമരമാണു്. എതിർശക്തികൾ നമ്മെ തോല്പിക്കുന്നതിനായി വട്ടമിട്ടുകൂടും. പക്ഷെ നാം ഭയപ്പെടാനില്ല. നമ്മുടെ മനസ്സിൻെറ ദൃഢമായ പ്രതിജ്ഞ നമ്മെ ഉറപ്പായി നിർത്തും. നമ്മുടെ കാവൽമാലാഖാ നമ്മെ സഹായിക്കുന്നതിനു അരികത്തുണ്ടാകും. അജയ്യമായ ദൈവാനുഗ്രഹം നമുക്കു താങ്ങും തണലുമായിരിക്കും. വീരസേനാനികളെപ്പോലെ വിജയത്തെത്തുടർന്നു വിജയങ്ങൾ നാം പിന്നിട്ടുകൊണ്ടു് ജീവിതത്തിൽ മുന്നേറുകതന്നെ ചെയ്യും. എത്ര വീരോചിതമായ ഒരു ജീവിതമായിരിക്കും അപ്രകാരം നാം നയിക്കുക!

വല്യേട്ടൻ

ചെറുകഥ

## മുന്തിരിത്തോപ്പിലേക്കു്

(പൗലോസ് ദേവസ്യാ മടത്തിപ്പറമ്പിൽ Reg. No. 186)

പട്ടണത്തിലെ ബഹളങ്ങളിൽ നിന്നകന്നു് പ്രശാന്തരമണീയമായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ഗ്രാമം. കളകളഗാനം പൊഴിച്ചുകൊണ്ടു് കുതിച്ചുപായുന്ന കൊച്ചരുവികളും, പച്ചിലകളാൽ നിബിഡമായ വന്മരങ്ങളും ആ ഗ്രാമപ്രദേശത്തിൻെറ മാഹാത്മ്യത്തിനു മാററുകൂട്ടി. മരതകപ്പച്ച വിരിച്ച നെല്പാടങ്ങളും, മധുരഗാനമാലപിച്ചുകൊണ്ടു് പാറന്നുയരുന്ന പക്ഷിവൃന്ദങ്ങളും ആ പ്രദേശത്തിൻെറ അഭിമാനവാഹികളാണു്.

ആ ഗ്രാമത്തിൻെറ ഏകദേശം മദ്ധ്യഭാഗത്തായി ഒരു രണ്ടുനില കെട്ടിടം കാണാം. അതാണു് വക്കച്ചൻ മുതലാളിയുടെ മനോഹരമായ മന്ദിരം. ആ ഗ്രാമത്തിലെ സ്വത്തുക്കളിൽ നല്ലൊരുഭാഗം കൈയടക്കി വച്ചിരിക്കുന്ന ഒരു കുബേരനാണയാൾ. വക്കച്ചൻെറ ഭാര്യ അന്നമ്മ. അവർ ആ കുടുംബത്തിൻെറ ദീപമാണു്. സാധുക്കളുടേയും നിരാശ്രയരുടേയും ആശ്രയമാണു് ആ സ്ത്രീ.

വക്കച്ചൻേറയും അന്നമ്മയുടേയും ദാമ്പത്യവല്ലരിയിൽ വികസിച്ച മൂന്നു കുസുമങ്ങളാണു് ടോമിയും ജോണിയും മോളിയും. അവരിലാണു് ആ മാതാപിതാക്കളുടെ സകല ആശകളും സ്ഥിതിചെയ്യുന്നതു്. അവർ വേണം ഭാവിയിൽ ആ കുടുംബത്തിൻെറ അഭിമാനസ്തംഭങ്ങളായി പരിലസിക്കുവാൻ. മക്കളുടെ ഭാവി ശോഭനമാകുവാൻ വേണ്ടി ആ മാതാപിതാക്കൾ അവരെ വിദ്യാലയത്തിൽ അയച്ചു. നല്ലൊരു നാളെക്കുവേണ്ടി ആ മാതാപിതാക്കൾ ആകാംക്ഷയോടുകൂടി കാത്തിരിക്കുകയാണു്.

കാലമാകുന്ന പക്ഷി അതിൻെറ മനോഹരമായ പൂഞ്ചിറകുകൾ വിരിച്ചു് പാറന്നുകൊണ്ടിരുന്നു. മാർച്ചു മാസവും ജൂൺ മാസവും വരികയും പോകയും ചെയ്തുകൊണ്ടിരുന്നു. ടോമിയുടെ മുല്ലയിൽ പുതിയ പുതിയ പുഷ്പങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അതോടൊപ്പം ആ കുടുംബത്തിലും പല സംഭവവികാസങ്ങളും ഉണ്ടായി.

ടോമി ഇന്നൊരു ഫിഫ്ത്തുഫോം വിദ്യാർത്ഥിയാണു്. അവൻെറ ഇഷ്ടാനുസരണം വീട്ടിൽ നിന്നു ധാരാളം പണം അവനു ലഭിച്ചുകൊണ്ടിരുന്നു. ആ പണം മുഴുവൻ അവൻ ധൂർത്തടിച്ചു. പിതാവു് അവൻെറ ഇഷ്ടത്തിനു വിപരീതമായി വല്ലതും പറഞ്ഞാൽ അപ്പോഴെല്ലാം ആ മാതാവു് ഇടപ്പെട്ടുകയറി തടഞ്ഞിരുന്നു. അവൻെറ മുഖത്തു് ശോകഛായ കാണുവാൻ പുത്രവത്സലയായ ആ മാതാവിനു് കഴിഞ്ഞിരുന്നില്ല. അങ്ങനെ അല്ലലറിയാതെ ഭൗതികസുഖങ്ങളുടെ ശ്രീകോവിലിൽ അവൻ വിലസുകയാണു്. അവൻെറ ശ്രദ്ധ പഠിത്തത്തിൽനിന്നു് പാർട്ടീക്കാര്യങ്ങളിലും അതുപോലുള്ള മററു സംഗതികളിലും തിരിച്ചുവിട്ടു അവൻ ക്ലാസിലെ കുട്ടികളുടെയെല്ലാം നേതാവായി പണം യഥേഷ്ടം ചിലവിടുവാൻ സന്നദ്ധനായിരുന്ന അവൻ കുട്ടികളുടെ നേതാവായതിൽ അത്ഭുതത്തിനവകാശമില്ലല്ലൊ.

ടോമിയുടെ സഹോദരൻ ജോണിയും സഹോദരി മോളിയും വളരെ വിഭിന്നമായ സ്വഭാവത്തോടുകൂടിയവരായിരുന്നു. സർവ്വശക്തനായ ദൈവത്തെ എല്ലാററിനും ഉപരിയായി അവർ സ്നേഹിച്ചിരുന്നു. മതാനുഷ്ഠാനങ്ങളെല്ലാം ഭംഗിയായും കൃത്യമായും അവർ നിർവ്വഹിച്ചിരുന്നു വഴക്കും കലാപവും നിറഞ്ഞ ഇന്നത്തെ ലോകത്തിൽ സമാധാനത്തിൻേറയും ശാന്തിയുടേയും ജീവിതം കാണിച്ചുകൊടുത്തു അങ്ങനെ ജോണിയും മോളിയും ആ കുടുംബത്തിൻെറ അഭിമാനവാഹികളായിത്തന്നെ വളരുകയാണു്. ജോണി ഇന്നൊരു തേഡ്ഫോം വിദ്യാർത്ഥിയും മോളി ഫസ്റ്റ്ഫോം വിദ്യാർത്ഥിനിയുമാണു്. അദ്ധ്യാപകന്മാർക്കും സഹപാഠികൾക്കും അവരോടു് വലിയ സ്നേഹമാണു്.

ടോമിയുടെ വിദ്യാഭ്യാസജീവിതം ഒന്നിനൊന്നു് വഷളായിക്കൊണ്ടിരുന്നു. വീട്ടിലെ ജീവിതരീതിയും പിതാവിൻെറ ശാസനകളും അവനു് അശേഷം ഇഷ്ടമില്ലാതായി. അവനു് ഒരു സ്വതന്ത്രമായ അന്തരീക്ഷത്തിൽ സ്വതന്ത്രനായി ജീവിക്കണം. അതിനു് ആ വീട്ടിൽ സാദ്ധ്യമല്ല. അതിനാൽ അവിടെനിന്നും പൊയ്ക്കളയുവാൻ തന്നെ അവൻ നിശ്ചയിച്ചു.

പടിഞ്ഞാറെ ചക്രവാളത്തിൽ പകലിൻെറ ശവദാഹം നടന്നുകഴിഞ്ഞിട്ടു് മണിക്കൂറുകൾ പലതു കഴിഞ്ഞു. നിശാദേവി ആ ഗ്രാമത്തിലെങ്ങും നൃത്തംചെയ്തു പ്രാർത്ഥനകളും രാത്രിഭക്ഷണവും കഴിഞ്ഞു് ആ വീട്ടിലുള്ള സകലരും സുഖസുഷുപ്തിയിൽ ലയിച്ചു. ടോമിയൊഴിച്ചു്. ടോമി എഴുന്നേററു് ജനാലയിൽക്കൂടി വെളിയിലേക്കു നോക്കി. എങ്ങും ശ്മശാനമൂകത അവൻ താക്കോലും എടുത്തുകൊണ്ടു് അടുത്ത മുറിയിലിരുന്ന അലമാരിയുടെ അടുത്തുചെന്നു. അടുത്ത നിമിഷത്തിൽ അലമാരി തുറന്നു കഴിഞ്ഞു. നൂറിൻേറയും പത്തിൻേറയും നോട്ടുകൾ ടോമിയുടെ പോക്കററിൽ സ്ഥലംപിടിച്ചു. അവൻ പുറത്തിറങ്ങി യാത്രതിരിച്ചു. അവസാനമായി ഒരിക്കൽക്കൂടി ആ ഭവനത്തിലേക്കു നോക്കിയിട്ടു് അവൻ വളഞ്ഞുപുളഞ്ഞു കിടക്കുന്ന ആ വഴിത്താരയിൽക്കൂടി നടന്നകന്നു.

ആകാശത്തിൽ താരകക്കുഞ്ഞുങ്ങൾ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. മിന്നാമിനുങ്ങുകൾ അവനു വഴികാണിച്ചുകൊടുത്തു. ചീവീടുകളുടെ ശബ്ദമൊഴിച്ചാൽ അന്തരീക്ഷം ശാന്തമാണു്. രാക്കുയിലുകൾ അവയുടെ ശോകകരമായ ഗാനത്തിലൂടെ അവൻ പിരിഞ്ഞുപോകുന്നതിലുള്ള വ്യസനം രേഖപ്പെടുത്തി.

അടുത്ത ദിവസം പുലരി പുഞ്ചിരിച്ചപ്പോൾ ആ മാതാപിതാക്കൾ കരയുകയാണുണ്ടായതു്. കാരണം അവരുടെ പൊന്നോമൽക്കുമാരൻ അവരിൽനിന്നു പിരിഞ്ഞുപോയി. ആ മാതാപിതാക്കൾ അങ്ങിങ്ങായി ഇരുന്നു് കേഴുകയാണു്. അവരുടെ കുടുംബമാകുന്ന പക്ഷിയുടെ ചിറകൊടിഞ്ഞതുപോലെയുള്ള അനുഭവമുണ്ടായി. അന്വേഷണങ്ങളെല്ലാം വിഫലമായതേയുള്ളു.

ആരുടേയും സന്താപസന്തോഷങ്ങളെ പരിഗണിക്കാതെ കാലചക്രം തിരിഞ്ഞുകൊണ്ടിരുന്നു. ജോണിയിലും മോളിയിലും ആണു് അവരുടെ പ്രതീക്ഷകൾ അവശേഷിച്ചിരിക്കുന്നതു്. അനുഭവത്തിൽനിന്നു പാഠം പഠിച്ചതുകൊണ്ടു് ആ വത്സലമാതാവു് അവരുടെ സ്വഭാവരൂപവല്ക്കരണത്തിൽ വളരെയധികം ശ്രദ്ധിച്ചു. അങ്ങനെ ജോണിയും മോളിയും ശാരീരികമായും മാനസികമായും വളർന്നുവരികയാണു്. ജോണി സിക്സ്ത്തു ഫോമിൽ പബ്ളിക്കു് പരീക്ഷയ്ക്കു് എഴുതിയിരിക്കുകയാണു്. രണ്ടാഴ്ചക്കൂടി കാത്തിരിക്കണം റിസൽട്ടു് അറിയുവാൻ. പക്ഷെ അവൻ കൃതാർത്ഥനാണു്. കാരണം അവൻെറ കഴിവിൻെറ പരമാവധി അവൻ പരിശ്രമിച്ചിട്ടുണ്ടു്.

ദിവസങ്ങൾ ഒന്നിനു പുറകെ ഒന്നായി ഓടിയകന്നുകൊണ്ടിരുന്നു. ജോണിയുടെ റിസൽട്ടു് അറിഞ്ഞു അവൻ ഫസ്റ്റു് ക്ലാസ്സിൽ പാസ്സായി അവൻെറ മനസ്സിൽ സന്തോഷത്തിൻെറ തിരമാലകൾ ഓളം തല്ലി.

അന്നൊരു ഞായറാഴ്ചയായിരുന്നു. നാലുമണിക്കുള്ള കാപ്പികുടിക്കു് എല്ലാവരും മേശയ്ക്കു ചുററും സമ്മേളിച്ചു. എന്നാൽ ആ കൂട്ടത്തിൽ ഒരാളെമാത്രം കാണുവാനില്ല! ജോണി. അവൻ അവൻെറ സ്വന്തം മുറിയിൽ ഒഴിഞ്ഞ ഒരു മൂലയിൽ നിശ്ചലനായി ഇരുന്നുകൊണ്ടു് എന്തൊക്കെയോ ചിന്തിക്കുകയാണു്. ആ മാതാപിതാക്കൾ പരിഭ്രമിച്ചുപോയി കാരണം അറിയാതെ പിതാവു് അവനോടു് സ്നേഹരൂപത്തിൽ ചോദിച്ചു "മകനേ, നീ എന്താണു് ഇത്ര ആകുലചിത്തനായിരിക്കുന്നതു്. എന്തു കാര്യമുണ്ടെങ്കിലും എന്നോടു പറയുക" അവൻ മൃദുസ്വരത്തിൽ പ്രത്യുത്തരിച്ചു: "എനിക്കു് മിഷനു പോകണം. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ തേടുവാൻ ഇറങ്ങിപ്പുറപ്പെടണം ഇതാണു് എൻെറ അടങ്ങാത്ത ആശ, ഒടുങ്ങാത്ത ആഗ്രഹം."

ആ മാതാപിതാക്കളുടെ ഹൃദയത്തിൽ ഇടിത്തീ വീണതുപോലുള്ള ഒരു അനുഭവം ഉണ്ടായി. ഇപ്രകാരം ഒരു ആഗ്രഹം അവനിൽനിന്നു് പുറപ്പെടുമെന്നു് ഒരിക്കലും അവർ പ്രതീക്ഷിച്ചില്ല.

എങ്കിലും അവർക്കറിയാം ദൈവവിളിയെ നിരുത്സാഹപ്പെടുത്തുമ്പോൾ, തടസ്സപ്പെടുത്തുമ്പോൾ, നാശഗർത്തത്തിലേക്കുള്ള മാർഗ്ഗം വെട്ടിത്തുറക്കുകയാണു് ചെയ്യുന്നതെന്നു്. അതിനാൽ അവർ ആ സാഹസത്തിനു് മുതിർന്നില്ല. പുത്രവാത്സല്യം നിറഞ്ഞുതുളുമ്പുന്ന ആ മാതാവു് പറയുകയാണു്: "മകനെ നിൻെറ ആഗ്രഹം വളരെ നല്ലതുതന്നെ. പക്ഷെ വൈദിക

(ശേഷം 7-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I